PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

Second Session 1954

Wednesday, the 4th August 1954.

Vol. XI] **OFFICIAL REPORT** **[No. 19.**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Wednesday, the 4th August 1954, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

പഞ്ചായത്തു മിഡ്‌വൈഫ്.

*628. [1] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ഓരോ മിഡ്‌വൈഫിനെ നിയമിക്കുമോ;

(ബി) ഗ്രാമപ്രദേശങ്ങളിൽ മിഡ്‌വൈഫറി കേസുകളുടെ ആവശ്യം വളരെ ഉണ്ടെന്ന് ഗവൺമെന്റിന് അറിയാമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) പഞ്ചായത്തുകളുടെ സാമ്പത്തികസ്ഥിതിയും ആവശ്യവും അനുസരിച്ച് പഞ്ചായത്തുകളിൽ ക്രമേണ മിഡ്‌വൈഫുകളെ നിയമിക്കണമെന്ന് ഗവൺമെന്റിനു അഭിപ്രായമുണ്ട്.

(ബി) ഗ്രാമപ്രദേശങ്ങളിൽ അതിന്റെ ആവശ്യമുണ്ടെന്നറിയാം. അതു ക്രമേണ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പഞ്ചായത്തു് ആഫീസറന്മാർ.

※ 629. [2] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പഞ്ചായത്തു് ആഫീസറന്മാരെ നിയമിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്നത്തേയ്ക്കു് നിയമനം നടക്കും?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) പഞ്ചായത്തുകളിൽ ആഫീസറന്മാരെ നിയമിക്കുന്ന കാര്യം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണു്.

(ബി) പഞ്ചായത്തുകളുടെ പ്രവർത്തനത്തിനു് ആവശ്യമായ ഉദ്യോഗസ്ഥന്മാരെ സമീപകാലത്തുതന്നെ നിയമിക്കുന്നതാണു്.

പുറമ്പോക്കുകൾ.

※ 630. [3] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറമ്പോക്കുകൾ പഞ്ചായത്തിൻെറ ചുമതലയിൽ വിട്ടുകൊടുക്കുന്നതിനു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതേപ്പററി വല്ല നിവേദനവും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്)

(എ) പുറംപോക്കുകൾ പഞ്ചായത്തിൻെറ ചുമതലയിൽ വിട്ടുകൊടുക്കുന്നതിനെക്കുറിച്ചുള്ള ഗവണ്മെൻറിൻെറ ആലോചനയ്ക്കു് തീരുമാനം ചെയ്തിട്ടില്ല. ഉടൻതന്നെ അക്കാര്യം തീരുമാനിക്കുന്നതാണു്.

(ബി) ഇതു സംബന്ധിച്ചു് ചില നിവേദനങ്ങൾ കിട്ടിയിട്ടുണ്ടു്.

(സി) എ-യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. ജി. ചാക്കോ: പഞ്ചായത്തു നിയമത്തിൽ പുറംപോക്കുകൾ പഞ്ചായത്തിനു വിട്ടുകൊടുത്തിരിക്കുകയാണെന്നു ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: പുറംപോക്കുകൾ മുഴുവൻ വിട്ടുകൊടുത്തിട്ടുള്ളതായി ഗവണ്മെൻറിനു് അറിവില്ല.

ശ്രീ. എൻ. ജി. ചാക്കോ: റവന്യൂ പുറംപോക്കുകൾ മുഴുവൻ പഞ്ചായത്തുകൾക്കു് വിട്ടുകൊടുത്തിരിക്കുന്നതായി അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: അങ്ങനെയല്ല, റൂൾ 43, 44 അനുസരിച്ചു് ചില ഭാഗങ്ങൾ വിട്ടുകൊടുത്തിട്ടുള്ളതായി വ്യക്തമാകുന്നുണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ: പഞ്ചായത്ത് ആക്ററിൽ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങൾ പഞ്ചായത്തിനു വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ ഗവണ്മെൻറ് സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞ്: സ്വീകരിക്കും.

ശ്രീ. ടി. പി. സീതാരാമൻ: ഗവണ്മെൻറ പുറംപോക്കുസ്ഥലങ്ങൾ പഞ്ചായത്തിനു വിട്ടുകൊടുക്കുന്നതു് നല്ലതാണെന്നു തോന്നുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: മുഴുവൻ പുറംപോക്കുകൾ വിട്ടുകൊടുക്കുന്നതിനെപ്പററി ഗൗരവമായി ആലോചിക്കേണ്ടതാണ്. അതിനെപ്പററി ആലോചിക്കുന്നുണ്ട്. എത്രമാത്രം പ്രായോഗികമാക്കാൻ കഴിയുമെന്നുള്ളതിനെപ്പററി ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. പി. സീതാരാമൻ: പുറംപോക്കുകൾ പഞ്ചായത്തുകളുടെ കൈവശം കിട്ടണമെങ്കിൽ റവന്യൂനിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതില്ലേ?

ശ്രീ. പി. കെ. കുഞ്ഞ്: വിട്ടുകൊടുത്ത സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം അതിൻെറ ആവശ്യമില്ല.

ശ്രീ. പി. ഭാസ്കരൻനായർ: പുറംപോക്കു ഭൂമികൾ പഞ്ചായത്തുകളുടെ കൈവശം ഇരിക്കുകയല്ലേ?

ശ്രീ. പി. കെ. കുഞ്ഞ്: സെക്ഷൻ 43-44 ഏതാനും പുറംപോക്കുകളെ മാത്രമേ സ്പർശിക്കുന്നുള്ളു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: പുറംപോക്കുഭൂമി റവന്യൂവിലും പി. ഡബ്ലിയു. ഡി. യിലും ഉണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: പി. ഡബ്ലിയു. ഡി. യുടെ കൈവശമിരിക്കുന്ന സ്ഥലങ്ങളുണ്ടെന്നല്ലാതെ പി. ഡബ്ലിയു. ഡി. പുറംപോക്കുകൾ ഇല്ല.

Prosecution against Pioneer Works.

*631. [4] **Shri T. S. Ramaswami**: Will the Minister for Local Self Government be pleased to state:

(a) whether any prosecution was launched against th Managing Director of Pioneer Works Ltd., for dismissin; workers during the pendency of conciliation;

(b) the date on which the prosecution was launched;

(c) the number and names of workers who were discharged;

(d) whether the prosecution is still pending or not;

(e) whether any order was passed by the Government on the recommendation of the Labour Commissioner on this matter; and

(f) if so, what order and for what reasons?

Minister for Local Self—Government (**Shri P. K. Kunju**):

(a) Yes;

(b) About 20th November 1950;

(c) 12; the names are not available;

(d) Yes;

(e) Yes;

(f) The order for withdrawal of prosecution for reasons noted below :—

(i) settlement arrived at between the parties

(ii) application of the employer for the withdrawal of the prosecution

Shri T. S. Ramaswami: May I know whether the dismissed workers were re-employed?

Shri P. K. Kunju: Yes.

Shri T. S. Ramaswami: Was that after the settlement arrived at between the workers and employers involved in the strike?

Shri P. K. Kunju: The settlement was arrived at between the affected workers and the employer.

Shri T. S. Ramaswami: May I know whether it was not a fact that other workers interfered in the matter?

Shri P. K. Kunju: I think it was under the Labour Commissioner's intervention that such a settlement was arrived at.

Shri T. S. Ramaswami: Will the Government be pleased to make a correct assessment of facts instead of depending on unreliable information in this matter?

Shri P. K. Kunju: Government will examine the question if it is proved that the facts were unconvincing.

Overlapping Bus Services.

*632. [6] **Shri T. S. Ramaswami**: Will the Minister for Works and Transport be pleased to state:

(a) whether there is any overlapping of private transport service on the State Transport routes;

(b) if so, the period in which the permits for these were allowed;

(c) the distance covered by these overlapping; and

(d) the names of private compaines allowed to run these routes?

Minister for Works and Transport (**Shri A. Achuthan**):

(a) Yes;

(b) During the period of office of the old Transport Authority and since the constitution of the present Transport Authority Also;

(c) A total distance of about 400 miles of nationalised route is overlapped by private operators;

(d) *List of such bus operators is placed on the table.

Shri T. S. Ramaswami : Will the Government see that such overlapping is avoided?

Shri A. Achuthan : Yes.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : ഓവർലാപ്പിംഗ് ഉള്ള സ്ഥലത്തു ട്രാൻസ്പോർട്ട് ബസ്സിൽ ടിക്കററ കൊടുക്കാൻപാടില്ലെന്നു ആർഡർ കൊടുത്തിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ : ഇപ്പോൾ അങ്ങിനെ കൊടുത്തിട്ടില്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : തൊട്ടുവെട്ടി-തക്കല റൂട്ടിൽ അങ്ങിനെ ആർഡർ കൊടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. അച്യുതൻ : ചില റൂട്ടുകളിൽ അങ്ങിനെ ആർഡർ പുറപ്പെടുവിച്ചിട്ടുള്ളതായി അറിയുന്നുണ്ട്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : ഓവർലാപ്പിംഗ് ഇല്ലാത്ത സ്ഥലത്തുതന്നെ ചിലയിടത്തു ട്രാൻസ്പോർട്ടുബസ്സിൽ കയറാതെ മററു വണ്ടികളിൽ സഞ്ചരിക്കാമെന്നു അറിയാമോ ?

ശ്രീ. എ. അച്യുതൻ : അങ്ങിനെ ഉണ്ടായിരിക്കാം. സൂക്ഷ്മം അറിഞ്ഞുകൂടാ.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ഓവർലാപ്പിംഗ് ഉള്ള സ്ഥലത്തു പ്രൈവററ ബസ്സുകളുടേയും ട്രാൻസ്പോർട്ടു ബസ്സുകളുടേയും ചാർജ്ജിൽ വ്യത്യാസമുണ്ടോ ?

ശ്രീ. എ. അച്യുതൻ : ഓവർ ലാപ്പിംഗ് ഉള്ളിടത്തു മാത്രമല്ല മററു സ്ഥലത്തും ചാർജ്ജിൽ വ്യത്യാസമുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അതിനെ ഏകീകരിക്കുന്നതിനു ശ്രമിക്കുമോ ?

ശ്രീ. എ. അച്യുതൻ : അതിനെപ്പററി ആലോചിക്കാം.

Retreading tyres.

※ 633 [7] **Shri T. S. Ramaswami** : Will the Minister for Works and Transport be pleased to state :

(a) expenses incurred for retreading tyres per annum from the Transport Department for the last three years;

(b) the companies to which these contracts for retreading were given;

(c) rate per tyre;

(d) whether any tender was invited;

(e) whether installation of retreading plant by the Transport Department was considered; and

(f) if not, why not; if so the cause of delay?

*Please see Appendix I.

Minister for Works and Transport **(Shri A. Achuthan):**

(a) For 1951-52—Rs. 201,459-7-1;
52-53—Rs. 225,989-9-11;
53-54—Rs. 334,852-0-10.

(b) *Statement showing the names of companies is placed on the table;

(c) †Statement showing the rate for tyre is placed on the table;

(d) Quotations were invited;

(e) Yes.

(f) Government have sanctioned the purchase of a tyre retreading plant and orders have already been placed for the same through the Director General of Supplies and Disposals.

Shri T. S. Ramaswami: May I know the number of companies to which retreading has been ordered?

Shri A. Achuthan. About 16.

House lighting.

*634. [8] **Shri Prakkulam Bhasi**: Will the Minister for Works and Transport be pleased to state:

(a) whether there was a scheme for house lighting connection for poor house holders on instalment basis; and

(b) whether any action has been taken under that?

Minister for Works and Transport **(Shri A. Achuthan):**

(a) Yes;

(b) Action is being taken to implement the scheme.

ശ്രീ. ടി. കെ. ദിവാകരൻ: ഇതു് റെന്റൽ ബേസിസിലുള്ള സ്കീമാണോ?

ശ്രീ. എ. അച്യുതൻ: ഗവൺമെന്റിലേയ്ക്കു് അടയ്ക്കേണ്ട പ്രാരംഭ നടപടികൾക്കുള്ള ചെലവുകൾ അടയ്ക്കാൻ നിവൃത്തിയില്ലാത്തവരുടെ സൗകര്യത്തിനുവേണ്ടി ഗവൺമെന്റു സൗജന്യരീതിയിൽ നടത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ഒരു സ്കീമാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ശരിയായ തുക കൊടുത്തിരുന്നാലും തുടർന്നു റെന്റൽ ബേസിസിൽ തുക അടച്ചുകൊണ്ടിരിക്കുന്നതായി അറിയാമോ?

ശ്രീ. എ. അച്യുതൻ: ഈ സ്കീമനുസരിച്ചുള്ള പദ്ധതി നടപ്പിലായിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: ഇതു് എന്നേയ്ക്കു് നടപ്പിൽവരുമെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: അതു് ആലോചനയിൽ ഇരിക്കുന്നതേയുള്ളു.

* Please see Appendix II
† Please see Appendix III

ശ്രീ. പ്രാക്കുളം ഭാസി : ആലോചിച്ചുതുടങ്ങിയിട്ട് എത്ര കൊല്ലമായി എന്നു പറയാമോ ?

ശ്രീ. എ. അച്യുതൻ : 1950-ൽ ഈ സ്കീം അംഗീകരിച്ചിട്ടുണ്ട്. പക്ഷെ അതിന്റെ നടപടികൾ പൂർത്തിയായില്ല. അതുകൊണ്ട് നടപ്പിൽ വന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി : 1950-ൽ അംഗീകരിച്ച സ്കീം ഇതുവരെ നടപ്പിലാകാത്തതിനുള്ള കാരണം എന്താണെന്നു പറയാമോ ?

ശ്രീ. എ. അച്യുതൻ : പ്രത്യേക കാരണങ്ങളൊന്നുമില്ല. നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ എടുക്കണമെന്ന് ഗവണ്മെന്റ് ഇപ്പോൾ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ബസ്സ് ലൈൻ.

* 635. [9] ശ്രീ. പ്രാക്കുളം ഭാസി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ-കൊല്ലം റോഡിൽ സ്റ്റേററ് ട്രാൻസ്പോർട്ടു വണ്ടികൾ ഓടുന്ന ലൈനിൽതന്നെ അഞ്ചു മൈലിൽ കൂടുതൽ ഉള്ള ബസ്സ് ലൈനിൽ ഏതെങ്കിലും ബസ്സുടമസ്ഥന് അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണ്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ട്. നാലു ബസ്സ് ഉടമസ്ഥന്മാർക്ക്.

(ബി) പൊതുജനങ്ങളുടെ യാത്രാസൗകര്യാർത്ഥം കോഴിത്തോട്ടം കരിക്കോട്ട് ലൈനിൽമാത്രം ഒരു ബസ്സുകമ്പനിക്കു അവർ ഒരു ഗവണ്മെന്റ് ഉദ്യോഗസ്ഥന്റെ ജീവൻ രക്ഷിച്ചതിനുള്ള കൃതജ്ഞതാസൂചകമായി 8 മൈലോളം ഓവർ ലാപ്പിംഗ് അനുവദിച്ചിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : എത്ര മൈൽ ഓവർലാപ്പിംഗ് ആകാമെന്നാണ് വച്ചിരിക്കുന്നത് ?

ശ്രീ. എ. അച്യുതൻ : നാലുമൈൽ.

ശ്രീ. പ്രാക്കുളം ഭാസി : 8 മൈൽ അനുവദിച്ചത് ഉദ്യോഗസ്ഥന്റെ ജീവൻ രക്ഷിച്ചതുകൊണ്ടാണോ ?

ശ്രീ. എ. അച്യുതൻ : എന്നാണ് രേഖകളിൽ നിന്നും കാണുന്നത്.

ശ്രീ. പ്രാക്കുളം ഭാസി : ഈ ഓവർലാപ്പിംഗ് സിസ്റ്റം നിറുത്താൻ ആലോചിക്കുമോ ?

ശ്രീ. എ. അച്യുതൻ : അതാണ് ഗവണ്മെന്റിന്റെ നയം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : സർക്കാർ ഉദ്യോഗസ്ഥന്റെ ജീവൻ രക്ഷിച്ച ആൾക്കു ഗവണ്മെന്റുദ്യോഗം കൊടുത്തിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ : അതൊരു പ്രത്യേകചോദ്യമായി ചോദിച്ചാൽ ഉത്തരം പറയാം.

ശ്രീ. സി. ഏ. മാത്യു: ഈ 8 മൈൽ ഓവർലാപ്പിംഗ് അനുവദിച്ചതു് എന്നാണെന്നു പറയാമോ ?

ശ്രീ. ഏ. അച്യുതൻ: 16-12-49-ലാണെന്നു തോന്നുന്നു.

ശ്രീ. പി. ഭാസ്കരൻനായർ: ഈ കൃതജ്ഞതാസ്മരണ എത്ര നാൾ കൂടി നീണ്ടുനിൽക്കണമെന്നാണു് ഉദ്ദേശിക്കുന്നതു് ?

ശ്രീ. ഏ. അച്യുതൻ: അതിപ്പോൾ പറയാവുന്നതല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: സർക്കാർ ഉദ്യോഗസ്ഥന്റെ ജീവൻ രക്ഷിച്ചതു് ബസ്സ് ഉടമസ്ഥനാണോ ?

ശ്രീ. ഏ. അച്യുതൻ: റിക്കാർഡുകളിൽ കണ്ടവിവരങ്ങൾ ബഹുമാനപ്പെട്ട മെമ്പറന്മാരുടെ അറിവിനായ് ഞാനിവിടെ വെളിപ്പെടുത്തിയിട്ടുണ്ടു്.

റ്റി. ബി. ഹോസ്പിററലുകൾ.

* 636. [10] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റ്റി. ബി. ഹോസ്പിററലുകളിൽ പ്രവേശനം കിട്ടാതെ രോഗികൾ വിഷമിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) വെയിററിംഗ്ലിസ്റ്റിൽ ഇപ്പോൾ ഓരോ ആശുപത്രിയിലും എത്രപേർ വീതം ഉണ്ടു്;

(സി) രണ്ടുകൊല്ലക്കാലമായിട്ടും വെയിററിംഗ്ലിസ്റ്റിൽപ്പെട്ടവർക്കു് പ്രവേശനം ലഭിച്ചിട്ടില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) സുഖക്കേടു് പൂർണ്ണസുഖമാകുന്നതിനുമുമ്പുതന്നെ നാഗർകോവിൽ ആശുപത്രിയിൽനിന്നും രോഗികളെ ഡിസ്ചാർജ്ജ് ചെയ്യുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) പ്രവേശനം ലഭിക്കുന്നതിനു രോഗികൾ എന്തെങ്കിലും തുകകൾ അടയ്ക്കേണ്ടതുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ആശുപത്രികളിൽ പ്രവേശനം ലഭിക്കാതെ രോഗികൾ വിഷമിക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടു്.

(ബി) ടി. ബി. ആശുപത്രി, നാഗർകോവിൽ 1267;
ടി. ബി. സെൻറർ, തിരുവനന്തപുരം 133;
കെ. ബി. സാനിട്ടോറിയം, മുളംകുന്നത്തുകാവു് 709.

(സി) പരാതികൾ ലഭിച്ചിട്ടുണ്ടു്.

(ഡി) പരാതികൾ ലഭിച്ചിട്ടുണ്ടു്.

(ഇ) പ്രവേശനം ലഭിക്കുന്നതിനു രോഗികൾ തുക അടയ്ക്കേണ്ട ആവശ്യമില്ല.

ശ്രീ. സി. ജി. സദാശിവൻ: (സി)യുടെ ഉത്തരത്തിൽ പരാതികൾ ലഭിച്ചിട്ടുണ്ടെന്നു പറഞ്ഞു. അതു സംബന്ധിച്ച് ഗവണ്മെൻറ് എന്തു നടപടി എടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: ഈ സുഖക്കേടുള്ളവരെ ആശുപത്രിയിൽ കിടത്തി ചികിത്സിക്കയും അങ്ങിനെ ആശുപത്രിയിൽ ചികിത്സിച്ചാൽ തന്നെയും സുഖക്കേടു പൂർണ്ണമായി ഭേദമാകാൻ സാദ്ധ്യതയില്ലെന്നു ബോദ്ധ്യമാകുന്നതുകൊണ്ടും വളരെക്കാലം ചികിത്സിച്ചതിനുശേഷം സുഖപ്പെടാതിരിക്കുന്നതും ഒരിക്കലും സുഖപ്പെടുകയില്ലെന്ന് ഡാക്ടറന്മാർക്കു ഉത്തമവിശ്വാസം ഉണ്ടാകുന്നതുമായ രോഗികളെ വീട്ടിൽപ്പോയി ശരിയായ ഡയററും ശുശ്രൂഷകളും നടത്തിയാൽ മതിയെന്നുള്ളതിനെ പരിഗണിച്ചും ഡാക്ടറന്മാരുടെ അക്കാര്യത്തിലുള്ള അഭിപ്രായമനുസരിച്ചും ശരിയെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുമുണ്ടു്.

ശ്രീ. സി. ജി. സദാശിവൻ: രോഗികൾക്ക് അനുവദിച്ചിട്ടുള്ള ആഹാരങ്ങളും മരുന്നുകളും കൊടുക്കുന്നില്ലെന്ന് പരാതികൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ഇല്ലാ.

ശ്രീ. സി. ജി. സദാശിവൻ: മരുന്നുകൾ കൊടുക്കാതെ വാങ്ങിച്ചു എന്ന് ഒപ്പിട്ടുകൊടുക്കണമെന്ന് ഡാക്ടറന്മാർ നിർബന്ധിച്ചതായി മാവേലിക്കരക്കാരൻ തങ്കപ്പൻ എന്നൊരാളുടെ പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ആ പരാതി ശരിയല്ലാ.

ശ്രീ. എം. വി. ചെറിയാൻ: എൻ. ജി. ഒ. മാർക്കും അവരുടെ കുടുംബങ്ങൾക്കും സൗജന്യമായ വൈദ്യസഹായം ഈ ടി. ബി. ആശുപത്രികളിൽ കിട്ടിവരുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: അവിടെ പ്രവേശിക്കുന്ന രോഗികൾക്കെല്ലാം സൗജന്യങ്ങൾ കൊടുത്തുവരുന്നുണ്ടു്.

ശ്രീ. എം. വി. ചെറിയാൻ: എൻ. ജി. ഒ. മാരായ രോഗികൾ പുറത്തുനിന്നും മരുന്നു വിലയ്ക്കു വാങ്ങിച്ചിട്ടുള്ളതിന് അതിൻെറ വില ഗവണ്മെൻറിൽനിന്നും കൊടുത്തിട്ടില്ല എന്നു പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: അങ്ങിനെ പരാതികൾ ലഭിച്ചതായി എൻെറ കൈവശമുള്ള ഫയലുകളിൽനിന്നും പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. നാരായണക്കുറുപ്പ്: 1267-ാമത്തെ ആളിന് അവിടെ പ്രവേശനം കിട്ടാൻ എത്രനാൾ വേണം?

ശ്രീ. പി. കെ. കുഞ്ഞു്: ഇപ്പോൾ അവിടെയുള്ള രോഗികൾ പുറത്തു പോയതിനുശേഷം അവരുടെ ക്രമമനുസരിച്ചുള്ള കാലദീർഘം വേണ്ടിവരും.

ശ്രീ. എൻ. നാരായണക്കുറുപ്പ്: അതിന് എത്ര കാലം വേണ്ടിവരുമെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: കണക്കുകൂട്ടി നോക്കുകയാണെങ്കിൽ അതറിയാൻ സാധിക്കും.

ശ്രീ എൻ. നാരായണക്കുറുപ്പ്: അവിടെ എത്ര രോഗികൾക്കു കിടക്കാനുള്ള സൗകര്യമുണ്ടെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: ഇരുനൂറുപേർക്കാണെന്നാണെന്റെ ഓർമ്മ.

ശ്രീ. ടി. കെ. ദിവാകരൻ: ചില അടിയന്തിരസന്ദർഭങ്ങളിൽ ഈ ക്രമം തെറ്റിക്കാറുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: തെറ്റിക്കരുതെന്നാണ് ഗവണ്മെന്റിന്റെ നിർദ്ദേശം.

ശ്രീ. സി. ജി. സദാശിവൻ: തിരുവനന്തപുരം സിററിയിൽ ഉള്ളവരെ ചികിത്സിക്കാൻ പ്രത്യേകമായി വല്ല നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: അറിവില്ല.

ശ്രീ. ടി. പി. സീതാരാമൻ: ഈ സൂഖക്കേട് ബാധിച്ചിട്ടുള്ള ഇത്ര അധികം രോഗികൾ ഈ സംസ്ഥാനത്തുള്ള സ്ഥിതിക്ക് കൂടുതൽ ആശുപത്രികൾ സ്ഥാപിക്കാൻ ഗവണ്മെൻറാലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞ്: അക്കാര്യം ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണ്.

മലമ്പനി നിവാരണ യൂണിററുകൾ.

* 637. [11] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മലമ്പനി നിവാരണയൂണിററുകൾ പ്രവർത്തനം നടത്തുന്നുണ്ട്;

(ബി) ഏതെല്ലാം സ്ഥലങ്ങളിൽ;

(സി) വനങ്ങൾ സമീപമുള്ള കുളത്തൂപ്പുഴയിൽ ഒരു മലമ്പനി ഡിസ്പെൻസറി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഒരു മലമ്പനി നിവാരണ യൂണിററുണ്ട്.

(ബി) ഒരു യൂണിററിനെ 13 ഉപയൂണിററുകളായി തരംതിരിച്ചു താഴെ പറയുന്ന സ്ഥലങ്ങളിൽ പ്രവർത്തനം നടത്തുന്നു.

1. കുലശേഖരം, 2. വണ്ടന്നൂർ, 3. നെയ്യാററിൻകര, 4. വിതുര, 5. പുനലൂർ, 6. പത്തനംതിട്ട, 7. പീരുമേട്, 8. നേരിയമംഗലം, 9. ചെങ്കുളം, 10. നന്ദിയോട്, 11. നെല്ലിയാമ്പതി, 12, പട്ടിക്കാട്, 13. വടക്കാഞ്ചേരി.

(സി) ഇതിനെപ്പററി ആലോചിക്കുന്നതാണ്. അവിടെ ഒരു ഡിസ്പെൻസറിയുടെ ആവശ്യമുണ്ടെന്നു ഗവണ്മെൻറു കരുതുന്നു.

ശ്രീ. പി. ഗോപാലൻ: പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ നിന്നും മലമ്പനിരോഗനിവാരണത്തിനായി എന്തു നടപടികൾ നടത്തുന്നുണ്ട്?

ശ്രീ. പി. കെ. കുഞ്ഞു: ഡി. ഡി. ടി. സൗജന്യമായി വിതരണം നടത്തുന്നുണ്ട്. ജില്ലകളിലും വനങ്ങളിലും ഡാക്ടറന്മാർ ഔഷധങ്ങളും മററും ഉൾനാട്ടുകളിൽ കൊണ്ടുപോയി നൽകുന്നുണ്ട്. ആ വിധത്തിലുള്ള എല്ലാ ചികിത്സാസമ്പ്രദായങ്ങളും ചെയ്തുവരുന്നുണ്ട്.

ശ്രീ. പി. ഗോപാലൻ: ഹിൽ ട്രൈബ്സിന്റെ ഇടയിൽ മലമ്പനയുണ്ടെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു: അവരുടെയിടയിൽ മലമ്പനിയുണ്ടെന്നറിയാം.

മിഡ്‌വൈഫറി കേന്ദ്രങ്ങൾ.

❋ 638. [12] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മിഡ്‌വൈഫറി കേന്ദ്രങ്ങൾ പ്രവർത്തനം നടത്തുന്നുണ്ട്;

(ബി) കൂടുതലായി എത്ര കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു?

തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) 238.

(ബി) ഈ ബഡ്ജററ് വർഷത്തിൽ പുതിയതായി 20 കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

റേഡിയോ സെററുകൾ.

❋ 639. [13] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾക്ക റേഡിയോ സെററുകൾ വിതരണം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) ഈ ബഡ്ജററ വർഷത്തിൽ റേഡിയോ സെററുകൾ വിതരണം ചെയ്യുന്നുണ്ടോ?

തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) പഞ്ചായത്തുകൾക്ക് റേഡിയോ സെററുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) 124 സ്ഥലങ്ങളിൽ. † ലിസ്ററ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

† Please See Appendix IV.

(സി) ഈ വർഷത്തിൽ റേഡിയോ സെററുകൾ വിതരണം ചെയ്യാനുദ്ദേശിക്കുന്നുണ്ടു്.

ശ്രീ. കെ. കുട്ടപ്പൻ കോയിക്കൽ: എത്ര പഞ്ചായത്തുകൾക്കാണു് വിതരണം ചെയ്യാനുദ്ദേശിക്കുന്നതു്?

ശ്രീ. പി. കെ. കുഞ്ഞു്: ഇത്ര പഞ്ചായത്തുകൾക്ക വിതരണം ചെയ്യണമെന്നുദ്ദേശിച്ചിട്ടില്ല. ഈ വർഷത്തിൽ കുറെ സെററുകൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടു്.

ശ്രീ. കെ. കുട്ടപ്പൻ കോയിക്കൽ: അപേക്ഷകളുടെ പ്രയാറിററി അനുസരിച്ചാണോ കൊടുക്കുന്നതു്?

ശ്രീ. പി. കെ. കുഞ്ഞു്: അപേക്ഷ അനുസരിച്ചും, ആവശ്യത്തെ പരിഗണിച്ചും, പ്രയാറിററി നോക്കിയും കൊടുക്കുന്നതാണു്. പലതും പരിഗണിക്കുന്നതാണു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഇതേ സംബന്ധിച്ച തീരുമാനങ്ങൾ വല്ലതും ചെയ്തിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: തീരുമാനമൊന്നും ചെയ്തിട്ടില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ റേഡിയോ സെററുകൾ വിതരണം ചെയ്യുന്നതു് എന്തു മാനദണ്ഡം വച്ചാണു്?

ശ്രീ. പി. കെ. കുഞ്ഞു്: റേഡിയോ സെററുകൾ കൊടുക്കുമ്പോഴാണു് മാനദണ്ഡം എന്താണെന്നു് ആലോചിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ റേഡിയോ സെററുകൾ സൗജന്യമായി കൊടുക്കുകയാണോ?

ശ്രീ. പി. കെ. കുഞ്ഞു്: അതേ. അങ്ങിനെയാണു് ഇതു വരെ സ്വീകരിച്ചിട്ടുള്ള നയം.

ശ്രീ. ടി. കെ. ദിവാകരൻ: റൂറൽ ഡവലപ്പുമെൻറ പദ്ധതി അനുസരിച്ചു് കേന്ദ്രഗവണ്മെൻറിൽ നിന്നും വല്ല ധനസഹായവും ലഭിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ഉണ്ടു്.

ശ്രീ. എം. എ. ആൻറണി: ഈ കൊടുത്തിട്ടുള്ള റേഡിയോ സെററുകൾ ഉപയോഗശൂന്യമായിട്ടുള്ളതാണെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: അറിവില്ല.

അട്ടർ സെക്ഷൻ ആഫീസു്.

* 640. [15] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടൂർ സെക്ഷൻ ആഫീസിലെ പകൽക്കൊള്ളയെന്ന പേരിൽ 1954 മേയ് മാസം 13-ാംതീയതിയിലെ, "ജനയുഗ"ത്തിൽ വന്ന വാർത്ത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനെപ്പററി ഇനിയുമെങ്കിലും അന്വേഷിച്ചു വേണ്ട നടപടികൾ സ്വീകരിക്കുമോ ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല. അന്വേഷണത്തിൽ പരാതിയിൽ പറയുന്ന സംഗതികൾ ശരിയാണെന്നു അറിഞ്ഞിട്ടില്ല. കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥലത്തുപോയി എൻ. എം. ആർ. വർക്കേഴ്സിനെ ഓരോരുത്തരേയും കണ്ടു ചോദിച്ചു എന്നാണ് രേഖകൾ കൊണ്ടു കാണുന്നത്.

ശ്രീ. കട്ടപ്പൻ കോയിക്കൽ: ആ പത്രത്തിൽ എഴുതിയ ആളിനെ കണ്ടു ചോദിക്കുകയോ ആ സ്ഥലവാസികളെ കണ്ടു ചോദിക്കുകയോ ചെയ്തിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ: ആ സംഭവത്തെക്കുറിച്ചു് എൻ. എം. ആർ. വർക്കേഴ്സിനെ കണ്ടു ചോദിച്ചു് അവരുടെ മൊഴി എടുത്തിട്ടുണ്ട്.

ശ്രീ. പി. ആർ. മാധവൻപിള്ള: അവിടെ നടക്കുന്ന അഴിമതിയെ പ്പററി തെളിവു ഹാജരാക്കിയാൽ ഗവണ്മെൻറു വിശ്വസിക്കുമോ ?

ശ്രീ. എ. അച്യുതൻ: അതാലോചിക്കാം.

പൊതുമരാമത്തു ജോലികൾ.

※ 641. [16] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ – കൊച്ചി 1953–54 ബഡ്ജററിൽ പൊതുമരാമത്തുവകുപ്പു് വകയിരുത്തിയിരുന്ന മുഴുവൻ തുകയും, മുഴുവൻ ജോലികളും നടത്തി തീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണു്;

(ബി) നെടുമങ്ങാട്ടു താലൂക്കിലേയ്ക്കു് പൊതുമരാമത്തു വകുപ്പു് ആകെ പ്രസ്തുത വർഷം ബഡ്ജററിൽ എത്ര രൂപ വകയിരുത്തിയിരുന്നു; അവയിൽ എത്രകണ്ടു് ജോലി ചെയ്തുതീർത്തു;

(സി) 1953–54 ബഡ്ജററിൽ നെടുമങ്ങാട്ടുതാലൂക്കിൽ പുതിയ റോഡുകൾക്കു വേണ്ടി ബഡ്ജററിൽ തുക കൊള്ളിച്ചിരുന്ന ഏതെങ്കിലും ജോലി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നും എത്ര രൂപ ചെലവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) 1953–54 സാമ്പത്തികവർഷം ഭരണം നടത്തിയ മന്ത്രിമാരുടെ നിയോജകമണ്ഡലങ്ങളിൽ ബഡ്ജററ് പ്രൊവിഷൻ ഉള്ള എത്ര ജോലികൾ ഇതുപോലെ ചെയ്തു തീർക്കാതെയുണ്ടു്; ഓരോന്നിൻേറയും തുകയും എന്താണു് ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) മിക്കവാറും തീർത്തിട്ടുണ്ടു്. സാങ്കേതികമായ തടസ്സങ്ങൾ നിമിത്തം ചില ജോലികൾ മുഴുവനും ചെയ്തു തീർക്കാൻ സാധിച്ചിട്ടില്ല.

(ബി) ബഡ്ജററ തുക 1,69,300 രൂപാ, ചെലവു് 1,30,504 രൂപ.

(സി) എഴെണ്ണം ഉണ്ടായിരുന്നതിൽ ഒന്നു കഴിഞ്ഞ വർഷം തന്നെ ആരംഭിച്ചു. ഇതുവരെ പൂർത്തിയായിട്ടില്ല. ഇതുവരെ 2908 രൂപ പ്രസ്തുത ജോലിക്കു് ചെലവായി.

(ഡി) *വിവരങ്ങൾ അടങ്ങിയ ലിസ്ററു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: 1953–54-ൽ നെടുമങ്ങാട്ടു താലൂക്കിൽ പൊതുമരാമത്തു വകുപ്പു് ബഡ്ജററിൽ കൊള്ളിച്ചിരുന്ന തുക ചെലവാക്കാതെ അതേ അവസരത്തിൽ റിവൈസ്ഡ് എസ്റ്റിമേററനുസരിച്ചു് ആ ബഡ്ജററിൽ കൊള്ളിച്ചിരുന്ന തുക മുഴുവനും ചെലവായിട്ടുണ്ടെന്നാണു് കാണുന്നതു്. അതു് എന്താണെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: ഈ ബഡ്ജററിൽ ആവശ്യമുള്ള തുക കൊള്ളിച്ചിട്ടുണ്ടു്. മുൻ വർഷത്തെ ബഡ്ജററിൽ കൊള്ളിച്ചിരുന്ന തുക ചെലവാക്കാൻ സാധിച്ചിട്ടില്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ചെലവാക്കിയതായി റിവൈസ്ഡ് എസ്റ്റിമേററിൽ കാണിച്ചിട്ടുണ്ടു്. പക്ഷേ, അവിടെ ഒന്നും ചെയ്തിട്ടില്ല.

ശ്രീ. എ. അച്യുതൻ: എന്റെ കൈവശമുള്ള രേഖകൾകൊണ്ടു് അങ്ങനെയാണു കാണുന്നതു്. അതേ പറയാൻ ഒക്കുകയുള്ളൂ.

സ്റ്റേററ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറാവശ്യത്തിനുള്ള റബ്ബർ.

*642. [17] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേററ് ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിനു് ഒരു കൊല്ലത്തെ ആവശ്യത്തിനു് എന്തുമാത്രം റബ്ബർ സാധനങ്ങൾ ആവശ്യമായി വരുന്നുണ്ടു്;

(ബി) ഇവയിൽ തിരുവനന്തപുരം റബ്ബർ ഫാക്ടറിയിൽനിന്നു് എന്തുമാത്രം റബ്ബർ സാധനങ്ങൾ വാങ്ങുന്നുണ്ടു്; ബാക്കി സാധനങ്ങൾ വാങ്ങിക്കുന്നതു് ഏതേതു സ്ഥലങ്ങളിൽ നിന്നാണെന്നു് വ്യക്തമാക്കുമോ?

*Please see Appendix V

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 17 ലക്ഷം രൂപാ വിലവരുന്ന റബ്ബർ സാധനങ്ങൾ ആവശ്യമായി വരുന്നുണ്ട്.

(ബി) 68,668 രൂ. 10 ണ. 9 സ. വിലയുള്ള റബ്ബർ സാധനങ്ങൾ തിരുവനന്തപുരം റബ്ബർ ഫാക്ടറിയിൽനിന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വാങ്ങി. ബാക്കി സാധനങ്ങൾ ഏററവും വിലകുറവുള്ള മററു കമ്പനികളിൽനിന്നും വാങ്ങുന്നുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: നമ്മുടെ ആവശ്യങ്ങൾക്കു പററിയ റബ്ബർ സാധനങ്ങൾ ഇവിടെ ഉണ്ടാക്കുന്നില്ലേ?

ശ്രീ. എ. അച്യുതൻ: ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലേയ്ക്കാവശ്യമായ ടയറും ട്യൂബും ഇവിടെ ഉണ്ടാക്കുന്നില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഇവിടത്തേയ്ക്കു് ആവശ്യമായ ടയറും ട്യൂബും ഉണ്ടാക്കുന്നതിനു് ഇനിയെങ്കിലും നടപടി നടത്തുമോ?

ശ്രീ. എ. അച്യുതൻ: അതിലേയ്ക്കു് വേണ്ട നടപടി എടുക്കേണ്ടതു ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൻെറ ജോലിയല്ല. അതു് ഗവണ്മെൻറിൻെറ ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെൻറിൽനിന്നുമാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ ടയറും ട്യൂബും വാങ്ങിക്കുന്നതു സംബന്ധിച്ചു് ഇന്ന കമ്പനിയിൽനിന്നും ഇത്ര കാലത്തേയ്ക്കു വാങ്ങിക്കാം എന്നു വ്യവസ്ഥ വല്ലതും ചെയ്തിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: അങ്ങനെ ഒന്നുമില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഈ ടയറും ട്യൂബും വാങ്ങിക്കുന്ന കമ്പനികളുടെ പേരെന്താണ്?

ശ്രീ. എ. അച്യുതൻ: (1) ഡൺലപ്പ് ടയർ കമ്പനി ലിമിററഡ്, ഇൻഡ്യാ.

(2) ഫയർ സ്റ്റോൺ റബ്ബർ കമ്പനി, ഇൻഡ്യാ.

(3) ഇൻഡ്യാ ടയർ ആൻഡ് റബ്ബർ കമ്പനി ആഫ് ഇൻഡ്യാ.

(4) ഗുഡ്ഇയർ ടയർ കമ്പനി ആഫ് ഇൻഡ്യാ.

മുനിസിപ്പൽ തൊഴിലാളികളുടെ മിനിമം വേജ്.

※ 643. [18] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി മുനിസിപ്പൽ തൊഴിലാളികളുടെ മിനിമം വേജ് നിശ്ചയിക്കുന്നതിനുവേണ്ടി നിയുക്തമായ കമ്മിററി ഗവണ്മെൻറിനു് റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ;

(ബി) ആ റിപ്പോർട്ടിന്മേൽ ഗവണ്മെൻറ് എന്തു നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്;

(സി) അതിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനു് ഗവണ്മെൻറ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേയ്ക്കു് നടപ്പിൽ വരുത്തും?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഉണ്ടു്.

(ബി) ആ റിപ്പോർട്ടിനെക്കുറിച്ചും മുനിസിപ്പൽ കൗൺസിലുകളുടെ റിപ്പോർട്ടിനെക്കുറിച്ചും ഗവണ്മെൻറ് ചർച്ച ചെയ്യുകയുണ്ടായി. കൂടുതൽ ചർച്ചയ്ക്കായി വച്ചിരിക്കുകയാണു്.

(സി) കാലതാമസം കൂടാതെ ഈ കാര്യം തീരുമാനിക്കുന്നതിനു ഗവണ്മെൻറു നിശ്ചയിച്ചിരിക്കുകയാണു്.

ശ്രീ. ആർ. പ്രകാശം: ആലോചിച്ചു ചെയ്യാൻ പോകുന്ന കാര്യങ്ങളുടെ സ്വഭാവം എന്താണെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. കുഞ്ഞു്: മിനിമം വേജസിനെ സംബന്ധിച്ചിടത്തോളം കമ്മിററി റിപ്പോർട്ടു വന്നിട്ടുണ്ടു്, മുനിസിപ്പൽ കൗൺസിലുകളുടെയും മററും റിപ്പോർട്ടുകളും വന്നിട്ടുണ്ടു്. ഇവയെല്ലാംകൂടി പര്യാലോചിച്ചിട്ടുവേണം എന്താണു് ചെയ്യേണ്ടതെന്നു തീരുമാനിക്കേണ്ടതു്.

ശ്രീ. ആർ. പ്രകാശം: മുനിസിപ്പാലിററികളുടെ അഭിപ്രായം ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം എന്താണെന്നു വ്യക്തമാക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: വിവിധങ്ങളായ അഭിപ്രായങ്ങളാണു് മുനിസിപ്പാലിററികളിൽ നിന്നും കിട്ടിയിട്ടുള്ളതു്.

ശ്രീ. ആർ. പ്രകാശം: മിനിമംവേജസിനെ സംബന്ധിച്ചിടത്തോളം ആററിങ്ങൽ മുനിസിപ്പാലിററിക്കു് സമ്മതമാണെന്നും, അതനുസരിച്ചു് ഗവണ്മെൻറിൽ നിന്നും ഒരു ഗ്രാൻറുകൂടി തരേണ്ടതാണെന്നും അഭിപ്രായപ്പെട്ടിട്ടില്ലേ?

ശ്രീ. പി. കെ. കുഞ്ഞു്: എല്ലാം മുനിസിപ്പാലിററികളുടെയും അഭിപ്രായം ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ക്ഷണിച്ചിരിക്കുകയാണു്. അതനുസരിച്ചു പല മുനിസിപ്പാലിററികളിൽ നിന്നും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടു്. ആററിങ്ങൽ മുനിസിപ്പാലിററിയുടെ അഭിപ്രായം എന്താണെന്നു് പ്രത്യേകം നോട്ടീസില്ലാതെ പറയാൻ സാധിക്കുകയില്ല.

Anglo-Indians in Municipalities.

*644. [19] **Shri A. A. D. Luiz:** Will the Minister for Local Self-Government be pleased to state:

(*a*) whether there are any Anglo-Indians in the services of the Municipalities of the State and the Corporation of Trivandrum; and

(*b*) their grade and pay?

Minister for Local Self Government (**Shri P. K. Kunju**): (*a*) and (*b*) Yes, there are two, both employed by the Ernakulam Municipality; one on Rs. 30-45 and the other on Rs. 25-40.

Shri A. A. D. Luiz: May I know whether Government are aware of the number of applications rejected by the Local Self-Government Institutions?

ശ്രീ. പി. കെ. കുഞ്ഞു്: ഗവണ്മെൻറ് അതിനെപ്പററി ആലോചിക്കും.

Anglo-Indians in the Peringalkuthu and other projects.

*645. [20] **Shri A. A. D. Luiz:** Will the Minister for Works and Transport be pleased to state whether there are any Anglo-Indians employed in the Peringalkuthu, Peechi, Vazhani, Shenkulam and other projects now being developed in this State?

Minister for Works and Transport **(Shri A. Achuthan):** There are no Anglo-Indians amongst the regular services personnel employed on the projects, but an Anglo-Indian is employed in the work establishment as Work-shops Foreman in the Peringalkuthu Project.

Shri A. A. D. Luiz: May I know whether there is any particular reason why Anglo-Indians are conspicuously absent in the services?

Shri P. K. Kunju: It is difficult to answer that question now.

ശ്രീ. എം. പി. മേനോൻ: ഈ പദ്ധതി പ്രവർത്തനം നടക്കുന്ന സ്ഥലങ്ങളുടെ സമീപപ്രദേശങ്ങളിൽ ആംഗ്ലോ ഇൻഡ്യൻസ് താമസിക്കുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ: ഞാൻ അതേപ്പറ്റി അന്വേഷിച്ചിട്ടില്ല.

പെൻഷൻ.

*646. [21] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിൽ വരുത്താൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ നടപ്പിൽ വരുത്തും;

(സി) പെൻഷൻപദ്ധതി നടപ്പിൽ വരുത്തുമ്പോൾ സ്റ്റേറ്റ് ട്രാൻസ്പോർട്ട് തൊഴിലാളി യൂണിയൻ ഉന്നയിച്ചിട്ടുള്ള രക്ഷാവ്യവസ്ഥകൾ പദ്ധതിയിൽ ഉൾക്കൊള്ളിക്കാൻ ഗവണ്മെന്റ് സന്നദ്ധമാകുമോ?

മി. സ്പീക്കർ: ചോദ്യം 21-ന്റെ എ, ബി പിരിവുകൾക്ക് ഉത്തരം പറഞ്ഞിട്ടുള്ളതുകൊണ്ട് (സി) പിരിവിന് ഉത്തരം പറഞ്ഞാൽ മതിയാകും.

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(സി) പെൻഷൻപദ്ധതിയിൽ ചോദിച്ചിരിക്കുന്ന രക്ഷാവ്യവസ്ഥകളോട് യോജിക്കാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: രക്ഷാവ്യവസ്ഥകൾ എന്തെല്ലാമാണുള്ളതെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: രക്ഷാവ്യവസ്ഥകൾ തൊഴിലാളികൾക്ക് ബോണസ്സുവേണം, അവരുടെ ക്വാളിഫൈയിംഗ് സർവ്വീസ് 15കൊല്ലവും 18 കൊല്ലവും ആക്കണം എന്നെല്ലാമാണ്. ഇങ്ങനെയുള്ള വ്യവസ്ഥകളും പെൻഷൻപദ്ധതിയുംകൂടി ഒരുമിച്ച് അംഗീകരിക്കാൻ സാദ്ധ്യമല്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, പട്ടാളത്തിൽതന്നെയും പതിനെട്ടു കൊല്ലം സർവീസു ചെയ്തിരുന്നാൽ മതിയെന്ന വ്യവസ്ഥയല്ലേ?

മി. സ്പീക്കർ: ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. കട്ടപ്പൻ തോമസ് ചെയിക്കൽ: ഇന്നത്തെ പെൻഷൻ പദ്ധതി പുനഃപരിശോധന ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ: പെൻഷൻപദ്ധതിയെ സംബന്ധിച്ച് ഇൻഡസ്ട്രിയൽ വർക്കേഴ്സിൻെറ രീതിയിൽ പരിഗണിക്കാൻ തയ്യാറാണ്. അതിൽകവിഞ്ഞ് ഒരു പരിഗണനയും നൽകാൻ നിവൃത്തിയില്ലം.

മി. സ്പീക്കർ: 22-ാമത്തെ ചോദ്യത്തിനു മുൻപു ഉത്തരം നൽകിയിട്ടുള്ളതിനാൽ അടുത്ത ചോദ്യം ചോദിക്കാം.

ട്രാൻസ്പോർട്ട് യൂനിയൻ.

✻ 647. [23] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേററ് ട്രാൻസ്പോർട്ടു യൂനിയൻെറ നിയമാവലിയൽ വരുത്തിയിട്ടുള്ള ഭേദഗതികൾ രജിസ്റ്റർചെയ്തു കൊടുക്കരുതെന്നു ഗവണ്മെൻറിൽനിന്നും ട്രെയിഡുയൂനിയൻ രജിസ്ട്രാർക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്ത്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ): (എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ട്രാൻസ്പോർട്ടു സർവ്വീസ്.

✻ 648. [24] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂരിൽ സ്റ്റേററ് ട്രാൻസ്പോർട്ടിൻെറ ഒരു ഡിസ്ട്രിക്ട് സ്ഥാപിച്ച് ചെങ്ങന്നൂർ-കായംകുളം, ചെങ്ങന്നൂർ-പത്തനംതിട്ട, ചെങ്ങന്നൂർ-റാന്നി, ചെങ്ങന്നൂർ-തിരുമേലി മുതലായ സ്ഥലങ്ങളിലേക്ക് ട്രാൻസ്പോർട്ട് സർവ്വീസ് ആരംഭിക്കുന്നതിനു ഗവണ്മെൻറ ശ്രദ്ധിക്കുമോ;

(ബി) ഇതു സംബന്ധിച്ച് ഡിപ്പാർട്ടുമെൻറിൽനിന്നും എന്തെങ്കിലും റിപ്പോർട്ടുകൾ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ;

(സി) ഈ സർവ്വീസുകൾ ആരംഭിച്ചാൽ ഗവണ്മെൻറിന് ഗണ്യമായ ആദായം ഉണ്ടാക്കാൻ കഴിയുകയില്ലേ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ആലോചിക്കാം.

(ബി) ഇല്ല.

(സി) ഈ നിർദ്ദേശങ്ങളുടെ സാമ്പത്തികമായ വശങ്ങളെപ്പററി പര്യാലോചിക്കാൻ ഇതുവരെ സന്ദർഭം കിട്ടിയിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: നാട്ടുകാരുടെ അപേക്ഷകൾ ഈ കാര്യം സംബന്ധിച്ചു ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: നാട്ടുകാരിൽനിന്നും ചില നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: നിവേദനങ്ങൾ ലഭിച്ചിട്ട് എത്ര കൊല്ലമായെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: അതു പല അവസരങ്ങളിലായിട്ടാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: നിവേദനങ്ങൾ ലഭിച്ചിട്ടും അതിലേക്കു വേണ്ട നടപടി നടത്തുന്നതിനു ഇത്ര കാലതാമസം നേരിടുന്നതെന്താണ്?

ശ്രീ. എ. അച്യുതൻ: അതിനു മറുപടി പറഞ്ഞുകഴിഞ്ഞു, അതിനെപ്പറ്റി ആലോചിക്കാനുള്ള സാവകാശം കിട്ടിയില്ല.

കൃഷിനാശം തടയാൻ പദ്ധതി.

* 649. [26] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ, പോരുവഴി, പടിഞ്ഞാറെകല്ലട പകുതികളിൽ കല്ലടയാറിന്റെ വടക്കെകരയോടു തൊട്ട് എത്രായിരം ഏക്കർ ഒരുപ്പു നിലങ്ങളുണ്ടെന്നു ദയവുചെയ്തു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒരുപ്പു നിലങ്ങളിലെ നെൽകൃഷി ആണ്ടുതോറുമുള്ള വെള്ളപ്പൊക്കംമൂലം ആണ്ടുതോറും നശിക്കുന്നതായി കൃഷിക്കാരിൽനിന്നും ഗവണ്മെന്റിലേയ്ക്കു പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ആ പകുതികളിലെ ഒരുപ്പുകൃഷിക്കാരെ സംരക്ഷിക്കുന്നതിനു ഗവണ്മെന്റ് എന്തെങ്കിലും നികുതിയിളവോ, ധനസഹായമോ നൽകിയിട്ടുണ്ടോ;

(ഡി) ടി പകുതികളിലെ നെൽകൃഷി സംരക്ഷിക്കുന്നതിനും, ഒരുപ്പുകൃഷി ഇരുപ്പുവാക്കുന്നതിനും വേണ്ടി ആറിന്റെ * വടക്കെക്കരയിൽ ബണ്ടുകെട്ടി വെള്ളപ്പൊക്കം തടയുന്നതിനും, പമ്പുകളുപയോഗിച്ചു പാടത്തുവന്നുചേരുന്ന പെയ്ത്തുനീരു ആറ്റിലേയ്ക്കു കളയുന്നതിനും വേണ്ട ഒരു പദ്ധതി നാഷണൽ എക്സ്റ്റെൻഷൻ സ്കീമിൽ ഉൾപ്പെടുത്തുവാൻ ഗവണ്മെന്റ് തയ്യാറാകുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 1157 ഏക്കർ 82 സെന്റ ഒരുപ്പു നിലങ്ങളുണ്ട്.

(ബി) വെള്ളപ്പൊക്കംമൂലം ആണ്ടുതോറും കൃഷിനശിക്കുന്നതായി പരാതികൾ ലഭിച്ചിട്ടില്ല.

(സി) അടുത്തകാലത്തു നികുതിയിളവോ, ധനസഹായമോ നൽകിയിട്ടില്ല.

(ഡി) ഗവണ്മെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. കട്ടപ്പൻ കോയിക്കൽ: ആണ്ടുതോറും ഇങ്ങനെ കൃഷിനാശം ഉണ്ടാകാറുണ്ടെങ്കിൽ എന്തെങ്കിലും രക്ഷാവ്യവസ്ഥകൾ ഇതിനകം ഗവണ്മെന്റ ചെയ്തിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: രക്ഷാവ്യവസ്ഥകൾ ഒന്നും ചെയ്തിട്ടില്ല.

ശ്രീ. കട്ടപ്പൻ കോയിക്കൽ: ഒരുലക്ഷത്തിഇരുപതിനായിരത്തിൽ പരം രൂപ ചെലവാക്കി പടിഞ്ഞാറെക്കല്ലട ഒരു ബണ്ടു് പൂർത്തിയാക്കിയിട്ടില്ലേ?

ശ്രീ. എ. അച്യുതൻ: ഉണ്ടെന്നാണു് തോന്നുന്നതു്.

ശ്രീ. കട്ടപ്പൻ കോയിക്കൽ: അതിനുശേഷം എത്ര പ്രാവശ്യം കൃഷിനാശം ഉണ്ടായെന്നു അറിയാമോ?

ശ്രീ. എ. അച്യുതൻ: നോട്ടീസുവേണം.

ശ്രീ. കട്ടപ്പൻ കോയിക്കൽ: മുൻകാലങ്ങളിൽ അവിടത്തെ കൃഷിക്കാർക്കു് കൃഷിനാശം സംബന്ധിച്ചു കരമിളവുചെയ്തുകൊടുത്തിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: ഉണ്ടെന്നാണു തോന്നുന്നതു്.

യാചകപ്രശ്നം.

* 650. [27] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ സംസ്ഥാനത്തു് എത്ര Beggar Relief Settlement ഉണ്ടു്; അവയുടെ ഭരണഭാരം ആരാണു് നടത്തുന്നതു്; അവയ്ക്കു വേണ്ടിവരുന്ന ചെലവെന്തു്; ഈ സ്ഥാപനങ്ങളെക്കൊണ്ടു് ഈ യാചകപ്രശ്നം എത്രത്തോളം പരിഹരിക്കപ്പെട്ടിട്ടുണ്ടു്;

(ബി) ഈ പ്രശ്നത്തിന്റെ പൂർണ്ണപരിഹാരത്തിനുവേണ്ടി ഇവയുടെ ഭരണം മുനസിപ്പാലിറ്റികളും ഗവണ്മെന്റിനും പ്രാതിനിധ്യമുള്ള ഒരു സമിതിയിലേയ്ക്കു് വിട്ടുകിട്ടണമെന്നു് മുനിസിപ്പാലിറ്റികൾ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പേരിൽ ഗവണ്മെന്റിന്റെ നയമെന്തു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) സംസ്ഥാനത്തു് മൂന്നു യാചകക്ഷേത്രങ്ങൾ ഉണ്ടു്. (പൊന്നുരുന്നി, പള്ളുരുത്തി, രാമവർമ്മപുരം) ഇവ ഹെൽത്തു ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിൽ നടക്കുന്നു. 1953-54-ൽ ചെലവു് 98978 രൂപയാണു്. പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല.

(ബി) ആവശ്യപ്പെട്ടിട്ടുള്ളതായി അറിവുണ്ടു്. ഈ കാര്യത്തിൽ ഗവണ്മെന്റ നയം ഉടനെ തീരുമാനിക്കുന്നതാണു്.

കറൻറ കട്ടിംഗ്.

* 651. [28] ശ്രീ. കെ. പി. ഹാർമിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 മാർച്ച്, ഏപ്രിൽ, മെയ് ഈ മാസങ്ങളിൽ എത്ര പ്രാവശ്യം കറൻറ കട്ട് (Current cut) ഉണ്ടായിട്ടുണ്ട്;

(ബി) കാരണമെന്താണ്;

(സി) കറൻറ് കട്ടുമൂലം കൃഷിനാശം വന്നിട്ടുണ്ടോ;

(ഡി) കറൻറ് കട്ട് നടപ്പിൽ വരുത്തുന്ന ഘട്ടങ്ങളിൽ വ്യവസായികൾക്കും, കൃഷിക്കാർക്കും മുന്നറിയിപ്പു നൽകാറുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ എ. അച്യുതൻ):

(എ) രണ്ടുപ്രാവശ്യം.

(ബി) പള്ളിവാസലിൽ ജലദൌർല്ലഭ്യം അനുഭവപ്പെട്ടതുകൊണ്ടും ചെങ്കുളം പ്ലാൻറ പ്രവർത്തനത്തിൽ കൊണ്ടുവരുന്നതിന് പ്രാരംഭമായ ജോലികൾ ചെയ്യുന്നതിലേയ്ക്ക് പള്ളിവാസൽ സ്റ്റേഷനിലെ വെള്ളത്തിൻെറ ഗതി മാറേറണ്ടിയിരുന്നതുകൊണ്ടും പവ്വർ കട്ട് ആവശ്യമായിരുന്നു.

(സി) കറൻറ കട്ടുമൂലം കൃഷിനാശം വന്നതായി ഗവണ്മെൻറിനു അറിവില്ല.

(ഡി) പ്രധാന ഉപഭോക്താക്കൾക്ക് കഴിയുന്നിടത്തോളം മുന്നറിയിപ്പു നൽകാറുണ്ട്.

ശ്രീ. കെ. പി. ഹാർമിസ്: കൃഷിനാശം കറൻറ കട്ടുകൊണ്ടു ഉണ്ടായിട്ടുണ്ടെന്നു കാണിച്ചു പരാതികൾ ലഭിച്ചിട്ടില്ലേ?

ശ്രീ. എ. അച്യുതൻ: പരാതികൾ ലഭിച്ചിട്ടുണ്ട്. എന്നാൽ വാസ്തവത്തിൽ കൃഷിനാശം ഉണ്ടായിട്ടില്ലെന്നാണറിവ്.

ശ്രീ. ടി. ഒ. ബാവാ: കറൻറ് കട്ടുമൂലം മേലാൽ കൃഷിനാശം ഉണ്ടാകാതിരിക്കാൻ വേണ്ട നടപടികൾ എടുക്കുമോ?

ശ്രീ. എ. അച്യുതൻ: ആലോചിക്കാം.

പട്ടികജാതി വിദ്യാർത്ഥികൾ.

* 652. [29] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1953–54 വിദ്യാഭ്യാസവർഷത്തിൽ വിവിധ കാളേജുകളിലായി പട്ടികജാതിവിദ്യാർത്ഥികൾ ഇൻറർ, ബി. എ., ബി. എസ്സി. എന്നീ ക്ലാസ്സുകളിൽ എത്രവീതം പഠിച്ചിരുന്നു;

(ബി) ഈ ക്ലാസ്സുകളിൽ പഠിച്ചിരുന്ന മററു പിന്നാക്കസമുദായ വിദ്യാർത്ഥികളുടെ എണ്ണം എത്രവീതം;

(സി) കാളേജുകളിൽ ഹരിജൻവിദ്യാർത്ഥികളുടെ എണ്ണം ക്ലിപ്തപ്പെടുത്തിക്കൊണ്ട് കല്പനയായതു കാരണം ആവശ്യക്കാരായ മുഴുവൻ വിദ്യാർത്ഥികൾക്കും കാളേജിൽ ചേരാൻ സാധിക്കാത്തതിനെ സംബന്ധിച്ചു വല്ല നിവേദനവും ഗവൺമെൻറിൽ കിട്ടിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു;

(ഇ) പട്ടികജാതി വിദ്യാർത്ഥി ഫെഡറേഷനിൽനിന്നു ഇക്കാലത്ത് എന്തെങ്കിലും നിവേദനം ലഭിക്കയുണ്ടായിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഇൻറർമീഡിയററു ക്ലാസ്സുകളിൽ 486-ം, ബി. ഏ. ക്ലാസ്സുകളിൽ 103-ം, ബി. എസ്സ്. സി. ക്ലാസ്സുകളിൽ 29-ം പട്ടിക ജാതി വിദ്യാർത്ഥികൾ പഠിച്ചുവരുന്നു.

(ബി) ഇൻറർമീഡിയററു ക്ലാസ്സുകളിൽ 843-ം, ബി. ഏ. ക്ലാസ്സുകളിൽ 138-ം, ബി. എസ്സ്. സി. ക്ലാസ്സുകളിൽ 44-ം മററു പിന്നാക്കസമുദായവിദ്യാർത്ഥികൾ പഠിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) കാളേജുകളിൽ പ്രവേശനം ലഭിച്ചിട്ടുള്ള എല്ലാ ഹരിജൻ വിദ്യാർത്ഥികൾക്കും സൗജന്യം അനുവദിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഗവൺമെൻറു വേണ്ട അന്വേഷണം നടത്തുകയാണ്.

ശ്രീ. പി. കെ. ചാത്തൻ: ഹരിജനവിദ്യാർത്ഥികളിൽനിന്നും ലൈബ്രറിഫീസ്, ഗയിംഫീസ്, മുതലായവ മുൻകൂറായി വാങ്ങിച്ചതിനുശേഷമാണ് പ്രവേശനം നൽകിയിട്ടുള്ളതെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: ഗവൺമെൻറിന് അങ്ങനെ അറിവില്ല.

Shri A. A. D. Luiz: May I know whether the list includes other backward communities also?

Shri P. K. Kunju: That is a matter that has to be looked into.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഹരിജനവിദ്യാർത്ഥികൾ എന്നു പറയുന്നവരുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക തയ്യാറാക്കിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: ആരുടെ ജാതിതിരിച്ചുള്ള പട്ടികയാണ്?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: പട്ടികജാതിക്കാരുടെ.

ശ്രീ. പി. കെ. കുഞ്ഞ്: ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: പട്ടികജാതിക്കാർ എന്നു പറഞ്ഞാൽ, പട്ടികയിലെ ജാതിക്കാർ എന്നല്ലേ അർത്ഥമാക്കേണ്ടത്?

ശ്രീ. പി. കെ. കുഞ്ഞ്: അങ്ങനെ വേണമെന്നില്ല. ജാതികളുടെ പട്ടികയെന്നും ധരിക്കാം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അങ്ങനെയാണെങ്കിൽ, ആ പട്ടിക ജനംതിരിച്ചു് ഇവിടെ അവതരിപ്പിക്കേണ്ടതല്ലേ?

ശ്രീ. പി. കെ. കുഞ്ഞു്: അങ്ങനെ ആവശ്യപ്പെടുകയാണെങ്കിൽ അവതരിപ്പിക്കാം.

ശ്രീ. കെ. കൊച്ചുകുട്ടൻ: 1953-ൽ നടത്തിയ സ്കൂൾ ഫൈനൽ പരീക്ഷയിൽ പട്ടികജാതിക്കാരിൽ എത്രപേർ പാസ്സായി എന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: അതു് ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ പറയാം.

ശ്രീ. സി. സി. അയ്യപ്പൻ: ഹരിജനവിദ്യാർത്ഥികളിൽനിന്നും, മററു വിദ്യാർത്ഥികളിൽ നിന്നെന്നപോലെ, ക്ലാസ്സുഫീസിനു പുറമെ മററു തരത്തിലുള്ള ഫീസുകൾ പിരിച്ചുവരുന്നതു് നിറുത്തലാക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: ആ കാര്യത്തെപ്പററി ഇപ്പോൾ മറുപടി പറയാൻ സാദ്ധ്യമല്ല.

ശ്രീ. പി. എം. മാർക്കോസ്: 1953-ൽ സ്കൂൾഫൈനൽ പരീക്ഷ പാസ്സായ എത്ര ഹരിജൻ ക്രിസ്ത്യാനികളുണ്ടെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: അന്വേഷിച്ചു പറയാം.

കാളേജു വിദ്യാർത്ഥികൾ.

*653. [30] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പിന്നാക്കസമുദായോദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954-ൽ സഹായധനം നൽകി വിദ്യാഭ്യാസം ചെയ്യിച്ചിരുന്നതിൽക്കൂടുതൽ കാളേജുവിദ്യാർത്ഥികളുടെ അപേക്ഷകൾ 1954-ൽ കിട്ടാൻ ഇടയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിദ്യാർത്ഥികളുടെ എണ്ണം എത്ര;

(സി) ഇവരുടെ ജാതിതിരിച്ചുള്ള പട്ടിക മേശപ്പുറത്തു വയ്ക്കാമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഉണ്ടു്, എന്നു പറയാൻ കാലമായിട്ടില്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

Shri A. A. D. Luiz: May I know whether Government are aware that private Schools and Colleges are allowing fee concession and whether those institutions are being reimbursed by Government in the amounts they incur as loss by way of fee concessions?

Shri P. K. Kunju: Government are not aware of that fact.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. 1954-ൽ സഹായധനം നൽകി വിദ്യാഭ്യാസം ചെയ്യിച്ചു വന്നതിൽക്കൂടുതൽ കാളേജുവിദ്യാർത്ഥികളുടെ അപേക്ഷകൾ 1954-ൽ കിട്ടാൻ ഇടയായിട്ടുണ്ടോ എന്നു ചോദിച്ചപ്പോൾ കിട്ടിയിട്ടുണ്ടെന്നുള്ള അർത്ഥത്തിലാണ് ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞത്. ഞങ്ങൾക്ക് ഇതിന്റെ പൊരുൾ മനസ്സിലാകുന്നില്ല. അതായത്, 1954-ൽ കിട്ടിയതിനേക്കാൾ കൂടുതൽ അപേക്ഷകൾ 1954-ൽ തന്നെ എങ്ങനെ കിട്ടുന്നാണ്?

ശ്രീ. പി. കെ. കുഞ്ഞ്: ഉണ്ടെന്നു പറയാൻ കാലമായിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്.

Mr. Speaker: The question and the answer are not clear.

Sea Erosion.

*654. [31] **Shri P. Viswambharan:** Will the Minister for Works and Transport be pleased to state whether the Government intend to take any measure to prevent sea erosion at Poonthura, Panathura and other coastal areas in Trivandrum District?

Minister for Works and Transport (**Shri A. Achuthan**) Yes. By strengthening the existing groynes and by constructing additional groynes.

ശ്രീ കെ. സി. എബ്രഹാം: ഇക്കൊല്ലം കടലാക്രമണംകൊണ്ട് എത്ര ഏക്കർ ഭൂമി ഇതേവരെ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് ഗവണ്മെന്റ് ഒരു കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: അതിന് പ്രത്യേകം ഒരു ചോദ്യം അയച്ചാൽ ഉത്തരം പറയാം.

ഏ. ബി. സി. ഡിപ്പാർട്ടുമെന്റ്.

*655. [33] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു ഓരോ ഡിസ്ട്രിക്റ്റിലും ഓരോ ഡിവിഷൻ ആഫീസുകൾ തുറന്നു ഏ. ബി. സി. ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ ആവശ്യപ്പെട്ടുകൊണ്ട് വല്ല പ്രമേയവും ഗവണ്മെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയാണ് നടത്തുവാനുദ്ദേശിക്കുന്നത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ട്.

(ബി) ഗവണ്മെന്റ് അതിന്റെ പ്രവർത്തനസാധ്യതയെക്കുറിച്ചു ഡിപ്പാർട്ടുമെന്റ് മേലധ്യക്ഷന്റെ അഭിപ്രായം അന്വേഷിച്ചിരിക്കയാണ്. മാത്രമല്ല, ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ വിപുലമാ

ക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉപദേശങ്ങളും യഥാസമയം നൽകുന്നതിന് ഒരു സബ്കമ്മിറ്റിയെയും നിയമിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ പ്രയോജനം ഉപയോഗപ്പെടുത്തിയതിനുശേഷം ഈ സംഗതിയിൽ വേണ്ടതായ തീരുമാനം ഗവണ്മെന്റ് എടുക്കുന്നതാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: എൻ. ഇ. എസ്. ഡിപ്പാർട്ടുമെന്റിന് വേണ്ടത്ര സ്റ്റാഫ് ഇല്ലാത്തതുകൊണ്ട് ആ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം മുന്നോട്ടു പോകുന്നില്ലെന്ന് ഗവണ്മെന്റിനറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നുണ്ട്. പ്രവർത്തനത്തിനു തക്കതും ആവശ്യമുള്ള സ്റ്റാഫിന്റെ കുറവുണ്ടെന്ന് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: വേണ്ടത്ര സ്റ്റാഫില്ലാത്തതുകൊണ്ട് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു പോകുന്നില്ലെന്ന് ഗവണ്മെന്റിന് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുപോകുന്നുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ എൻ. ഇ. എസ്. ഡിപ്പാർട്ടുമെന്റ് ഒരു മേജർ ഡിപ്പാർട്ടുമെന്റായി ഉയർത്തുവാൻ ഗവണ്മെന്റ് ആലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞ്: അതിനെക്കുറിച്ച് ഇതേവരെ ആലോചിച്ചിട്ടില്ല.

ശ്രീ. ചങ്ങരംപള്ളി പി. നാരായണൻ പോറ്റി: എൻ. ഇ. എസ്. ഡിപ്പാർട്ടുമെന്റ് എന്നു പറഞ്ഞാൽ ഏതു ഡിപ്പാർട്ടുമെന്റാണ്?

ശ്രീ. പി. കെ. കുഞ്ഞ്: അഡ്വാൻസ്മെന്റ് ഓഫ് ബാക്ക്‌വേഡ് കമ്മ്യൂണിറ്റീസ് എന്നാണ്.

ട്രാൻസ്പോർട്ട് ചാർജ്.

* 656. [34] ശ്രീ. പി. ജെ. സെബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കുറിച്ചിയിൽ നിന്നും എട്ടു മൈൽ മാത്രം ദൂരമുള്ള കോട്ടയത്തേയ്ക്ക് 5 അണ, വീതം ട്രാൻസ്പോർട്ട് ചാർജ് ഈടാക്കിവരുന്നതു കൂടുതലാണെന്നും അതു കുറവു ചെയ്തുകിട്ടണമെന്നും കാണിച്ച് ഗവണ്മെന്റിന് പല നിവേദനവും കിട്ടിയിട്ടുണ്ടോ;

(ബി) മേൽപ്രകാരം ഈ കൂടുതലായി ഈടാക്കിവരുന്ന ചാർജ്ജ് കുറവുചെയ്യുന്നതിന് വേണ്ട നടപടികൾ നടത്തുവാൻ ഗവണ്മെന്റ് തയ്യാറാകുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ): (എ) ഉണ്ട്.

(ബി) അന്വേഷിച്ച് വേണ്ടതു ചെയ്യാം.

ശ്രീ. എൻ. പരമേശ്വരൻപിള്ള: ഒരു മൈലിന് എന്തു കൂലി നിരക്കാണ് ഉള്ളത്?

ശ്രീ. എ. അച്യുതൻ: 6 പൈസ.

ശ്രീ. എൻ. പരമേശ്വരൻപിള്ള: ഏററവും കുറഞ്ഞ കൂലി എന്താണ്?

ശ്രീ. എ. അച്യുതൻ: 2 അണ.

ശ്രീ. എൻ. പരമേശ്വരൻപിള്ള: ആ നിലയിൽ കുറിച്ചിയിൽ നിന്ന് കോട്ടയത്തേയ്ക്കുള്ള ട്രക്ക് ചാർജ്ജ് കുറയ്ക്കാമല്ലോ?

ശ്രീ. എ. അച്യുതൻ: കുറിച്ചിയിൽ നിന്ന് കോട്ടയത്തേയ്ക്കുള്ള ദൂരം കണക്കാക്കിയിരിക്കുന്നതു കുറിച്ചി പോലീസ്സ്റ്റേഷനിൽനിന്നാണ്. കുറിച്ചി പോലീസ്സ്റ്റേഷനിൽ നിന്ന് കോട്ടയത്തേയ്ക്ക് 8 മൈലിൽ കൂടുതൽ ഉണ്ട്. അതുപോലെ മൈലിന് അര അണവച്ച് കണക്കാക്കിയാൽ 4 അണ വരും. കുറച്ചു കൂടുതൽ ഉള്ളതിന് ഒരു റൌണ്ട് ഫിഗർ വച്ച് അങ്ങനെ 5 അണ നിശ്ചയിച്ചു.

ആയുർവ്വേദ ആസ്പത്രികൾ.

* 657. [35] ശ്രീ. തേമ്പിൽ ഭാസ്കരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും പൊതുജനാരോഗ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ ആയുർവ്വേദ ആസ്പത്രികൾ സ്ഥാപിക്കുന്നതിന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അങ്ങനെ സ്ഥാപിക്കുന്ന ആയുർവ്വേദ ആസ്പത്രികളിൽ കഴിയുന്നത്ര ഗ്രാൻറ വൈദ്യന്മാരെ നിയമിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) കൂടുതൽ ആയുർവേദ ആസ്പത്രികൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(ബി) പരീക്ഷായോഗ്യതയും പരിശീലനവും ലഭിച്ചിട്ടുള്ള ഗ്രാൻറവൈദ്യന്മാരുടെ അവകാശങ്ങൾക്ക് മുൻഗണന നൽകണമെന്ന് ഗവണ്മെൻറിന് അഭിപ്രായമുണ്ട്. നിയമനം നടത്തുന്നത് പബ്ലിക്ക് സർവ്വീസ് കമ്മിഷനാണ്.

ശ്രീ. തേമ്പിൽ ഭാസ്കരൻപിള്ള: കൂടുതൽ ആയുർവ്വേദ ആസ്പത്രികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പറഞ്ഞു. എവിടെയെല്ലാമാണ് ഇക്കൊല്ലം ആസ്പത്രികൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരിക്കുന്നതു എന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അതേക്കുറിച്ച് ഒരു തീരുമാനം ചെയ്തിട്ടില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: കോട്ടയം ടൗണിൽ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണമെന്ന് ഗവണ്മെന്റ തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: അവിടെ ഒരു ഡിസ്പെൻസറി ഉണ്ട്; ആശുപത്രി ഇല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ആ ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്തുവാൻ ഗവണ്മെന്റ തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: ഇല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അങ്ങനെ ഒരു തീരുമാനം എടുത്തതിനുശേഷം ഒരു പി. എസ്. പി. സ്ഥാനാർത്ഥിയുടെ നിയോജകമണ്ഡലത്തിലേക്കു മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: ഇല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അങ്ങനെയാണെങ്കിൽ കോട്ടയം ടൗണിൽ ഒരു ആശുപത്രി സ്ഥാപിക്കുവാൻ ഗവണ്മെന്റ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: അതിനെപ്പറ്റി പറയുവാൻ വിഷമമാണ്.

ശ്രീ. പി. ഭാസ്കരൻ നായർ: കോട്ടയം ടൗണിൽ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണമെന്ന് നഗരസഭാദ്ധ്യക്ഷന്റെ നിവേദനം ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: അങ്ങനെ ഒരു നിവേദനം കിട്ടിയിട്ടുണ്ട്.

ശ്രീ. എ. എ. റഹിം: ആയുർവേദ ആശുപത്രി സ്ഥാപിക്കുന്നതിന് അലോപ്പതിക് ആശുപത്രികളുടേതുപോലെ കെട്ടിടവും സ്ഥലവും പൊതുജനങ്ങളും കൊടുക്കണമെന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: കെട്ടിടവും സ്ഥലവും കിട്ടിയാൽ കൂടുതൽ സൗകര്യമായിരിക്കും.

ശ്രീ. കെ. എം. ജാർജ്: ഓരോ താലൂക്കിലെങ്കിലും ഓരോ ആയുർവ്വേദാശുപത്രി കൊടുക്കുവാൻ ഗവണ്മെന്റ തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞ്: അതു ഗവണ്മെന്റിന്റെ സാമ്പത്തിക സ്ഥിതിയേയും ജനങ്ങളുടെ ആവശ്യത്തേയും ആശ്രയിച്ചിരിക്കുന്നതാണ്; ആലോചിച്ചു വേണ്ടതു ചെയ്യാം.

ശ്രീ. കെ. കൊച്ചുകുട്ടൻ: ഒരു ക്ലിപ്തകാലയളവിൽ ഇന്നയിന്ന സ്ഥലങ്ങളിലെല്ലാം ആയുർവേദ ആശുപത്രി സ്ഥാപിക്കുന്നതാണെന്നു ഒരു പട്ടിക തയ്യാറാക്കി അതനുസരിച്ച് പ്രവർത്തിക്കുവാൻ ഗവണ്മെന്റ് ആലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞ്: അതു ആലോചിക്കാം.

ശ്രീ. പി. ഭാസ്കരൻ നായർ: കൊല്ലം ഡിസ്ട്രിക്റ്റിന്റെ തലസ്ഥാനനഗരിയിൽ ഉള്ളതുപോലെ കോട്ടയം ഡിസ്ട്രിക്റ്റിന്റെ തലസ്ഥാന നഗരിയിലും ഒരു ആശുപത്രി സ്ഥാപിക്കുന്നതിനു് ഗവണ്മെന്റ ശ്രദ്ധിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: അങ്ങനെ ഡിസ്ട്രിക്റ്റിന്റെ തലസ്ഥാന നഗരിയിൽ ആശുപത്രി വേണമെന്നുള്ള തത്വം സ്വീകരിക്കുമ്പോൾ അപ്രകാരം ചെയ്യാം.

ശ്രീ. പി. ഭാസ്കരൻനായർ: കോട്ടയത്തുമാത്രം അങ്ങനെ സ്ഥാപിക്കുമോ അതോ എല്ലാ ഡിസ്ട്രിക്റ്റിന്റെയും തലസ്ഥാനനഗരിയിൽ സ്ഥാപിക്കുന്നതിനു് തീരുമാനിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: അതു് ഒരു പൊതുനയമായി ഗവണ്മെന്റ സ്വീകരിച്ചിട്ടില്ല. ഡിസ്ട്രിക്റ്റിന്റെ തലസ്ഥാന നഗരിയിലുള്ളവർക്കുമാത്രം ചികിത്സാസൗകര്യം ലഭിച്ചാൽ പോരെന്നുണ്ടു്.

ആയുർവേദം.

* 658. [36] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: താഴെ കാണുന്ന ചോദ്യത്തിനു് തദ്ദേശസ്വയംഭരണവും പൊതുജനാരോഗ്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

അലോപ്പതി ചികിത്സാസമ്പ്രദായത്തിനു തുല്യമായ പരിഗണന ആയുർവ്വേദത്തിനു് നൽകുന്നതിനെപ്പറ്റിയും ആയുർവ്വേദ ഡിപ്പാർട്ടുമെന്റിനെ ഒരു മേജർ ഡിപ്പാർട്ടുമെന്റായി ഉയർത്തുന്നതിനെപ്പറ്റിയും ഗവണ്മെന്റിന്റെ മനോഭാവമെന്താണു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്): ആയുർവ്വേദചികിത്സ കൂടുതൽ പ്രചരിപ്പിക്കുന്നതു് പ്രയോജനകരമാണെന്നു ഗവണ്മെന്റിനു് അഭിപ്രായമുണ്ടു്. ആ ഡിപ്പാർട്ടുമെന്റിന്റെ വികസനകാര്യവും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ഇരിക്കുകയാണു്. മുൻകൊല്ലങ്ങളെ അപേക്ഷിച്ചു് ഇക്കൊല്ലം ആയുർവേദ ആശുപത്രികളുടെ എണ്ണം കൂട്ടുകയും കൂടുതൽ ഔഷധങ്ങളും സൗകര്യങ്ങളും രോഗികൾക്കു നൽകുകയും ചെയ്യുന്നതിനു് ഗവണ്മെന്റ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: എന്റെ ചോദ്യം മനസ്സിലാക്കാതെയാണു് ബഹുമാനപ്പെട്ടമന്ത്രി ഉത്തരം പറഞ്ഞിട്ടുള്ളതു്. എന്റെ ചോദ്യം അലോപ്പതി ചികിത്സാസമ്പ്രദായത്തിനു് തുല്യമായ പരിഗണന ആയുർവ്വേദത്തിനു് കൊടുക്കുവാൻ ഗവണ്മെന്റ വിചാരിക്കുന്നുണ്ടോ എന്നാണു്?

ശ്രീ. പി. കെ. കുഞ്ഞു്: അലോപ്പതി ചികിത്സാസമ്പ്രദായത്തിനു തുല്യമായ പരിഗണന ആയുർവേദത്തിനു കൊടുക്കുന്നകാര്യം ഗവണ്മെന്റിന്റെ ആലോചനയ്ക്കു വിധേയമായിട്ടില്ല. അതിനെപ്പറ്റി ഗവണ്മെന്റ ഒരു നയം രൂപീകരിച്ചിട്ടില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: നാട്ടുചികിത്സാസമ്പ്രദായം പ്രചരിപ്പിക്കുന്നതല്ലേ ഗവണ്മെന്റിന്റെ നയം?

ശ്രീ. പി. കെ. കുഞ്ഞ്: [illegible]

ശ്രീ. തോപ്പിൽ ഭാസ്കരപിള്ള: [illegible] കൊടുക്കാനാണല്ലൊ?

ശ്രീ. പി. കെ. കുഞ്ഞ്: [illegible]

ശ്രീ. തോപ്പിൽ ഭാസ്കരപിള്ള: [illegible] ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: കിട്ടിയിട്ടുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരപിള്ള: [illegible] ഗവണ്മെന്റിനു [illegible]?

ശ്രീ. പി. കെ. കുഞ്ഞ്: [illegible] മെഡിക്കൽ [illegible] കാളേജധികൃതന്മാരുടെയും [illegible] പരിഗണനയിലാണ്.

ശ്രീ. തോപ്പിൽ ഭാസ്കരപിള്ള: മെഡിക്കൽ കൌൺസിലിന്റെ [illegible] ഗവണ്മെന്റിനറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: നിശ്ചയിക്കുവാൻ തരമായിട്ടില്ല.

കുഴൽക്കിണർ.

* 659. [37] ശ്രീ. പി. കെ. യശോധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി [illegible] എല്ലാം നടപ്പാക്കുന്നതിനു ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) [illegible] ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം [illegible];

(സി) കുഴൽക്കിണർ സ്ഥാപിക്കുന്നതിനു [illegible] എല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) എത്ര കുഴൽക്കിണർ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്?

Shri P. K. Yasodharan: Sir, I want the answer to (d) alone.

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(ഡി) [illegible] കൊല്ലം, [illegible], ചേർത്തല, [illegible] എന്നീ താലൂക്കുകളെ ഉദ്ദേശിച്ച് [illegible] പദ്ധതി [illegible] സംസ്ഥാന [illegible] ഗവണ്മെന്റിന്റെ [illegible] അയച്ചിട്ടുണ്ട്. [illegible] ഈ [illegible] ഗവണ്മെന്റിന്റെ ഉദ്ദേശം. [illegible] 25 വീതം ആകെ 200 കുഴൽക്കിണറുകളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതിനുപുറമെ കൊല്ലം, [illegible]

പ്രദേശ പട്ടണങ്ങളിലേയ്ക്കു് ശുദ്ധജലം നൽകുന്നതിനും എറണാകുളം, മട്ടാഞ്ചേരി എന്നീ പട്ടണങ്ങളിലെ ശുദ്ധജലവിതരണം സമൃദ്ധമാക്കുന്നതിനും ഉള്ള ഒരു പദ്ധതിയും നാഷണൽ വാട്ടർസപ്ലൈ ആൻഡ് സാനിട്ടേഷൻ സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരത്തിനു് അയച്ചിട്ടുണ്ടു്.

Mr. Speaker: Order, order. We shall now take up the Short Notice Question.

SHORT NOTICE QUESTION.

Territorial jurisdiction of the Inspecting Officers of the Education Department.

*2. [3] **Shri P. Ravindran:** Will the Chief Minister be pleased to state:

(*a*) whether Government have given effect to the orders sanctioning the delimitation of the territorial jurisdiction of the various Inspecting Officers of the Education Department;

(*b*) whether the pakuthies of Paravoor and Meenad in the Quilon Taluk have been included in the Trivandrum District;

(*c*) whether the Government have received a representation requesting that Paravoor and Meenad pakuthies should be retained in the Quilon District; and

(*d*) whether the Government are aware of the serious difficulties likely to be caused to the public by the inclusion of the two pakuthies in the Trivandrum District?

Chief Minister **(Shri A. Thanu Pillai):** (*a*) Yes. The delimitation has come into effect from 1-8-1954.

(*b*) According to the delimitation of jurisdiction of the several Inspecting Officers in the new set up, the Pakuthies of Paravoor and Meenad in the Quilon taluk have been included in the Trivandrum District.

(*c*) Oral representation has been made to the Education Minister.

(*d*) There are 17 Primary and 7 Middle Schools in the pakuthies of Meenad and Paravoor. These Primary and Middle Schools are under the control of the Inspector of Primary and Middle Schools, Varkala. There will not therefore be any difficulty so far as these schools are concerned. As regards High Schools, there are only two private schools and one Departmental High School at the place. There is also a private Sanskrit High School. These High Schools are under the control of the District Educational Officer, Trivandrum, for inspectional purposes. There can be no difficulty to the public due to this arrangement.

ശ്രീ. പി. രവീന്ദ്രൻ: ഇതിനു് ഞാൻ കൂടി ഒപ്പിട്ട ഒരു പരാതി ബഹുമാനപ്പെട്ട മന്ത്രിക്കു് നൽകിയിട്ടില്ലേ?

ശ്രീ. എ. താണുപിള്ള: എന്നെ കണ്ടു ഇതിനെപ്പറ്റി സംസാരിച്ചു.

ശ്രീ. പി. രവീന്ദ്രൻ: ഞാൻ നേരിട്ട് ഒരു പെറ്റീഷൻ അയച്ചിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: അങ്ങനെ ഒന്നു കിട്ടിയിട്ടില്ല.

ശ്രീ. പി. രവീന്ദ്രൻ: ഞാൻ ഈ പെറ്റിഷൻ അയച്ചതു്.......

Shri A. Thanu Pillai: The answer before me is that 'no such representation has been received'. But I remember some Members came and spoke to me. That is why I said that oral representation has been made to me.

ശ്രീ. പി. രവീന്ദ്രൻ: എന്റെ പരാതി ഗവണ്മെന്റു സിക്രട്ടറിയേറ്റിൽ കിട്ടിയതായിട്ട് എനിക്ക് മെമ്മോ കിട്ടിയിട്ടുണ്ട്.

Shri A. Thanu Pillai: The answer before me is that "no such representation has been received." Probably after this answer was prepared, the Member sent some written representation. I remember only that some friends *came and spoke to me* about it.

ശ്രീ. പി. രവീന്ദ്രൻ: തിരുവനന്തപുരം ഡിസ്ട്രിക്റ്റിലുള്ള ആഫീസറെ കാണാനായിട്ട് കൊല്ലത്തുനിന്ന് ആളുകൾ വരുന്നതു് വളരെ പ്രയാസമായിട്ടുള്ളതെന്നു ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: അങ്ങനെ പ്രയാസമുള്ളതായി ഗവണ്മെന്റു വിചാരിക്കുന്നില്ല. ആളുകൾ വന്നു് എക്സിക്യൂട്ടീവ് ആഫീസറെ കാണണമെന്നില്ല.

ശ്രീ. പി. രവീന്ദ്രൻ: [illegible]ക്കലയിൽനിന്നു കൊല്ലത്തു വന്നുകൊണ്ടിരുന്ന ആളുകൾക്ക് മേലിൽ തിരുവനന്തപുരത്തു് വരേണമെങ്കിൽ അതു് ബുദ്ധിമുട്ടല്ലേ?

ശ്രീ. എ. താണുപിള്ള: ഓഫീസുകൾക്ക് ചില കാര്യങ്ങൾ അറേഞ്ച് ചെയ്യുമ്പോൾ പലർക്കു കുറെ അസൗകര്യങ്ങളൊക്കെ വരും.

UNSTARRED QUESTIONS.

Thengamputhur Channel.

163 [4]. **Shri P. Thanulingom Nadar:** Will the Minister for Works and Transport be pleased to state:

(*a*) is there any proposal to extend the Thengamputhoor Channel or Athikadai Channel;

(*b*) whether estimates have been prepared and sanctioned for any one of them; and

(*c*) if there are no proposals so far, whether Government proposes to take up the work in the immediate future?

Answer.

(a) There have been proposals to extend the Thengamputhoor and Athikadai Channels.

(b) No.

(c) It is not proposed to take up the works in the immediate future.

ജലവിതരണപദ്ധതി.

164 [8] ശ്രീ. റ്റി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പട്ടണത്തിലെ ജലവിതരണപദ്ധതിയെ സംബന്ധിച്ച് അന്വേഷണം നടത്തുവാൻ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച റിപ്പോർട്ടും കണക്കും ലഭിച്ചിട്ടുണ്ടോ;

(സി) ജലവിതരണപദ്ധതിക്കുള്ള സംഖ്യ 1954-55-ലെ ബഡ്ജറ്റിൽ കൊള്ളിക്കുവാൻ നോക്കേണ്ടതാണെന്ന് ഗവണ്മെന്റിൽനിന്നും കല്പന കൊടുത്തിട്ടുണ്ടോ; ഈ ബഡ്ജറ്റിൽ ആയതിനു വേണ്ട സംഖ്യ വകയിരുത്തുവാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) Investigation നടത്താനായി ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിരുന്നു.

(ബി) ഒരു preliminary റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

(സി) എട്ടുലക്ഷംരൂപ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്.

കൊക്കോട്ടു ചിറക്കുളം.

165. [17] ശ്രീ. പി. ജെ. സെബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തൃക്കൊടിത്താനത്തുള്ളതും ഏഴ് ഏക്കറോളം വിസ്തീർണ്ണമുള്ളതുമായ കൊക്കോട്ടു ചിറക്കുളം മണ്ണും ചെളിയും കയറി നികന്നു കിടക്കുന്നതു മാറ്റി ടി കുളം നന്നാക്കി പൊതുജനോപകാരപ്രദമായ രീതിയിൽ ആക്കിച്ചു കിട്ടുന്നതിന് വല്ല നിവേദനവും കിട്ടി, നടപടി നടത്തിയിട്ടുണ്ടോ;

(ബി) ടി കുളം നികന്ന് ഉപയോഗയോഗ്യമല്ലാതെ കിടക്കുന്നതു മൂലം സമീപമുള്ള പാടങ്ങളിൽ കാലാകാലത്തു വെള്ളം കിട്ടാതെ കൃഷിക്കാരും, കുളിക്കാനും കുടിക്കാനും ഉപയോഗിച്ചുവരുന്ന സമീപസ്ഥരായ പൊതുജനങ്ങളും വളരെ കഷ്ടനഷ്ടങ്ങളും ബുദ്ധിമുട്ടുകളും സഹിച്ചുവരുന്നുണ്ടോ;

(സി) ടി കുളം ഈ വർഷത്തിൽതന്നെ നന്നാക്കിച്ചു കൊടുക്കുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

ഉത്തരം.

(എ) ഈ കുളം നന്നാക്കുന്നതിന് 4,570 രൂപയുടെ ഒരു എസ്റ്റിമേറ്റിൻപ്രകാരമുള്ള വേല 1953-ൽ ചെയ്തുതീർക്കുകയുണ്ടായി. എങ്കിലും അതിൽപിന്നീട് വീണ്ടും നികന്നിട്ടുള്ള മണ്ണു മാറ്റിയും മറ്റും ടി കുളം ഇപ്പോഴും നന്നാക്കേണ്ടത് ആവശ്യമായിരിക്കുന്നുവെന്നു ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അറിവില്ല.

(സി) ഇതിനെപ്പറ്റി ആലോചിക്കുന്നതാണ്.

Adjournment Motion.

Re: Discharge of toddy tappers.

Mr. Speaker: Order, order, Question time is over. I have received notice of an Adjournment Motion from [12 Noon.] Mr. K A. Balan which reads thus:

"അന്തിക്കാട് പരിസരങ്ങളിലുമായി ആയിരത്തിലധികം ചെത്തുതൊഴിലാളികളെ ലേബർ കമ്മീഷണർ ഉണ്ടാക്കിയ ഒത്തുതീർപ്പുവ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഷാപ്പുടമകൾ പിരിച്ചുവിട്ടിരിക്കുന്നതിനാൽ സംജാതമായ അടിയന്തിരവും പൊതുപ്രാധാന്യവുമുള്ള അടിയന്തിര പരിതസ്ഥിതികളെക്കുറിച്ചു ചർച്ച ചെയ്യുന്നതിനു സഭാനടപടികൾ നീട്ടിവയ്ക്കുവാൻ ഞാൻ ആവശ്യപ്പെടുന്നു."

ഈ പ്രമേയത്തിനു സഭാനടപടികൾ നിർത്തിവയ്ക്കത്തക്ക പ്രാധാന്യം ഇല്ലാത്തതുകൊണ്ട് മിനിസ്റ്ററുമായി സമ്പർക്കത്തിൽ ഏർപ്പെട്ട് ഇതിനു നിവൃത്തിനേടുവാൻ ഞാൻ മി. കെ. ഏ. ബാലനോട് ആവശ്യപ്പെടുന്നു. അതിനാൽ അടിയന്തിരപ്രമേയം തള്ളിയിരിക്കുന്നു.

Extension of Session.

Announcement by the Speaker.

Mr. Speaker: Now, I have to make an announcement. As announced by me on the 2nd August 1954, the Session will be extended by a day more, *i. e.*, Monday the 9th August, for transacting the business originally scheduled for the 2nd August. In addition, such of the non-official bills in respect of which notices for introduction are received will also be taken up on that day.

RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST

Mr. Speaker: The list of the resolutions has already been circulated. Now, Mr. Kesavan Sastri will move his resolution.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, ഞാൻ അവതരിപ്പിക്കുന്ന പ്രമേയം ഇതാണ്—"കുടികിടപ്പു നിരോധന ആക്ട് നടപ്പിൽ വന്നതിനുശേഷം, കുടികിടപ്പുകാരും വസ്തുഉടമസ്ഥന്മാരും, തമ്മിൽ വിരുദ്ധകക്ഷികളായിത്തീർന്ന്, പലവിധ ബുദ്ധിമുട്ടുകളും, വിഷമതകളും ഉടവന്നിരിക്കുന്നതിനാൽ, പ്രസ്തുത വിഷമപ്രശ്നത്തിന്, സത്വരവും സുഗമവുമായ മാർഗ്ഗം ആരായുന്നതിനും, ന്യായോചിതമായ പരിഹാരം നിർദ്ദേശി

ക്കുന്നതിനുമായി, നിയമസഭാസാമാജികന്മാരുൾപ്പെട്ട ഒരു കമ്മിററി രൂപീകരിച്ച് രാജ്യവ്യാപകമായ അസ്വസ്ഥതയ്ക്കു വേണ്ട സത്വരനടപടികൾ എടുക്കണമെന്ന് ഈ അസംബ്ളി ഗവണ്മെൻറിനോട് ശുപാർശ ചെയ്തുകൊള്ളുന്നു."

ബാലററിൽ, എൻെറ ഈ പ്രമേയത്തിന് പ്രഥമസ്ഥാനം ലഭിച്ചു. ഞാനതിൽ, സന്തോഷിക്കുന്നുണ്ട്. മാത്രമല്ല സന്ദർഭത്തിൻെറ പ്രത്യേകതയെ അനുസ്മരിക്കുന്നുമുണ്ട്. അവിചാരിതമായി നമ്മുടെ രാഷ്ട്രീയാന്തരീക്ഷത്തിൽ കണ്ട കാറും പിശറും നീങ്ങിയിരിക്കയാണല്ലോ. എൻെറ പ്രമേയം തികച്ചും പൊതുപ്രാതിനിധ്യത്തിനു വിധേയമാണ്. അടകുടിക്കാർ അന്യരുടെ സ്ഥലങ്ങളിൽ വീടുകൾവച്ച് പരമ്പരയാ പാർത്തുവരുന്നവരാണ്. അതുകൊണ്ടുതന്നെയാണ് ഇവരെ അടകുടിക്കാരെന്ന് പറയാൻ ഇടയായിട്ടുള്ളതു്. അടകുടിക്കാർ വസ്തു ഉടമസ്ഥർക്ക് വിധേയരായിരുന്നു. തന്നിമിത്തം ഇരുകൂട്ടരും പരസ്പരം സൗഹാർദ്ദത്തിൽ കഴിഞ്ഞുകൂടിയിരുന്നു. അടകുടിക്കാരുടെ പെരുമാററവും മററു പരിതഃസ്ഥിതികളും നിമിത്തം വസ്തു ഉടമസ്ഥർക്ക്, അടകുടിക്കാരെ ഇറക്കിവിടാമായിരുന്നു. താമസവും, സൗകര്യവും, കൃഷിയും, ജീവിതവുമെല്ലാം ഇണങ്ങിയിരുന്നാലും ഇറക്കിവിടാനും, ഇറങ്ങിപ്പോകാനും ഇടയുണ്ടായിരുന്നതിനാൽ, അടകുടിക്കാർ വളരെ മുൻപു മുതലേ മിക്കവാറും സങ്കടങ്ങളനുഭവിക്കുകയായിരുന്നു. ഭൂമിയുടെ മേൽ വിശേഷിച്ച് മനുഷ്യനുള്ള ജന്മാവകാശവും ലയനാവകാശവും, നിഷേധിക്കപ്പെടാവുന്നതല്ലല്ലോ. എങ്കിലും ലൗകികമായ ഉടമസ്ഥാവകാശമില്ലാതെ കഴിയാൻ ഇടയായിട്ടുള്ളവർ ഇന്നും അടകുടിക്കാരായിത്തന്നെ, അങ്ങനെ കഴിഞ്ഞുകൂടുകയാകുന്നു.

ഈ അടകുടിപ്രശ്നം നായരേയും ക്രിസ്ത്യാനിയേയും ഈഴവനേയും മുസ്ലീമിനേയും എന്നുമാത്രമല്ല, നാം കേട്ടിരുന്ന അൻപത്തിയാറ് ജാതിയേയും, നൂററാറ അംശകുലത്തേയും ഒന്നുപോലെ ബാധിക്കുന്നതാണ്. എല്ലാപേരും മണ്ണിൻെറ മക്കളായി ഇവിടെ കഴിയുന്നുവെങ്കിലും അധികം പേർക്കും ഇന്ന് സമാധാനമില്ലാതെ കഴിയുവാനാണിടയായിട്ടുള്ളതു്. പൊന്തിവരുന്ന അസ്വസ്ഥതകൾക്കെല്ലാം ഹേതു ഇതുതന്നെയാണ്. നമ്മുടെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൻെറ ഇന്നത്തെ വർദ്ധിച്ച ജനസംഖ്യയും, ജീവിതാവശ്യങ്ങളും മറക്കാവുന്നതല്ല. ഈ വക വസ്തുതകൾ ഗവണ്മെൻറിൻെറ ഗാഢമായ ശ്രദ്ധയിൽ കൊണ്ടുവരണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നതു്. ഏത്രയും സങ്കീർണ്ണമായ ഈ പ്രശ്നത്തിൻെറ അകവും പുറവും സൂക്ഷ്മമായി നോക്കി ദയാപരമായ ഒരു തീരുമാനം ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നതു്.

ശ്രീ. പി. ആർ. മാധവൻപിള്ള: 'അടകുടി നിരോധനം' എന്നു പറഞ്ഞാൽ എന്താണു അർത്ഥം?

ശ്രീ. ടി. ടി കേശവൻ ശാസ്ത്രി: അടകുടി എന്നു പറഞ്ഞാൽ കുടികിടപ്പ് എന്നാണു അർത്ഥം.

ശ്രീ. പി. ആർ. മാധവൻപിള്ള: അവരെ നിരോധിച്ചിട്ടുണ്ടോ?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അതെല്ലാം ഞാൻ പറഞ്ഞുകഴിയുമ്പോൾ ബഹുമാനപ്പെട്ട മെംബർക്ക് ശരിയായി മനസ്സിലാക്കുവാൻ സാധിക്കും.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഒരു പായിൻറ ഓഫ് ഓർഡർ. ഈ പ്രമേയത്തിൽ കാണുന്നതു് "അടകുടിനിരോധന ആക്ററ് നടപ്പിൽ വന്നതിനുശേഷം" എന്നാണ്. അങ്ങനെ ഒരു ആക്ററില്ല. പിന്നീട് പ്രമേയത്തിൽ ഒരു കമ്മിററി രൂപീകരിച്ചു് രാജ്യവ്യാപകമായ അസ്വാസ്ഥതയ്ക്കു വേണ്ട സത്വരനടപടികളെടുക്കണമെന്നു് കാണുന്നു. രാജ്യവ്യാപകമായ അസ്വാസ്ഥതയ്ക്കു വേണ്ട നടപടികളെടുക്കുവാനുള്ള ഒരു ചർച്ച ഇവിടെ അനുവദിക്കപ്പെടാമോ?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ബഹുമാനപ്പെട്ട മെംബർ പറഞ്ഞതു എനിക്കു മനസ്സിലായില്ല.

മി. സ്പീക്കർ: ശ്രീ. ദിവാകരൻ ഒരു പായിൻറ ഓഫ് ഓർഡർ കൊണ്ടുവന്നിരിക്കയാണ്. പ്രമേയത്തിൽ നല്ല വാചകഘടന കൊടുക്കാമായിരുന്നു. അടകുടനിരോധന ആക്ററ് എന്നു പറഞ്ഞിരിക്കുന്നതു് പ്രിവൻഷൻ ഓഫ് എവിക്ഷൻ ആക്ററിനെ ഉദ്ദേശിച്ചായിരിക്കണം.

ശ്രീ. എ. താണുപിള്ള: ശ്രീ. കേശവൻശാസ്ത്രിയുടെ പ്രമേയത്തിലെ ഭാഷയ്ക്കു് വിരുദ്ധമായ വ്യാഖ്യാനം കൊടുത്താൽ അർത്ഥം ശരിയായിരിക്കും.

ശ്രീ. ടി. കെ. ദിവാകരൻ: പ്രമേയത്തിന്റെ അവസാനത്തെ ഭാഗം എന്നാലും ശരിയാകുന്നതു എങ്ങനെയാണ്? രാജ്യവ്യാപകമായ അസ്വാസ്ഥതയ്ക്കു വേണ്ട നടപടികൾ എടുക്കണമെന്നല്ലല്ലോ പ്രമേയകർത്താവു് ഉദ്ദേശിച്ചിരിക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: അതും ശരിയാണെന്നാണ് എന്റെ അഭിപ്രായം. അന്യായം ബോധിപ്പിക്കുക എന്നു പറയാറുണ്ടല്ലോ. ബോധിപ്പിക്കുന്നതു അന്യായമാണെന്നല്ലല്ലോ അതിന്റെ അർത്ഥം. ഒരു അന്യായം ചെയ്തിട്ടുണ്ട്, അതിന് പരിഹാരം ഉണ്ടാക്കിത്തരണം എന്നുള്ള അർത്ഥത്തിൽ അന്യായം ബോധിപ്പിക്കുന്നു എന്നു പറയുന്നതു ശരിയാണെങ്കിൽ ഇതും ശരിയാണ്.

ശ്രീ. ആർ. പ്രകാശം: സർ, ഒരു പായിൻറ ഓഫ് ഇൻഫർമേഷൻ. പ്രമേയം ബാലററ ചെയ്യുന്നതിനു മുൻപു് അതു വായിച്ചുനോക്കാറില്ലേ?

മി. സ്പീക്കർ: ഞാൻ അക്കാര്യം നോക്കിക്കൊണ്ടിരിക്കയാണ്.

ശ്രീ. എ. താണുപിള്ള: അടകുടിനിരോധന ആക്ററ് എന്നുള്ളതിനു പകരം അടകുടിഒഴിപ്പിക്കൽ ആക്ററ എന്നു മാററിയാൽ മതിയാകുമെന്നാണു തോന്നുന്നതു്. അസ്വാസ്ഥതയ്ക്കു വേണ്ട നടപടി എന്നു പറയുന്നതു് രോഗത്തിനു വേണ്ട നടപടി എന്നു പറയുന്നതു പോലെയേ ഉള്ളു.

ശ്രീ. ടി. എ. മജീദ്: അപ്പോൾ അസ്വാസ്ഥത എന്നു പറഞ്ഞാൽ സ്വാസ്ഥത എന്നാണോ മനസ്സിലാക്കേണ്ടതു്.

മി. സ്പീക്കർ: ഭാഷ എങ്ങനെയായിരുന്നാലും പ്രമേയത്തിലെ ഉള്ളടക്കം എന്താണെന്നു് ബഹുമാനപ്പെട്ട മെംബറന്മാർക്കു് മനസ്സിലാകുന്നുണ്ടല്ലോ, അതുകൊണ്ടു് മി. കേശവൻ ശാസ്ത്രിയുടെ പ്രസംഗം തുടരാം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, മി. ടി. കെ. ദിവാകരന്റെ വാദം വളരെ വിചിത്രമായിരിക്കുന്നു. അസ്വസ്ഥതകൾക്കു് ഈ സഭ നടപടികൾ എടുക്കണമെന്നല്ല പ്രമേയത്തിൽ പറഞ്ഞിട്ടുള്ളതു്. നടപടികൾ എടുക്കുന്നതിനു് ഈ സഭ ശുപാർശചെയ്യണമെന്നാണാവശ്യപ്പെട്ടിരിക്കുന്നതു്. അറിഞ്ഞിട്ടു പറയുകയാണോ, അറിയാതെ പറയുകയാണോ എന്നറിയുന്നില്ല.

സർ, ഇതൊരു മൗലികപ്രശ്നമാണു്. ഇതിനൊരു പരിഹാരമാവശ്യപ്പെടുന്ന ഈ പ്രമേയത്തിന്റെ നേരെ, ന്യായം ചോദിച്ചും പറഞ്ഞതിനും പകരം, വ്യാകരണകാര്യം പറഞ്ഞും, നേരിടുന്ന ബുദ്ധിജീവികളായ തൊഴിലാളി വാദികളെ ഞാൻ അറിയാത്തവനല്ല. അറിയാതിരിക്കുന്നില്ല. മി. ദിവാകരൻ പറഞ്ഞതിലുമുപരി ഞാൻ മനുഷ്യന്റെ മൗലികാവശ്യങ്ങളെ മാനിക്കുകയാകുന്നു. തോട്ടിത്തൊഴിലാളികൾക്കും ബീഡിത്തൊഴിലാളികൾക്കും കയർപിരിത്തൊഴിലാളികൾക്കും വേണ്ടിവാദിക്കുന്ന മി. ദിവാകരന്റെയും ഇടതുപക്ഷങ്ങളുടെയും നില പലപ്പോഴും അവർ, വിസ്മരിക്കുന്നതു കാണാം. അവരുടെ ദീനദശയിൽ മുതലക്കണ്ണുനീർപ്പൊഴിക്കുന്നവർക്കു് കാണേണ്ട ആർദ്രതയുടെ അടയാളമാണിതെന്നു വിചാരിക്കുന്നു. ഇടതുപക്ഷങ്ങളുടെ വാദപ്രതിവാദങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നവരിൽ ഒരാളാണു് ഞാൻ. ജനകീയ ഭരണമണ്ഡലത്തിലെ സ്മരണീയരായ ശ്രീ. പട്ടത്തിന്റെയും, ശ്രീ. ടി. എം. വർഗീസിന്റെയും, ശ്രീ. സി. കേശവന്റെയും, ശ്രീ. എ. ജെ. ജോണിന്റെയും നേരെ ഇവരയച്ചിട്ടുള്ള വാഗ്ശരങ്ങൾ ഞാൻ ശ്രദ്ധിച്ചിട്ടുണ്ടു്. പലപ്പോഴും ഇതെന്തിനാണെന്നു ചോദിക്കുവാൻ എനിക്കു് തോന്നിയിട്ടുണ്ടു്. ചോദിച്ചാൽ അവർ പറയുന്ന മറുപടിയെ കരുതി ചോദിക്കാതിരുന്നിട്ടുള്ളതാണു്.

സർ, സ്വാതന്ത്ര്യം കിട്ടി. ജനകീയഭരണം സംപ്രദായമായി. സന്തോഷപ്രദമായ സന്ദർഭം തദനുസരണമായി ഉപയോഗിക്കുകയാണാവശ്യം. പാർട്ടികൾ സ്വീകരിക്കുന്ന നയം ആദർശാർഹമായിരിക്കണം. ജനക്ഷേമകരങ്ങളായ മാർഗ്ഗങ്ങളിൽ വിലങ്ങുതടികളായിത്തീരരുതു്. കഴിയുന്നതും സ്വാർത്ഥതയേക്കാൾ പരാർത്ഥതയ്ക്കു പ്രാധാന്യം അനുവദിക്കണം. "അമ്പു കൊണ്ടുള്ള വ്രണം കാലത്താൽ നികന്നിടും, കൊമ്പുകൾ കണ്ടിച്ചാലും പാദപം കിളിർത്തിടും, കാട്ടുതീവെന്താൽ വനം പിന്നെയും തളിർത്തിടും കേട്ടുകൂടാത്തവാക്കാമായുധം പ്രയോഗിച്ചാൽ കർണ്ണങ്ങൾക്കകം പുക്കു പുണ്ണായാലതു പിന്നെ പൂർണ്ണമായ് ശമിക്കയില്ലൊട്ടുനാൾ ചെന്നാൽ പോലും." സർ, ഇടതുപക്ഷവാദഗതിക്കാർ സന്മനസ്സുണ്ടെങ്കിൽ ഇതൊന്നു ശ്രദ്ധിച്ചാൽ കൊള്ളാമെന്നു് ഞാൻ പ്രത്യേകം ആവശ്യപ്പെടുന്നു. ഇതവരുടെ മാർഗ്ഗത്തിനു് സഹായമായിരിക്കും. ചെറുപ്പക്കാർ—വിപ്ലവപ്രസംഗകർ ഇതു് കാണാപ്പാഠം പഠിക്കാൻ ഞാൻ അവരെ ധീരമായി ആഹ്വാനം ചെയ്തുകൊള്ളുന്നു.

സർ, അടകുടിക്കാരുടെ സങ്കടത്തിനു വളരെ പഴക്കമുണ്ടു്. ഈ പ്രശ്നം ഭരണാധികാരികളുടെ മുൻപിൽവരാൻ തുടങ്ങിയിട്ടുതന്നെ വർഷങ്ങൾ വളരെയധികമായി. ഇക്കാര്യം വളരെയധികം പ്രാവശ്യം ഞാൻ തന്നെ ഉന്നയിച്ചിട്ടുള്ളതാണു്. പഴയ ഗവണ്മെന്റ് ഇതിനു സ്ഥായിയായ ഒരു നിലപാടു് സ്വീകരിച്ചിരുന്നില്ല. കോൺഗ്രസ്സ് ഗവണ്മെന്റ് ഭരണാധികാരം ഏറ്റെടുത്തതിനുശേഷം ഇക്കാര്യത്തിൽ ശ്രദ്ധിച്ചു. ഗവ

ണ്മെന്റ് ഒരു നിയമനിർമ്മാണംകൊണ്ട് ഇതിനൊരു ഉപശാന്തി നൽകി. കുടിയിറക്കുനിരോധനങ്ങൾക്ക് നടപ്പിൽ വന്നതോടുകൂടി ഏതാണ്ടൊരു ശമനം പരക്കെ കാണാൻ സാധിച്ചു. എങ്കിലും നിയമത്തിന്റെ പ്രയോഗത്തിനുശേഷം മററുതരത്തിൽ വിഷമതകൾ മുറയ്ക്ക് നേരിടാൻ തുടങ്ങി. അടകുടിക്കാരൻ കൂടുതൽ അസ്വതന്ത്രനായി. അവന്റെ കുടിയിരിപ്പിൽ മാത്രം ഇരിക്കാനും നടക്കാനും നിർബ്ബന്ധിതനായി. വസ്തു ഉടമസ്ഥനു ബുദ്ധിമുട്ടുകൾ വർദ്ധിച്ചു. കേസുകളും വഴക്കുകളുമായി, പരസ്പരം സൗഹാർദ്ദം കുറഞ്ഞു, പൂർവ്വാധികം അസ്വസ്ഥതകൾക്കു ഇടയായിത്തീർന്നിരിക്കുകയാണ്. ഇരുകൂട്ടരുടെയും ആവശ്യങ്ങളിലും അപേക്ഷകളിലും ഗവണ്മെന്റ് ഇടപെടേണ്ടതായി വന്നിരിക്കുന്നു. പല സ്ഥലങ്ങളിലും പോലീസ് ഇടപെടേണ്ടതായി വന്നിരിക്കുന്നു. കോടതികളിലെ വിധിനടത്തുകൾ, ഇങ്ങനെ പൊതുവെ അടകുടിപ്രശ്നം വിഷമകരമായിത്തീർന്നിരിക്കുകയാണ്. അതുകൊണ്ടാണ് ഒരു കമ്മിററി മുഖേന കാര്യങ്ങൾ അന്വേഷിക്കണമെന്നും പരിഹാരങ്ങൾ നിർദ്ദേശിക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നത്. ഗവണ്മെന്റും ജനങ്ങളും ഒരുമിച്ചു രാജ്യക്ഷേമത്തിനു പരിശ്രമിച്ചെങ്കിൽ മാത്രമെ മററു തരത്തിൽ നമ്മെ നേരിടുന്ന ദുരിതങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാൻ സാധിക്കുകയുള്ളുവെന്നു വിശ്വസിക്കുന്നവനാണ് ഞാൻ. വിപ്ലവങ്ങളിൽക്കൂടെ അടിവച്ചുപോകുന്ന പോക്കു നിശ്ചയമായും സമാധാനത്തിനും സംതൃപ്തിക്കും സഹായകമായി തീരുന്നതല്ല. ഇതു് എന്റെ ഉറച്ച വിശ്വാസമാണ്. അതുകൊണ്ടുതന്നെ ഇതു് ഇവിടെ പറയുന്നതാണ്. ഭൂമിയില്ലാത്തവർക്കുവേണ്ടി കാൺഗ്രസ്സ് ഗവണ്മെന്റ് വനഭൂമികൾ വിതരണം ചെയ്തു. ഇപ്രകാരം വിതരണം ചെയ്ത 36,000 ഏക്കർ വനഭൂമികൾ കിട്ടിയിട്ടുള്ളവരെല്ലാം ഭൂമിയില്ലാത്തവരാണോ എന്ന് ഇതേവരെ കണ്ടുപിടിച്ചിട്ടില്ല. ഇതിൽ ഏറിയപങ്കും കഴിവുള്ളവർ കൈവശപ്പെടുത്തിയിരിക്കുകയാണ്. കമ്പനികളുടെയും, സംഘടനകളുടെയും, തൊഴിലാളിനാഥന്മാരുടെയും പേരിലാണ് കൊടുത്തിട്ടുള്ളതു്. ഭൂമിയില്ലാത്ത സാധുക്കൾക്കു് കൊടുത്തിട്ടുണ്ടെന്നു പറയുന്നതിന്റെയും കണക്കുകൾ പറഞ്ഞുകേട്ടിട്ടില്ല. ഈ ഭൂവിതരണസമ്പ്രദായത്തിൽ വന്നിട്ടുള്ള ക്രമക്കേടുകളെപ്പററ ഈ സഭാതലത്തിൽ അതികക്കശമായ നിരൂപണങ്ങൾ നടന്നിട്ടുള്ളതാണ്. നിയമസഭാ സാമാജികന്മാർക്കു അൻപതും അറുപതും ഏക്കർ ഭൂമി കൊടുത്തതിനെപ്പററി ഇവിടെ വനഭൂമി വിതരണകാര്യം ചർച്ചയ്ക്കു വന്നപ്പോൾ പലരും പറയുന്നതുകേട്ടു. അതിലും യാഥാർത്ഥ്യം ഉണ്ടു്. സർ, ഈ അവസരത്തിലെങ്കിലും സ്വന്തംനില ഒന്നു് വിശദീകരിക്കാതിരിക്കുന്നതു് ശരിയല്ലെന്നു തോന്നുന്നു. ഞാൻ ഈ സഭയിലെ പഴക്കമുള്ള ഒരു സാമാജികനാണ്. അന്തസ്സിനുവേണ്ടി പറയുന്നതല്ല. സത്യം പറയുന്നതാണ്. സർ, മുൻ ഭരണാധികാരികളായിരുന്ന ബ്രാഹ്മണ ദിവാൻജിയേയും, നായർ ദിവാൻജിയേയും, യൂറോപ്യൻ ദിവാൻജിയേയും, നാട്ടുകാരൻസായിപ്പ് വാട്സ്ദിവാൻജിയേയും, മുസ്ലീം ദിവാൻജിയേയും, ജനകീയ നായർമന്ത്രിമാരെയും, ഈഴവമന്ത്രിമാരെയും, ക്രിസ്ത്യൻ മന്ത്രിമാരെയുമെല്ലാം സേവിച്ചിട്ടുണ്ട്. സേവിച്ചിട്ടുണ്ടെന്ന് പറയുന്നതു് അടുത്തിട്ടുണ്ടെന്നും വിശ്വസിച്ചിട്ടുണ്ടെന്നും സ്നേഹിച്ചിട്ടുണ്ടെന്നും ധരിച്ചാൽ മതി. ആരോടും ഒരു സെൻറു ഭൂമിപോലും സ്വന്തമായി പതിച്ചോ കുത്തകപ്പാട്ടത്തിനായിട്ടോ വാങ്ങിയിട്ടില്ല. അപേക്ഷിക്കാതിരുന്നില്ല; ആരും തന്നിട്ടില്ലെന്നുള്ളതു് പരമാർത്ഥമാണ്. വനഭൂമി വിതരണത്തിൽ വന്നി

[ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി]

ട്ടുള്ള അഴിമതികളെപ്പറ്റി അന്വേഷിക്കാനും ഭൂമി തിട്ടപ്പെടുത്തുവാനും തീരുമാനിച്ചിട്ടുള്ളതായി അറിയുന്നതിൽ സന്തോഷിക്കുന്നു. സർ, വെള്ളായണിക്കായലും കഠിനംകുളം കായലും, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തലയാഴം, വെച്ചൂർ കരിനിലങ്ങളും, അമ്പലപ്പുഴതാലൂക്കിലെ കരിനിലങ്ങളും എല്ലാം പതിച്ചും പാട്ടത്തിനും നൽകിയല്ലോ. ഇവിടെ ഭൂമിയില്ലാത്തവർക്ക് ആർക്കെങ്കിലും ഭൂമി കൊടുത്തിട്ടുണ്ടോ?. അതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ? ഇല്ലെന്നുള്ളതല്ലേ പരമാർത്ഥം. ഇതു മതിയോയെന്നാണ് ഞാൻ ചോദിക്കുന്നതു്? നെയ്യാറ്റിൻകരതാലൂക്കിലെ ആയിരക്കണക്കിനു കാണിപ്പുറവനിലങ്ങൾ വീതിച്ചു നൽകിയിട്ടില്ലേ? ഇതിൽ ഭൂമിയില്ലാത്തവർക്കും അവശസമുദായക്രിസ്ത്യാനികൾക്കും അധഃകൃതവർഗ്ഗക്കാർക്കും ഭൂമി വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ടോ? ഇതെല്ലാമാണ് കയ്യാംകളികളെന്ന് ഞാൻ പറയുന്നതു്. ഡെമോക്രസി, പറയുന്നതല്ലാതെ പ്രയോഗിക്കുന്നതായി കാണുന്നില്ല. ഇന്നും ഈ നില തുടരുന്നതു് പരമകഷ്ടമെന്നല്ലാതെ മറ്റൊന്നും പറയാൻ തോന്നുന്നില്ല. ഈ പോക്ക് ആപത്ക്കരമാണെന്ന് അധികാരികൾ ഇനിയുമെങ്കിലും ധരിക്കേണ്ടതാണ്. നയപരിപാടികൾ മാറ്റി പുതുക്കണം. നീതിക്കുവേണ്ടി നിലകൊള്ളണം. നീറുന്ന ജനതയെ സമാധാനപ്പെടുത്തണം. ഭരണകക്ഷിയായ പി. എസ്സ്. പി. ഗവണ്മെന്റ് ന്യായാന്യായവിവേചനാപടുത്വം പ്രകടമാക്കണം. പി. എസ്സ്. പി.-യെ പിൻതാങ്ങുന്ന പ്രബലകാൺഗ്രസ്സ് കക്ഷിയിലെ ഒരംഗമെന്നനിലയിലും കൂടെ ഞാൻ ഇതു പറയുന്നതാണ്, ആവശ്യപ്പെടുന്നതാണ്. ശ്രീ. ജവഹരിലാൽ നെഹ്റുവിന്റെ ജൈത്രയാത്രയെപ്പറ്റി—നമ്മെ നേരിടുന്ന ദാരിദ്ര്യത്തിന്റെയും അരിഷ്ടതയുടെയും നേർക്കുള്ള ധീര നിലപാടിനെപ്പറ്റി—നമ്മൾ വായിച്ചുകഴിഞ്ഞിട്ടുള്ളതാണല്ലോ. ഭൂമിയുടെ ഉടമസ്ഥാവകാശം ഇല്ലാതെ അടകുടിക്കാരായി കഴിയുന്നവരിൽ ഭൂരിഭാഗവും അധഃകൃതവർഗ്ഗക്കാരാണ്. ഇവരുടെ പുരാതനനിലയെപ്പറ്റി അനുസ്മരിക്കുന്നുണ്ടോ? ഇവർ സാക്ഷാൽ ആദിദ്രാവിഡവംശപരമ്പരകളാണ്. ഈ രാജ്യം തന്നെ ഇവരുടെ സ്വന്തമായിരുന്നില്ലേ? ഇതിനെല്ലാം പൂർവ്വചരിത്രങ്ങളില്ലേ? പുലയനാർകോട്ടയുടെയും വേളിക്കായലിന്റെയും, തിരുവനന്തപുരത്തിന്റെയും, നന്തൻകോടിന്റെയും, കുറവങ്കോണത്തിന്റെയും, ചാത്തന്നൂരിന്റെയും, പുലമണ്ണിന്റെയും, പറക്കോടിന്റെയും, കോതനല്ലൂരിന്റെയും, കോതമംഗലത്തിന്റെയും, പുലക്കടവിന്റെയും എല്ലാം പൂർവ്വചരിത്രങ്ങൾ ഇന്ന് മറയ്ക്കപ്പെട്ടിരിക്കുകയാണ്. ഇവയെല്ലാം തിരിച്ചുകിട്ടണമെന്നല്ല ഞാൻ വാദിക്കുന്നതു്. പുരാതനത്വം, അവകാശകാര്യം ഇതെല്ലാമുള്ള അധഃകൃതർക്ക് കുടികിടപ്പിനുപോലും പ്രയാസമായിവന്നാലുള്ള അവസ്ഥാന്തരങ്ങളെ ഓർത്തു പറഞ്ഞുപോയെന്നേയുള്ളു. വന്നവരുടെ വൻപിച്ച വാദവും വീറും കേൾക്കാനും കാണാനും ഇടവന്നിരിക്കുകയാൽ, ഇതെല്ലാം സ്മരണയിൽ വന്നുപോയി, പറഞ്ഞുപോയിയെന്നേയുള്ളു. ഇതെല്ലാംതന്നെ അതിശ്രദ്ധേയമായ സംഭവങ്ങൾ തന്നെയാണ്. ഇതെല്ലാം പുതുമയിലേയ്ക്കു അവശ്യം വന്നിട്ടുള്ള പഴമകളാകയാൽ എടുത്തുപറയുവാൻ ഞാൻ പ്രേരിതനായിതീർന്നിട്ടുള്ളതാകുന്നു. അധഃകൃതവർഗ്ഗക്കാരുടെ ഉദ്ധാരണകാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയ്ക്കു പ്രത്യേകം വിഷയമായിട്ടുള്ള കാലമാണല്ലോ ഇതു്. അതിനാൽ ഇവരുടെ അതിദയനീയമായ നിലയ്ക്കു തക്ക പരി

ഹാരം കാണാൻ ഒരു ഉറച്ച നിലപാട് സ്വീകരിക്കേണ്ടതാണ്. അതിന് ഗവണ്മെൻറ് തയ്യാറാകണം. മറ്റെന്തും പല വിധത്തിൽ അസഹ്യതയ്ക്കു ഇടനൽകുമെന്നുള്ളതുകൊണ്ട് ഇക്കാര്യം ഇങ്ങനെ ഉറപ്പിച്ചു പറയുന്നതാണ്. പാർട്ടികൾ പ്രസംഗങ്ങൾകൊണ്ടുമാത്രം ഇവരെ സംതൃപ്തരാക്കുകയാണ്. ഗവണ്മെൻറ് ഇക്കാര്യം സൂക്ഷ്മമായി വീക്ഷിച്ചാൽ കാണാൻ കഴിയുന്നതാണ്. അവശത, അവശത! എവിടെ നോക്കിയാലും അവശത. ഇങ്ങനെ ഈ വലിയ ജനത നീങ്ങുകയാണ്. ഗവണ്മെൻറിൻെറ ഇന്നത്തെ സഹായങ്ങൾ കേവലം പരിമിതങ്ങളാണ്. ഇതുകൊണ്ടുമാത്രം പരിഹാരം വരുത്താൻ സാദ്ധ്യമല്ല.

മി. സ്പീക്കർ: മെംബർ വിഷയത്തിൽനിന്നും വളരെ അകന്നുപോകുന്നു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സർ, ഇനിയും ഞാൻ ആ വഴി തിരിയുകയില്ല. കാര്യങ്ങളുടെ മറയ്ക്കു പറഞ്ഞുപോയതാണ്. സർ, ഇന്ന് ഗവണ്മെൻറിൻെറ നേരെ വളരെയധികം വിഷമപ്രശ്നങ്ങൾ വരുന്നുണ്ടല്ലോ. വിദ്യാഭ്യാസകാര്യം, വിദ്യാർത്ഥിപ്രശ്നം, ട്രാൻസ്പോർട്ടു തൊഴിലാളകാര്യം, തമിഴ്‌നാട്ടുകാര്യം ഇതെല്ലാം പലവിധ പ്രത്യാഘാതങ്ങളു ഉണ്ടാക്കുന്നുണ്ട്. ഇതാനെല്ലാം അവധാനപൂർവ്വം പരിഹാരം കഴിയുന്നതും വേഗം ഉണ്ടാക്കണം. രാജ്യത്തെയും ഗവണ്മെൻറിനെയും നിസ്തുലമായി സ്നേഹിക്കുന്നതുകൊണ്ട്, ജനകീയ സ്വാതന്ത്ര്യത്തെ അനുസ്മരിക്കുന്നതുകൊണ്ട് ഇതെല്ലാം എടുത്തുപറയുന്നതാണ്. ഇതു് ഹൃദയസ്പൃക്കായ അഭ്യർത്ഥനയാണ്.

മി. സ്പീക്കർ: സമയം............

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, ഇനി ഞാൻ ദീർഘിപ്പിക്കുന്നില്ല. വിരമിക്കുന്നു.

ശ്രീ. പി. ഭാസ്കരൻ നായർ: ഞാൻ ഈ പ്രമേയത്തിൻെറ സാരാംശത്തെ അനുകൂലിക്കുന്നു. ഈ പ്രമേയത്തിലുള്ള സ്ഖലിതങ്ങളേയും വാസ്തവവിരുദ്ധമായ പ്രസ്താവനകളേയും ഞാൻ അനുകൂലിക്കുന്നുവെന്ന് ആരും അർത്ഥമാക്കേണ്ടതില്ല. ശ്രീ. കേശവൻ ശാസ്ത്രി അവർകൾ ഈ ഇടതുപക്ഷ ബന്ധുക്കളിൽ, പ്രമേയത്തോട് പ്രതികൂലാഭിപ്രായം ഉണ്ടാകുമെന്നു സംശയിക്കുന്ന രീതിയിൽ പ്രസംഗിക്കുന്നതു കേൾക്കുകയുണ്ടായി. വാസ്തവത്തിൽ ഈ ഭാഗത്തു നിന്നും ഇതിനെപ്പററി ചോദിക്കുന്നതുതന്നെ ഇങ്ങനെ ഒരു ആക്ററ് നിലവിലുണ്ടോ എന്നാണ്. അടകുടി നിരോധന ആക്ററ് ഈ നാട്ടിൽ നിലവിലില്ല. നേരേമറിച്ച് 1124-ൽ 22-ാം ആക്ററായി പാസ്സാക്കിയ ഒരു കുടിയിറക്ക നിരോധന നിയമം ഈ രാജ്യത്തു് നിലവിലുണ്ട്. അതു് ശരിയായി ഇവിടെ പ്രവർത്തനം നടത്തുന്നില്ല. ഭൂവുടമകൾ ആ നിയമത്തിലെ പഴുതുകൾ ഉപയോഗിച്ചു് അനവധി അടകുടിക്കാരെ ഇന്നു് കുടിയിറക്കിവരുന്നുണ്ട്. അതുമൂലം സംജാതമായിട്ടുള്ള അസ്വാസ്ഥ്യത്തിന്ന് പരിഹാരമുണ്ടാക്കണമെന്ന് ഈ നാട്ടിലെ രാജ്യസ്നേഹികളായ എല്ലാ ആളുകളും ആഗ്രഹിക്കുന്നുണ്ട്. അതുകൊണ്ടാണ് ഈ പ്രമേയത്തിൻെറ സാരാംശത്തെ ഞങ്ങൾ സർവ്വാത്മനാ അനുകൂലിക്കുന്നതു്. തൊഴിലാളിവർഗ്ഗത്തിനു വേണ്ടി ഈ രാജ്യത്തു പൊതു

[ശ്രീ. പി. ഭാസ്കരൻ നായർ]

ത്തുന്നവർ ഇങ്ങനെ ഒരു പ്രമേയം വന്നപ്പോൾ എന്തുകൊണ്ട് ചോദ്യശരങ്ങൾ ഉന്നയിച്ച് കലശലായി ശല്യപ്പെടുത്തുന്നു എന്നു ശ്രീ. ശാസ്ത്രികൾക്ക് തോന്നിയിട്ടുണ്ടെങ്കിൽ അത് സ്വന്തം തെററുകൾ കാണാനുള്ള കണ്ണ് അദ്ദേഹത്തിന് ഇല്ലാത്തതുകൊണ്ടാണെന്നാണ് എനിക്ക് തോന്നുന്നത്. അതെങ്ങനെയുമിരിക്കട്ടെ.

ഈ നാട്ടിൽ ചില പുതിയ ഭൂനിയമങ്ങൾ കൊണ്ടുവരാൻ പോകുന്നു എന്നു കേട്ടതോടുകൂടി ഈ രാജ്യത്തെ വലിയ വലിയ ഭൂസ്വാമികളുടെ ഉള്ളിൽ ഒരു ഒൻപതാം ഉത്സവം ഇളകിയിരിക്കയാണ്. എന്തൊക്കെയോ വരാൻ പോകുന്നു, അതുകൊണ്ട് കഴിയുന്നത്ര സ്വന്തം പരിരക്ഷകൾ നേടണമെന്നുള്ള ആഗ്രഹത്തോടുകൂടി അവർ എന്തും ചെയ്യുന്നതിന് ഇന്നു മുതിരുന്നുണ്ട്. നിത്യവും പാവപ്പെട്ട കുടികിടപ്പുകാരെ ഇറക്കിവിട്ട് വഴിയാധാരമാക്കുന്ന ഒരവസ്ഥ ഈ നാട്ടിലെ നാനാഭാഗങ്ങളിലും ഭൂസ്വത്തുടമകൾ ഉണ്ടാക്കിവരുന്നുണ്ട്. അതിനെ സംബന്ധിക്കുന്ന ചില പ്രധാന കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഈ കുടികിടപ്പുകാരിൽ ഭൂരിഭാഗവും കാർഷികത്തൊഴിലാളികളും വ്യാവസായികതൊഴിലാളികളുമാണ്. അതിൽ വളരെ ഏറെ ആളുകൾക്ക് എഴുത്തും വായനയും വശമില്ലെന്നുള്ളത് ഒരു പരമാർത്ഥമാണ്. അങ്ങനെയുള്ളവരോട് ചില രേഖകൾ ഒപ്പിടുന്നതിന് ഭൂസ്വത്തുടമകൾ നിർബന്ധിക്കാറുണ്ട്. ആ നിർബന്ധം ചിലപ്പോൾ ദേഹോപദ്രവം ഏല്പിച്ചുപോലും നടത്തുക പതിവാണ്. പരിതഃസ്ഥിതികളുടെ സമ്മർദ്ദംമൂലം എന്തു രേഖകളാണ് ഒപ്പിടുന്നതെന്നറിയാതെ പാവപ്പെട്ട അടകുടിക്കാർ ചില പ്രമാണങ്ങൾ ഒപ്പിടാൻ നിർബന്ധിതരാകുന്നുണ്ട്. ഇങ്ങനെ ഒപ്പുവച്ചു കൊടുക്കാത്ത സന്ദർഭങ്ങളിൽപോലും വളരെ വളരെ കൃത്രിമമായി കള്ളക്കേസുകൾ സൃഷ്ടിച്ച് അടകുടിക്കാരെ വഴിയാധാരമാക്കുന്നതിന് ഇന്ന് പല ശ്രമങ്ങളും നടക്കുന്നുണ്ട്. എനിക്കുതന്നെ നേരിട്ടറിയാവുന്ന കുറെ സംഭവങ്ങൾ ഉണ്ട്. ഒരു കുടികിടപ്പുകാരനെ ഒഴിപ്പിക്കുന്നതിനു വേണ്ടി വസ്തു ഉടമസ്ഥൻ എടുത്ത ഭീഷണികൾക്ക് കുടികിടപ്പുകാരൻ വഴങ്ങുന്നില്ലെന്നുകണ്ടു പെട്ടെന്ന് ഒരു ദിവസം മുൻസിഫ്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്യുകയാണുണ്ടായത്. കുടികിടപ്പുകാരൻ എഴുതികൊടുക്കാത്ത ഒരു കള്ളപ്രമാണം കോടതിയിൽ വാടകച്ചീട്ടായി ഹാജരാക്കി. നാലഞ്ചു കൊല്ലം പഴക്കമുള്ള ഒരു വാടകച്ചീട്ട് 8 അണ പത്രത്തിൽ കൃത്രിമമായി ഉണ്ടാക്കിയാണ് കേസ് ഫയൽ ചെയ്തത്. മുനിസിഫ്കോടതിയിൽ നിന്നും കുടികിടപ്പുകാരന് കേസ് നടക്കുന്ന വിവരംപോലും അറിയുന്നതിനു സംഗതിയായില്ല. കാരണം ശിപായിക്ക് കൈക്കൂലി കൊടുത്ത് നോട്ടീസ് വസ്തു ഉടമസ്ഥൻ മടക്കിച്ചു എന്നുള്ളതാണ്. ഒടുവിൽ കുടികിടപ്പുകാരൻ അറിയാതെ എക്സ്പാർട്ടിയായി വിധി ഉണ്ടായി. ആ വാടകക്കുടിശ്ശികയ്ക്കു വിധി സമ്പാദിച്ച് പാവപ്പെട്ട ആ അടകുടിക്കാരന് ആകെ സമ്പത്തായി ഉണ്ടായിരുന്ന ഒരൊററ പശുക്കിടാവിനെ ജപ്തി ചെയ്യുന്നതിനുള്ള വാറണ്ടുമായി ആമീനും പോലീസുകാരും അയാളുടെ വീട്ടിൽ എത്തിയപ്പോഴാണ് ഇങ്ങനെ ഒരു കേസ് ഉണ്ടായി എന്നുള്ള വിവരംപോലും അയാൾക്ക് അറിയുന്നതിനു കഴിഞ്ഞത്. ആ നിലയിൽ അയാൾ അവിടെ നിന്നും കുടിയിറങ്ങിക്കൊടുക്കേണ്ടിവന്നു.

ഈ മാതിരി സംഭവങ്ങൾ നാട്ടിൽ പലയിടത്തും ആവർത്തിക്കപ്പെടുന്നുണ്ട്. ഒരുമാസത്തിനു മുമ്പ് കോട്ടയം ടൗണിൽ ഒരു ചിറയിൽ താമസിച്ചിരുന്ന ഒരു കുടികിടപ്പുകാരനെ വസ്തു ഉടമസ്ഥൻ ഒഴിപ്പിക്കുന്നതിന് ശ്രമം നടത്തിയതു് എന്റെ ശ്രദ്ധയിൽപ്പെടാനിടയായി. അവിടെ വെള്ളപ്പൊക്കം വന്നു. ഭൂമിയോടു കുമ്പിട്ടുനിൽക്കുന്ന കുടിലിൽ വെള്ളം കയറി. മറെറാരു സ്ഥലത്തേക്ക് അടകുടിക്കാരൻ താമസം മാറേറണ്ടി വന്നു. അങ്ങനെ താമസം മാററിയ ശേഷം വെള്ളം ഇറങ്ങിയപ്പോൾ, പഴയ സ്ഥലത്തു താമസിക്കാനായി അയാൾ തിരിച്ചുചെന്നു. അപ്പോൾ കുടിൽ വെള്ളപ്പൊക്കത്തിൽപ്പെട്ട് ഒലിച്ചുപോയിരുന്നു. അയാൾ വീണ്ടും അവിടെ ഒരു കുടിൽവയ്ക്കുന്നതിനു ശ്രമിച്ചപ്പോൾ പോലീസുകാരെക്കൊണ്ടാണ് ഭൂവുടമസ്ഥൻ അയാളെ നേരിട്ടതു്. ഏതായാലും, നാട്ടുകാരുടെ സംഘടിതമായ ശ്രമംകൊണ്ടു് കുടിൽകെട്ടി അവിടെ താമസിക്കാനുള്ള അവകാശം അയാൾക്കു പരിരക്ഷിക്കാൻ കഴിഞ്ഞു. പോലീസും ഭൂമിയുടമസ്ഥനും ഒന്നിച്ചുചേർന്നുകൊണ്ടു് അയാളെ അവിടെ * നിന്നും ഒഴിപ്പിക്കുന്നതിനു പല ശ്രമങ്ങളും നടത്തുകയുണ്ടായി. ഇതു് ഗവണ്മെന്റിന്റെ സത്വരമായ ശ്രദ്ധയെ ആകർഷിക്കേണ്ട ഒരു കാര്യമാണ്.

കുടികിടപ്പു നിരോധന നിയമത്തിലുള്ള പഴുതുകൾ നിരവധിയാണ്. ആ പഴുതുകൾ മുഴുവനും യാതൊരു ദാക്ഷിണ്യവും കൂടാതെ ഉപയോഗിക്കുന്നതിനു ഭൂവുടമകൾ തീവ്രമായ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഇവിടെ പുതുതായി അവതരിപ്പിക്കപ്പെടുന്ന ഭൂനിയമം എത്ര കാലംകൊണ്ടാണ് നടപ്പിൽവരാൻപോകുന്നതെന്നു് നമുക്ക് നിശ്ചയമില്ല. അതുകൊണ്ടു് ഇപ്പോൾ ഒരുകാര്യം ചെയ്യണമെന്നാണ് ഞാൻ പറയുന്നതു്. ആ നിയമം നടപ്പിലാകുന്നതിനു മുമ്പ് വളരെ ദ്രുതഗതിയിൽ നടക്കുന്ന കുടിയൊഴിപ്പിക്കലിനെ തടയുന്നതിനുവേണ്ടി ഒരു ആർഡിനൻസ് അടിയന്തിരമായി പുറപ്പെടുവിക്കാൻ ഈ ഗവണ്മെൻറ ശ്രദ്ധിക്കണം. അങ്ങനെ ചെയ്യില്ലെങ്കിൽ കുടികിടപ്പുകാരെ സംരക്ഷിക്കുന്നതിനുള്ള കർശനമായ ഒരു നിയമം ഈ നാട്ടിൽ ഉണ്ടാകുന്നതിനു മുമ്പു തന്നെ കുടികിടപ്പുകാർ ഈ നാട്ടിൽ ഇല്ലാതാകുന്ന ഒരു സ്ഥിതിഗതിയിലേയ്ക്കാണ് ഈ നാട്ടു് നീങ്ങിക്കൊണ്ടിരിക്കുന്നതെന്നു പ്രസ്താവിച്ചുകൊള്ളുന്നു.

വനഭൂമികളിൽ അനധികൃതമായി കയ്യേറി എന്നു പറഞ്ഞുകൊണ്ടു് ഗവണ്മെൻറുതന്നെ കുടിയിറക്കുന്നതിന് ഒരു ശ്രമം നടത്തുന്നുണ്ടു്. നമ്മുടെ വനങ്ങളിൽ വളരെ വളരെ സ്ഥലങ്ങളിൽ അനധികൃതമായ കയ്യേററങ്ങൾ നടന്നിട്ടുണ്ടെന്നുള്ളതു് ഒരു വാസ്തവമാണ്. പക്ഷെ ഒരു കാര്യം നാം സ്മരിക്കണം. അതായതു്, ഈ അനധികൃതകയ്യേററം നടത്തിയിട്ടുള്ളതു് ഭൂരിഭാഗവും വമ്പിച്ച സ്വത്തുടമകളാണ്. അവർ വനങ്ങളിൽ മാത്രമല്ല, നാട്ടിൻപുറങ്ങളിലും അനേകം ഏക്കർ സ്ഥലം സ്വന്തമായി കാണും. അതേയവസരത്തിൽ സ്വന്തമായി ഒരിഞ്ചുഭൂമിപോലുമില്ലാത്ത യഥാർത്ഥ മണ്ണിന്റെ മക്കൾ, മണ്ണിനോട് മല്ലിട്ട് ജീവസന്ധാരണം ചെയ്യുന്നതിനായി മററു മാർഗ്ഗങ്ങളൊന്നുമില്ലാതെ വനങ്ങളിൽപ്പോയി കാട്ടാനയോടും കടുവായോടും മല്ലടിച്ചു്, വനാന്തരങ്ങൾ വെട്ടിത്തെളിച്ചു് കൃഷിഭൂമിയാക്കിയിട്ടുണ്ടു്, ഒരുപക്ഷെ, അവരുടെ കൈവശം രേഖകളൊന്നും

[ശ്രീ. പി. ഭാസ്കരൻ നായർ]

കാണുകയില്ല. എന്നാൽ നാട്ടിൽ ചെല്ലത്തും ഭവർക്കുണ്ടായിരുന്നതു് മുഴുവൻ കൊടുത്താണു്, അന്നു് യാതനസ്സ്യ വേതനമായി ഭൂമി പതിച്ചു കിട്ടിയിരുന്ന ആളുകളിൽ നിന്നും വനഭൂമി വാങ്ങിയിട്ടുള്ളതു്. അങ്ങനെയുള്ള പാവപ്പെട്ട യഥാർത്ഥ കൃഷിക്കാർ അനധികൃതമായി ഭൂമി കയ്യേറിയവരാണെന്നുള്ള കാരണം പറഞ്ഞു് അവരെ ഇറക്കിവിടുന്നതു് മനുഷ്യത്വപരമായിട്ടുള്ള ഒരു നീതിയായി വിധിക്കും. അതുകൊണ്ടു് അനധികൃതമായി വനഭൂമിയിൽ പ്രവേശിച്ചവരെ ഇറക്കിവിടും എന്ന ഗവണ്മെൻറിൻെറ നയം കുറച്ചുകൂടി മയപ്പെടുത്തി യഥാർത്ഥ കർഷകർ ആരാണെന്നു നോക്കി പ്രവർത്തിക്കണമെന്നാണു് എനിക്കു് ഗവണ്മെൻറിനോടപേക്ഷിക്കുവാനുള്ളതു്.

മുകുന്ദപുരം താലൂക്കിൽ കോടശ്ശേരി വില്ലേജിൽ ഏതാണ്ടു് അഞ്ഞൂറോളം കുടുംബങ്ങളെ—അതിൽ ഭൂരിഭാഗവും കർഷകതൊഴിലാളി കുടുംബങ്ങളാണു് — ഫാറസ്റ്റ് പുറമ്പോക്കിൽ പ്രവേശിച്ചു എന്നുള്ള കാരണം പറഞ്ഞു് ഇറക്കിവിട്ടിരിക്കുകയാണു്. അവരുടെ വീടുകൾ പലതും ഫാറസ്റ്റുദ്യോഗസ്ഥന്മാർ ചുട്ടുകരിക്കുകയാണുണ്ടായതു്. ഇങ്ങനെ ഗവണ്മെൻറു് ഭാഗത്തുനിന്നുതന്നെ കുടിയിറക്കുകൾ നടത്തിക്കൊണ്ടിരിക്കുകയാണു്. ഭൂമി ഉടമസ്ഥന്മാരും അതു നോക്കി നില്ക്കൊള്ളുന്നു എന്നുള്ള കാര്യവും ഗവണ്മെൻറ മനസ്സിലാക്കേണ്ടതാണു്. കാൺഗ്രസ്സ് ഗവണ്മെൻറു് 1952-53-ൽ ഏതാണ്ടു് ഒരു ലക്ഷത്തോളം രൂപ വനഭൂമികൾ കയ്യേറിയവരെ ഇറക്കിവിടുന്നതിനായി ബഡ്ജററിൽ കൊള്ളിച്ചിരുന്നു. അങ്ങനെ ഗവണ്മെൻറു് നേരിട്ടു കുടിയിറക്കിവിടുകയാണെങ്കിൽ ഞങ്ങൾക്കെന്തുകൊണ്ടു് കുടിയിറക്കി വിട്ടുകൂടാ എന്നു ഭൂമി ഉടമസ്ഥന്മാർ കരുതി നാടൊട്ടുക്കു് കുടിയിറക്കു നടത്തിക്കൊണ്ടിരുന്നു. സാധാരണക്കാരായ പാവപ്പെട്ട കർഷകരേയും തൊഴിലാളികളേയും വളരെ അലട്ടിക്കൊണ്ടിരിക്കുന്ന ഈ രാജ്യത്തെ നീറുന്ന ഒരു പ്രശ്നമാണു് ഇന്നു് ഈ നാടൊട്ടുക്കു് നടക്കുന്നതായ കുടിയിറക്കുകൾ. അതെപ്പററി അതിഗൗരവമായി ഗവണ്മെൻറു് ശ്രദ്ധിക്കണം. വനം കയ്യേറിയിട്ടുള്ളവരുടെ പേരിൽ വേറെസ്ഥലങ്ങൾ ഉണ്ടോ എന്നന്വേഷിച്ചതിനുശേഷം അങ്ങനെ അവർക്കു വേറെ സ്ഥലം ഇല്ല എന്നു ബോദ്ധ്യപ്പെടുന്ന പക്ഷം അവരെ ഇറക്കിവിടരുതു് എന്നു് എനിക്കു് ഒന്നുകൂടി ഗവണ്മെൻറിനോടു് അഭ്യർത്ഥിക്കുവാനുണ്ടു്. ഈ പാവപ്പെട്ട കുടികിടപ്പുകാർ പൊതുവേ പട്ടിണിക്കാരാണു്. ഭൂമി ഉടമകളാണെങ്കിൽ അവർ നാട്ടിലെ പ്രമാണികളുമായിരിക്കും. അവർ സഹായത്തിനായി വിളിക്കുന്ന അവരുടെ അനുയായികൾ എന്തു ഹീനകൃത്യങ്ങളും ചെയ്യുന്നതിനും സന്നദ്ധരായി കാണാറുണ്ടു്. ഒരു രാത്രി കൊണ്ടുതന്നെ, വേണമെന്നാൽ പാവപ്പെട്ട കുടികിടപ്പുകാരൻെറ പേരിൽ ദേഷ്യമുണ്ടെങ്കിൽ പിറേറദിവസം സൂര്യോദയത്തിനു മുമ്പു് അവൻെറ പുര നിന്ന സ്ഥലത്തു് വാഴയോ തെങ്ങോ മുതലായവ വച്ചുപിടിപ്പിച്ചിരിക്കും. അങ്ങനെയുള്ള കാര്യങ്ങളിൽ പോലീസിൻെറ തുണയും ഉണ്ടാകാറുണ്ടു്. നാട്ടുപ്രമാണികൾക്കു് പോലീസിനെ എന്തെങ്കിലും കൈക്കൂലിയും മററും കൊടുത്തു സ്വാധീനപ്പെടുത്തുവാൻ കഴിയും. ഇതു് സത്വരമായി ഗവണ്മെൻറു് തടയേണ്ട ഒരു കാര്യമാണു്. ഈ വക കാര്യങ്ങളിൽ ഗവണ്മെൻറിൻെറ സത്വരശ്രദ്ധ പതിയണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാനീപ്രമേയത്തെ അനുകൂലിക്കുന്നു.

[ശ്രീ. പി. എം. മക്കോസ്]

അതുപോലെ മററൊരു കാര്യം. ഇവിടത്തെ അധഃകൃതരുടെ സംരക്ഷണത്തിനുവേണ്ടി സർ സി. പി. രാമസ്വാമി അയ്യർ—അദ്ദേഹം കിരാതഭരണം നടത്തി എന്നാണല്ലോ പറയുന്നതു് എങ്കിലും—അദ്ദേഹം ചെയ്തിട്ടുള്ള ഒരു കാര്യം എന്റെ ഓർമ്മയിൽ വരുന്നു. അധഃകൃതരായവരുടെ സംരക്ഷണത്തിനായിട്ട് ഒരു അധഃകൃത സംരക്ഷണഡിപ്പാർട്ട്മെൻറുണ്ടാക്കുകയും ഭൂമിയില്ലാത്തവർക്ക് സൗജന്യനിരക്കിൽ ഭൂമി പതിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു പതിവുണ്ടാക്കിയിരുന്നു. ആ കിരാതൻ ഇന്നത്തെ ചില മുതലാളിമാരെപ്പോലെ ഉള്ള കിരാതസമ്പ്രദായമല്ലാ പാവങ്ങളോട് എടുത്തിരുന്നതെന്നാണ് ഞാൻ പറയുന്നതു്. ദിവാൻജിമാർ പൊതുവേ പാവപ്പെട്ടവരോടു കരുണ കാണിച്ച് അവർക്കാവശ്യമായ രക്ഷാവ്യവസ്ഥകൾ ചെയ്തുകൊടുത്തിട്ടുണ്ട് എന്ന് ഇന്നിവിടെ ഇരിക്കുന്നവരിൽ പലർക്കും അറിയാം. യാതൊരു സൗജന്യപതിവുഭൂമിയും കൈമാററം ചെയ്യാൻ പാടില്ലാത്തവിധത്തിൽ ആണ് അന്നു പാവപ്പെട്ടവർക്ക് പതിച്ചുകൊടുത്തിരുന്നതു്. അതു് അവർക്കുതന്നെ തീറു കൊടുക്കുമെന്നായിരുന്നു ഉത്തരവ്, രക്ഷാവ്യവസ്ഥ എന്നു് എനിക്കറിയാം. അങ്ങനെ അനേകം പാവങ്ങൾ സൗജന്യമായി സ്ഥലങ്ങൾ പതിച്ചുവാങ്ങിയാണ് ഇന്നുവരെയും സുഖമായി ജീവിച്ചുവരുന്നതു്. അങ്ങിനെയുള്ള സ്ഥലങ്ങൾ സാധുക്കളെ കബളിപ്പിച്ച് ആരും വാങ്ങിക്കാൻ പോകാതിരിക്കത്തക്ക വ്യവസ്ഥയോടുകൂടിയാണ് സർ, സി. പി. രാമസ്വാമി അയ്യർ ചെയ്തിരിക്കുന്നതു്. എന്നാൽ ഇന്നത്തെ ജനകീയഗവണ്മെൻറു പാവപ്പെട്ടവരോടു ചെയ്യുന്ന പ്രവൃത്തിയെപ്പററി, അവർ അനുഭവിക്കുന്ന ദുരിതങ്ങളെപ്പററി സ്വല്പം പറയാതിരിക്കുവാൻ നിവൃത്തിയില്ല.

സർ, വാസ്തവം പറയുകയാണെങ്കിൽ കോട്ടയത്തു് 'ചേരമർ ഗ്രാമം' എന്നു പറയുന്ന ചേരമർ താമസിക്കുന്ന ആറ് ഏക്കർ ഭൂമിയുള്ള ഒരു ഗ്രാമം ഉണ്ട്. അൻപതു വർഷമായി മുപ്പത്തിരണ്ടു കുടുംബങ്ങൾ അവിടെ കുടിപാർത്തു ദേഹണ്ഡങ്ങൾ ചെയ്തുവരികയായിരുന്നു. ഏതാണ്ടു രണ്ടു വർഷങ്ങൾക്കുമുമ്പ് അവരെ അവിടെനിന്നും ഇറക്കി വിട്ടിട്ടുള്ളതായറിയാം. അതു് അന്നത്തെ ഗവണ്മെൻറ് ഇറക്കിവിട്ടിട്ടുള്ളതുമാണ്. ആരുടെ പരാതിപ്രകാരമോ എന്നറിവില്ല. അവിടെ താമസിച്ചിരുന്ന 32 കുടുംബാംഗങ്ങളെ നാലര സെൻറു വീതം ഭൂമി കൊടുത്തു ബാക്കിയിൽനിന്നും ഇറക്കിവിടുകയാണ് ചെയ്തിട്ടുള്ളതു്. പത്തോ പന്ത്രണ്ടോ വീതം അംഗങ്ങളുള്ള 27 കുടുംബങ്ങൾ, അങ്ങിനെ നാലര സെൻറു ഭൂമി വീതം കൊടുത്തു മാററപ്പെട്ടു. ഇവിടത്തെ ഭരണകക്ഷിയും ബഹുമാനപ്പെട്ട മന്ത്രിമാരും സ്ഥലത്തു വന്നു് അഭിപ്രായപ്പെട്ടതാണ് നിങ്ങൾക്കു പത്തു സെൻറു സ്ഥലം വീതം തരാമെന്നു്. ആ സമയം എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ഭാസിയും അവിടെയുണ്ടായിരുന്നുകാണും. എങ്ങനെയോ അവർക്ക് ഒടുവിൽ കിട്ടിയതു് നാലര സെൻറാണ്. അതിനും അവർക്ക് യഥാർത്ഥ പ്രമാണവുമില്ല. ജന്മി-മുതലാളിമാർ വാസ്തവത്തിൽ പണ്ട് പുലയന് ആധാരം എഴുതിക്കൊടുത്തതുപോലെ 'തിന്നാതെ തികയാതെ' എന്ന പ്രമാണമാണു കൊടുത്തിട്ടുള്ളതു്. ഇന്നവരോടു ചോദിക്കുകയാണെങ്കിൽ അവർ പറയുന്നതു് വസ്തുവെ സംബന്ധിച്ചിടത്തോളം മുനിസിപ്പൽ കമ്മീഷണറും, തഹശീൽദാരും ഡി. സി. സി. പ്രസിഡൻറും ഡി. എസ്സ്. പി. യും ഒക്കെ വന്നു

നിന്നാണ് നാലര സെൻറ ഭൂമി വീതം ഞങ്ങൾക്ക് തന്നിട്ടുള്ളതെന്നു പറയും. പുര പൊളിക്കാൻ റിസർവ്വ് പോലീസ് ചെന്നുനിന്നുകൊണ്ട്, അവരോടു ചോദിക്കുകയാണ് നിങ്ങൾതന്നെ പുരകൾ പൊളിക്കുന്നോ ഞങ്ങൾ പൊളിക്കണമോ എന്ന്. അങ്ങിനെ റിസർവ്വ്പോലീസ് പൊളിച്ചുകൊണ്ട് വലിയ ദോഷമുണ്ടെന്നുകണ്ട് അവർതന്നെ പൊളിച്ചുകൊള്ളാമെന്ന് സമ്മതിച്ചു. ഇങ്ങനെ അവരെ അവിടെനിന്നും ഭയപ്പെടുത്തി ഇറക്കിവിട്ട് ഇവിടെ മാററി താമസിപ്പിക്കയും ചെയ്തു. ഇപ്പോൾ അവർ ഏതു വ്യവസ്ഥയിലാണ് ഇവിടെ താമസിക്കുന്നത് എന്നതിനും ഒരു പ്രമാണവും ന്യായമായി കിട്ടീട്ടില്ല. അങ്ങിനെ ഇറക്കുകയും കയററുകയും ചെയ്തു 27 കുടുംബങ്ങൾ കഴിച്ചു ബാക്കി മൂന്നു കുടുംബങ്ങൾക്ക് വേറൊരുഭാഗത്ത്, പട്ടണത്തിൽത്തന്നെ കാച്ചുവലിക്കുന്ന് എന്ന ഒരു ഗവണ്മെൻറുവക സ്ഥലത്തു നാലര സെൻറ ഭൂമിവീതം കൊടുത്തു. ബഹുമാനപ്പെട്ട കോട്ടയം മുനിസിപ്പൽ പ്രസിഡൻറ അവർകൾ ഈ ഹാളിൽ കയറിയിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. എങ്കിലും ഞാൻ പറയുകയാണ് ആ മൂന്നു വീടുകളിൽ ഒന്ന് ഈ അടുത്തകാലത്ത് മുനിസിപ്പാലിററിക്കാർ പൊളിച്ചു ദൂരെ കളയുകയാണു ചെയ്തത്. അപ്പോൾ പുര പൊളിച്ച ഉദ്യോഗസ്ഥന്മാർ അവരോടു ചോദിച്ചു നിങ്ങൾക്കെന്തു പ്രമാണമാണ് ഈ വസ്തുവിനുള്ളത് എന്ന്. ഉദ്യോഗസ്ഥന്മാർ ഇവിടെ ഞങ്ങളോട് പുരവച്ചു താമസിച്ചുകൊള്ളാൻ പറഞ്ഞതല്ലാതെ യാതൊരു പ്രമാണവുമില്ലെന്നായിരുന്നു സാധുക്കളുടെ മറുപടി. അതുകൊണ്ട് ഇങ്ങനെ പാവപ്പെട്ടവർക്ക് ഏതെങ്കിലും ഗുണം ചെയ്യുന്നെങ്കിൽ ശരിയായ അടിസ്ഥാനത്തിൽ ചെയ്യണം. ആ സ്ഥലത്തുനിന്നും 40 വർഷമായി ഗവണ്മെൻറിനു യാതൊരാദായവും കൈവശവും കിട്ടാതെ മിഷ്യൻ വസ്തുവിൽപ്പെട്ടു കിടക്കയായിരുന്നു. പാവപ്പെട്ടവർ കൃഷിക്ക് സ്ഥലം ഏററുവാങ്ങി വേലചെയ്തു കേറി താമസിച്ചുകഴിഞ്ഞ മാത്രയിൽ അതു ഗവണ്മെൻറ വകയാണെന്നു കണ്ടുപിടിച്ചതാണ് വിചിത്രം. അതുവരെ ഈ വസ്തുക്കൾ കണ്ടുപിടിക്കാനുള്ള കഴിവ് ഗവണ്മെൻറിന് ഉണ്ടാവാൻ കഴിഞ്ഞില്ല.

കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ ഇപ്രകാരമുള്ള വസ്തുക്കളെ സംബന്ധിച്ചു ഇവിടെ പല സ്നേഹിതന്മാരും പറയുകയുണ്ടായി. നാല്പതുകൊല്ലം മുമ്പ് ഈ സ്ഥലം മിഷനറിയുടെ വകയാണെന്ന വസ്തുത ഇപ്പോഴാണ് കണ്ടുപിടിക്കപ്പെട്ടിരിക്കുന്നത്. ഇത്രയും കാലം ഈ പാവപ്പെട്ടവർ അവിടെ ദേഹണ്ഡം ചെയ്തതിനുശേഷമാണ് അതു പുതുവലാണെന്ന് ഗവണ്മെൻറ് മനസ്സിലാക്കുകയും പല അക്രമങ്ങളും ചെയ്തു അവരെ നഷ്ടപ്പെടുത്തുകയും കുടിഇറക്കുകയും ചെയ്തിട്ടുള്ളത്. അതുപോലെ ഇന്നു പാവപ്പെട്ട ജനങ്ങൾ അനുഭവിക്കുന്ന പല പല ദുരിതങ്ങളെപ്പററിയും വ്യസനത്തോടുകൂടി എനിക്കു പറയാനുണ്ട്. അങ്ങനെ പാവപ്പെട്ട ജനങ്ങൾക്ക് എൻെറ സ്നേഹിതൻ ശ്രീ. ശാസ്ത്രി പറഞ്ഞതുപോലെ ഈ ദുരവസ്ഥയ്ക്കൊരു വിരാമം ഉണ്ടാക്കുവാനപേക്ഷയും ഉണ്ട്.

The House adjourned for lunch at 1 P. M. and re-assembled at 2 P. M. with Mr. Speaker in the Chair.

ശ്രീ. പി. എം. മർക്കോസ്: സർ, ഏതൊരു ജീവജാലത്തിനും സ്വന്തമായ ഒരു വിശ്രമസ്ഥലമുണ്ട്. എന്നാൽ നമ്മുടെ

2 P. M.] നാട്ടിലുള്ള പാവങ്ങൾക്ക് സ്വന്തമായി ഭൂമിയില്ലെന്നു മാത്രമല്ല, കയറിക്കിടക്കാൻ വീടുപോലുമില്ലാത്ത ഒരവസ്ഥയാണുള്ളത്. വീടില്ലാത്ത അനവധി സാധുക്കൾ ചില ഭൂവുടമകളുടെ സ്ഥലങ്ങളിൽ വെട്ടിക്കെട്ടിയിട്ടുള്ള ചെറ്റപ്പുരകളിൽ വാടകകൊടുത്തു താമസിക്കുകയാണ്. ഇപ്രകാരം വാടകകൊടുത്തു താമസിക്കുന്ന അനവധി ആളുകൾ നമ്മുടെ സംസ്ഥാനത്തു ധാരാളമായിട്ടുണ്ട്. വിചിത്രമായ വാടകച്ചീട്ടു എഴുതി വാങ്ങിച്ചുകൊണ്ടാണു സാധുക്കളായ ഇക്കൂട്ടരെ അവരുടെ വീട്ടിൽതന്നെ ഭൂവുടമ താമസിക്കാൻ അനുവദിക്കുന്നത്. വാടകച്ചീട്ടു എഴുതിക്കൊടുക്കാതെ യാതൊരു കാരണവശാലും സാധുക്കളെ ആരും അടകുടിസ്ഥലങ്ങളിൽ താമസിപ്പിക്കാറില്ല. ഇങ്ങനെ വാടകച്ചീട്ടുമെഴുതിക്കൊടുത്തു താമസിക്കുന്ന സാധുക്കളിൽനിന്നും, വാടകയുടെ പേരിലൊ, അല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണമുണ്ടാക്കിയൊ അവരെ കുടിയിറക്കാൻ ശ്രമിക്കുന്ന ഒരു പതിവുണ്ട്. അതിന് അവർ തടസ്സം പറഞ്ഞാൽ അവരറിയാതെതന്നെ നൂറോ, ഇരുനൂറോ രൂപ വാടകക്കുടിശ്ശികയുള്ളതായി ഒരു കേസു ഫയലാക്കുകയും, അതനുസരിച്ച് ഒരു സുപ്രഭാതത്തിൽ അവരുടെ ചട്ടി, പാനു, പാത്രം തുടങ്ങിയ സാധനസാമഗ്രികൾ ജപ്തി ചെയ്യുന്നതിനായി അധികാരമുള്ള ഉദ്യോഗസ്ഥന്മാർ വന്നു നടപടി നടത്തുകയും ചെയ്യുന്നു. കുഞ്ഞുകുട്ടിപരാധീനങ്ങളോടുകൂടി അടകുടി താമസിക്കുന്ന ഈ സാധുക്കൾക്കു അപ്രതീക്ഷിതമായുണ്ടാകുന്ന ഇത്തരം അനുഭവങ്ങൾനിമിത്തം എന്തെല്ലാം നരകയാതനകൾ പാവപ്പെട്ട ജനങ്ങൾ സഹിക്കേണ്ടിവരുന്നുവെന്നു ചിന്തിച്ചുനോക്കേണ്ടതാണ്. സർ, നിർദ്ദോഷിയായ ഒരു കുരുവിക്കു തന്റെ വീട്ടിൽ സാമർത്ഥ്യം ഉണ്ട്. എന്നാൽ അതിന്റെ കൂട്ടിൽ കല്ലെറിഞ്ഞു കൂടു പൊളിഞ്ഞതാൽപ്പിന്നെ കുരുവിയുടെ ശക്തി ക്ഷയിച്ചു. ഈ അവസ്ഥയാണ് സ്വന്തം ഭൂമിയില്ലാത്ത പാവങ്ങളുടെ അവസ്ഥ. ഇക്കൂട്ടർക്ക് പെട്ടെന്നു കുടിഇറങ്ങി സ്ഥലംവിട്ടു പോകേണ്ടിവരുന്ന സന്ദർഭം ഉണ്ടാകുമ്പോൾ, അതിന് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി യാതൊരു നടപടിയും നമ്മുടെ ഗവണ്മെന്റു എടുത്തുകാണുന്നില്ല. സാധുക്കളായ അടകുടിക്കാരെ സംബന്ധിച്ചു അനവധി കള്ളക്കേസുകൾ ജന്മിമാർ, ഫയൽ ചെയ്തിട്ടുണ്ട്. അടകുടിക്കാരെ ഇറക്കിവിടുന്നതിനുവേണ്ടി മോഷണം, കരാർലംഘനം, വാടകക്കുടിശ്ശിക, തുടങ്ങി ഒരു ലക്ഷത്തിലധികം കേസുകളാണ് ഇന്നു കോടതികളിൽ വിചാരണയിലിരിക്കുന്നതു എന്നാണ് എന്റെ ഉദ്ദേശം. ഇത്രയും കേസുകൾ കോടതികളിൽ വരാൻതന്നെ കാരണം ഇന്നത്തെ ഗവണ്മെന്റിന്റെ തൻപിള്ള നയം കലന്ന നിയമമാണ്. അടകുടിക്കാരനെ ഒരു കാരണത്താലും ബലാൽ ഇറക്കിവിടാൻ പാടില്ലെന്നു കർശനമായി ഒരു വ്യവസ്ഥ ഇതുവരെ ഉണ്ടായിട്ടില്ല. ഇന്നൊരു കമ്മ്യൂണിസ്റ്റ് നേതാവ് പറഞ്ഞതുപോലെ, ഇറങ്ങെടാ എന്നു പറയുമ്പോൾ, ഇറങ്ങാൻ മനസ്സില്ല എന്നു പറയാൻ തക്ക തന്റേടത്തോടുകൂടി കുടികിടപ്പുകാരൻ മുന്നിട്ടുനിന്നാൽ മാത്രമേ പാർട്ടിക്കു അവനെ സഹായിക്കാൻ കഴിയൂ എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഇന്നത്തെ അവസ്ഥയിൽ ഇറങ്ങെടാ എന്നു പറഞ്ഞാൽ, ഇറങ്ങിയില്ലെങ്കിൽ, പോലീസു മുഖേന ഇറക്കിവിടുകയാണു ചെയ്യുന്നത്. എതിർത്തു വല്ലതും പറഞ്ഞുപോയാൽ അനുഭവം എന്തായി

രിക്കുമെന്നു ഞാൻ പറയുന്നുമെന്നില്ല. സർ, പാവപ്പെട്ടവർക്കു് ഈയൊരു ദുരന്തഫലം ഉണ്ടാകുന്നതു ഗവണ്മെൻറിൻെറ ഭരണനയത്തിലുള്ള തകരാറു കൊണ്ടാണെന്നാണു് എനിക്കു തോന്നുന്നതു്.

സർ, കോട്ടയത്തു റയിൽവേസ്റ്റേഷൻ തുടങ്ങുന്നതിനെ സംബന്ധിച്ചുള്ള പ്രാരംഭനടപടികൾ എടുക്കുകയുണ്ടായി. തുടർന്നു റയിൽവേക്കു സ്ഥലമെടുപ്പു തുടങ്ങി. കൂലിവേലചെയ്തു ഉപജീവനം കഴിക്കുന്ന വളരെ അധികം സാധുക്കളെയാണു ഈ നടപടിമൂലം അവിടെനിന്നും ഇറക്കിവിട്ടിട്ടുള്ളതു്. കോട്ടയം പട്ടണത്തിൽ വളരെക്കാലമായി താമസിച്ചുവരുന്ന ഈ സാധുക്കളെ ഒരു ദിവസംകൊണ്ടാണു ഇറക്കിവിട്ടിരിക്കുന്നതു്. സർ, ഇങ്ങനെ ഇറക്കിവിട്ടതിൻെറ ഫലമായി മിക്കവരും കാടുകളിലേം, മലകളിലേ, പോകുകയും, കുറേപ്പേർ ധർമ്മശാലകളിലും തൊഴുത്തുകളിലും, തെരുവീഥികളിലും, പീടികത്തിണ്ണകളിലുമായി കഴിയുകയുമാണുണ്ടായിട്ടുള്ളതു്. ഞാൻ മുൻപു പറഞ്ഞതുപോലെ ഇങ്ങനെ അമളികൾ പററിയിട്ടുള്ള സാധുക്കൾ നേരിട്ടും അല്ലാതെയും പല പരാതികളും ഗവണ്മെൻറിൻെറ മുൻപിൽ ബോധിപ്പിച്ചിട്ടും ഒരു ഉദ്യോഗസ്ഥൻ പോലും ഈ കാര്യങ്ങളിൽ ഇടപെട്ടു് അന്വേഷിച്ചതായി എനിക്കറിവില്ല. പാവപ്പെട്ടവരുടെ പരാതികൾ കേൾക്കുന്നതിനാരുമില്ല. സർ, ഇതുപോലെ തന്നെ മറെറാരു സംഭവംകൂടി ഇവിടെ ചൂണ്ടിക്കാണിക്കണമെന്നു ഞാനാഗ്രഹിക്കുന്നു. തിരുവല്ലാ താലൂക്കിൽ ഇരവിപേരൂർ എന്ന സ്ഥലത്തു് ഒരു ററി. ഒ. ഉമ്മൻ ഉണ്ടു്. അദ്ദേഹം 36,000 ഏക്കർ സ്ഥലം ഒരു കള്ളപ്രമാണം ചമച്ചു്, തൻെറ വസ്തുവാക്കി തീറാധാരം എഴുതി വിററുകൊണ്ടിരിക്കയാണു്. ഈ വസ്തുവിൽ കുറെയധികംഭാഗം വിററുകഴിഞ്ഞിരിക്കുകയാണു്. ഈ വസ്തുക്കൾ മാർത്താണ്ഡവർമ്മ രാജാവു് ഒരു നമ്പൂതിരി കുടുംബത്തിനു് കരംഒഴിവായി കൊടുത്ത വസ്തുവാണെന്നും തനിക്കു ഈ വസ്തു ഇഷ്ടദാനം കിട്ടിയതാണെന്നും സാധാരണ ജനങ്ങളെ വിശ്വസിപ്പിച്ചിരിക്കുകയാണു്. സാധുക്കളായ അനവധി ആളുകൾക്കു് ഈ വസ്തുവിൽനിന്നും കുറേശ്ശെ സ്ഥലം ഏക്കർ ഒന്നിനു് പത്തു രൂപാ വില വച്ചാണു് ററി. ഒ. ഉമ്മൻ വിററുവരുന്നതു്. ഈ വസ്തു ഇതുവരെ ഗവണ്മെൻറിൽനിന്നും അളക്കുന്നതിനോ വസ്തുവിൻെറ നിജസ്ഥിതി മനസ്സിലാക്കുന്നതിനോ തുനിഞ്ഞിട്ടില്ലെന്നാണറിവു്. സർ, ഈ വസ്തു അദ്ദേഹത്തിൻെറ സ്വന്തമാണെന്നു പ്രമാണം കാണിച്ചു് സാധുക്കളെ തെററിദ്ധരിപ്പിച്ചതിൻെറ ഫലമായിട്ടാണു വസ്തു വാങ്ങിക്കാൻ തുടങ്ങിയതു്. ഒരേക്കറിനു് പത്തു രൂപ വിലവച്ചു് കുറെ അധികം ഏക്കർ സ്ഥലം ഈയാൾ വിററിട്ടുണ്ടു്. ഇത്ര വില കുറച്ചു് വസ്തു വിൽക്കാൻ തുടങ്ങിയപ്പോൾതന്നെ എനിക്കു പല സംശയങ്ങളുമുണ്ടായി. അതിൻെറ ഫലമായി ഞാൻ ഞങ്ങളിൽപ്പെട്ട ചിലരെ വസ്തു വാങ്ങുന്നതിൽനിന്നും പിൻതിരിപ്പിക്കാൻ ശ്രമിക്കുകയുണ്ടായി. പക്ഷെ, അവർ എന്നോടു യോജിക്കാൻ സാധിച്ചില്ല. അത്രയും അവർ വശീകരണത്തിൽ പെട്ടിരിക്കയാണു്. കിടക്കാൻ സ്ഥലമില്ലാതെ വിഷമിക്കുന്നവർക്കു് കുറഞ്ഞ വിലയ്ക്കു ഭൂമി കൊടുക്കാൻ ആളുള്ളപ്പോൾ അതു വാങ്ങാതിരിക്കുന്നതു ശരിയല്ലെന്നായിരുന്നു അവരുടെ വാദം. മഹാമനസ്കൻ തരുന്നതാണെന്നാണു് അവരുടെ വിശ്വാസം. എന്നോടും ഈ വസ്തു ആവശ്യമുണ്ടോ എന്നു ചോദിക്കുകയുണ്ടായി. ഞാൻ അതിനു് വഴിപ്പെട്ടില്ലെന്നുമാത്രം. അങ്ങനെ വാങ്ങിച്ചിട്ടുള്ള അർദ്ധപട്ടിണിക്കാരെ ഒരു കാലത്തു് അവിടെനിന്നും ഇറക്കാൻ

[ശ്രീ. പി. എം. മർക്കോസ്]

ഇടവരാതിരിക്കയില്ലല്ലൊ. സർ, ഇവരെ അവിടെനിന്നും ഇറക്കിവിടിക്കാനാണു ഭാവമെങ്കിൽ ഇതിനു ആരാണു കുററക്കാരെന്നു ഞാൻ ചോദിക്കാൻ ആഗ്രഹിക്കുന്നു. സാധുക്കളെ പറഞ്ഞു കബളിപ്പിച്ചതിനും അവർ അപ്പോൾ കുടിയിറക്കപ്പെടുന്ന ഒരു പരിതഃസ്ഥിതി വന്നുചേർന്നിരിക്കുന്നതിനുംപുറമെ ഈ സാധുക്കളുടെ കാര്യം അന്വേഷിക്കാൻ ഒരു ജനായത്തഗവൺമെൻറ് ഈ രാജ്യത്തില്ലേ എന്നാണ് ഞാൻ ചോദിക്കുന്നതു്. ശ്രീ. കൊച്ചുകുട്ടൻ മന്ത്രിയായിരുന്ന അവസരത്തിൽ ഇപ്രകാരമുള്ള അനീതിപരമായ സംഭവങ്ങൾ കാണാൻ ഒരു ഹരിജൻ മന്ത്രിയും ഉണ്ടായിരുന്നു. ഇന്ന് അങ്ങനെയും ഒന്നില്ല. ഈ കാര്യങ്ങൾക്കു കേൾപ്പോരും കേൾവിയുമില്ലാതെയാണിരിക്കുന്നതു്. ഇങ്ങനെ പല വസ്തുക്കളും ധനാഢ്യന്മാർ കയ്യടക്കിവച്ചിട്ടുള്ളതു് ഗവൺമെൻറ കണ്ടുപിടിച്ചിട്ടില്ല. പാവപ്പെട്ടവരുടെ എന്തും ഗവൺമെൻറ് ഉടൻ കണ്ടുപിടിക്കും. ഒരു ഉദാഹരണംകൂടി പറയാം. കുന്നത്തുനാട്ടു താലൂക്കിൽ അനേകം വർഷക്കാലമായി പല ധനാഢ്യന്മാർ 3,000-ത്തിൽപ്പരം ഏക്കർ സ്ഥലം ഗവൺമെൻറുവക കൈശപ്പെടുത്തി വച്ചിരിക്കുന്നതായറിയുന്നു. ധനാഢ്യൻെറ കൈവശമിരുന്ന ഈ സ്ഥലങ്ങൾ കണ്ടുപിടിക്കുന്നതിനു ഗവൺമെൻറ മുതിരുന്നതായിക്കാണുന്നില്ല. ഏതുപ്രകാരവും അങ്ങനെ സാധുക്കൾ ആ സ്ഥലത്തു് പ്രവേശിച്ചു കുടിൽ കെട്ടി താമസിച്ചു തുടങ്ങിയെന്നറിഞ്ഞാൽ ഗവൺമെൻറ ആ സ്ഥലം മുഴുവനും പുറംപോക്കുഭൂമിയാണെന്നു പറഞ്ഞുകൊണ്ടു് അവരെ അവിടെനിന്നും ഉടനേതന്നെ ഇറക്കിവിടുന്നതിനു് സത്വരനടപടി സ്വീകരിക്കുമെന്നു് തീർച്ചയാണ്. സർ, സ്ഥലത്തെ അതിനെപ്പററിയുള്ള ഒരു ലിസ്റ്റ് എൻെറ കൈവശം തന്നെയുണ്ടു്. ഏതു വസ്തുവും സാധുക്കളുടെ കൈയിൽ വരുമ്പോൾ അവയൊക്കെ പുറമ്പോക്കുഭൂമിയാകുന്ന പതിവാണിന്നുള്ളതു്. നേരെമറിച്ചു് ധനവാന്മാരുടെ കൈവശമിരിക്കുകയാണെങ്കിൽ ഗവൺമെൻറ ആ ഭാഗത്തേയ്ക്കു് തിരിഞ്ഞുനോക്കുകപോലും ചെയ്യുകയില്ല. സർ, അങ്ങനെ പല സ്ഥലത്തു് കുടിൽ കെട്ടി പാർത്തിരുന്ന അനവധി സാധുക്കൾ നിരാധാരരായി ഇറക്കിവിടപ്പെട്ടിട്ടുണ്ടു്. പാവപ്പെട്ടവരെ ഉയർത്തേണ്ട കടമ ഗവൺമെൻറിനാണുള്ളതു്. എന്നാൽ, ഗവൺമെൻറ് ഇവരെ ഒന്നുകൂടി താഴ്ത്തുകയാണു ചെയ്യുന്നതു്. ചില നിയമംമൂലമാണ് അങ്ങനെ സംഭവിക്കുന്നതു്; മനഃപൂർവ്വമല്ലായിരിക്കാം. കമ്മ്യൂണിസ്റ്റ പാർട്ടിയിലുള്ള മിക്ക ബഹുമാനപ്പെട്ട മെംബറന്മാരും ഈ സഭയിൽ കുടികിടപ്പുകാരെ ഇറക്കിവിടുന്നതിനെ സംബന്ധിച്ചു് പരാതികൾ ഉന്നയിക്കുകയുണ്ടായി. ഒരു നേരത്തെ ആഹാരത്തിനുപോലും വകയില്ലാത്തവരും, യാതൊരു സമ്പാദ്യവുമില്ലാത്തവരുമായ ഇക്കൂട്ടർ വഴിയിൽക്കൂടി നടക്കുന്നതിനും, അതായതു് പബ്ലിക്ക്റോഡിൽക്കൂടി സഞ്ചരിക്കുന്നതിനും, പള്ളിക്കൂടങ്ങളിലും അഥവാ ചന്തയിൽപ്പോലും പ്രവേശിക്കുന്നതിനു് അനുവാദമില്ലാതെ എത്രയെത്ര നൂററാണ്ടുകൾ ദുരിതം അനുഭവിച്ചിട്ടുള്ളവരാണെന്നു ഞാൻ പറയാതെ തന്നെ ഈ സഭയിലുള്ള എല്ലാവർക്കും അറിയാവുന്നതാണ്. പാവപ്പെട്ടവർക്കുവേണ്ടി ശബ്ദമുയർത്തുന്ന ചിലർ ഇപ്പോൾ ഉണ്ടു്. പാർട്ടിപുരോഗമനമാണ് അവരുടെ ലക്ഷ്യം. അധഃകൃതരായ ഈ സാധുക്കൾ പബ്ലിക്കുറോഡുകളിൽപ്പോലും സഞ്ചരിക്കാൻ അനുവദിക്കപ്പെ

ടാതെ മൃഗങ്ങളെക്കാൾ കേവലമായ ഒരവസ്ഥയിൽ കഴിഞ്ഞുവന്നിരുന്നു. പശു, പട്ടി, പന്നിയും പൂച്ചയും തുടങ്ങിയ മൃഗങ്ങൾക്ക് യഥേഷ്ടം സഞ്ചരിക്കുകയും, ഇഷ്ടംപോലെ പ്രവേശിക്കുകയും ചെയ്യാവുന്ന സ്ഥലത്തു് അധഃകൃതക്ക് പ്രവേശനം അനുവദിച്ചിരുന്നില്ല. അക്കാര്യം അറിയാത്തവർ ഈ സഭയിലുണ്ടോ? ഇന്നു അങ്ങനെയുള്ള അവസ്ഥ മാറിയിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. ഗവണ്മെൻറിൽനിന്നും അധഃകൃതരുടെ ഉന്നമനത്തിനുവേണ്ടി ആണ്ടുതോറും ഒരു വലിയ തുക ബഡ്ജററിൽ നീക്കിവയ്ക്കാറുണ്ട്. പക്ഷെ, അതു ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്നു സംശയമാണ്.

ഈ രാജ്യത്തെ ധർമ്മരാജ്യമെന്നാണു പറയുന്നതു്. കൃഷിചെയ്യാൻ ഭൂമിയില്ലാതെയും കിടപ്പാനിടമില്ലാതെയും അലയുന്ന ഇവിടത്തെ പാവപ്പെട്ടവരോടു ഗവണ്മെൻറു കൂടുതൽ ധർമ്മം കാണിക്കണമെന്നു പറയുന്നതു് വാസ്തവത്തിൽ സംഗതംതന്നെയാണ്. എന്നാൽ അവരുടെ നന്മയ്ക്കുവേണ്ടി ഗവണ്മെൻറു ഫണ്ടിൽനിന്നും വളരെ കുറച്ചുപണം മാത്രമേ ചെലവാക്കുന്നുള്ളു. അങ്ങനെ ചിലവാക്കുന്നപണം പ്രതീക്ഷയ്ക്കൊത്ത വണ്ണം പ്രയോജനപ്പെടുന്നുമില്ല. കാരണം ഇന്നത്തെ ചുററുപാടുകൾ അങ്ങനെയാണ്. അതുകൊണ്ടു് ഈ പാവപ്പെട്ടവർ പൂർവ്വകാലങ്ങളിൽ ഹിന്ദുമതത്തിൽനിന്നും ക്രിസ്തുമതത്തിലേക്കു് അവരുടെ പ്രാണരക്ഷാർത്ഥം പല മതങ്ങളിലും ഓടിപ്പോയിരുന്നു. ശരിയാണ്, ഇവിടെ പാവപ്പെട്ടവർ ഇല്ലാത്ത ഒരു മതവും കാക്ക ഇരിക്കാത്ത മരവും കാണുകയില്ല. ഈ വർഗ്ഗം എല്ലാ മതങ്ങളിലും കാണപ്പെടുന്നുണ്ട്. ഹിന്ദുക്കളിലും അവശസമുദായമുണ്ട്; ക്രിസ്ത്യാനികളിലും അവശസമുദായമുണ്ട്. തങ്ങൾക്ക് രക്ഷയും അഭയസങ്കേതവും ഏതുമതത്തിൽചേർന്നാൽ ഉണ്ടാകും എന്നു് ഓർത്തു് മതം മാറിപോയിട്ടുണ്ട് എന്നു് സമ്മതിക്കുന്നു. ഉഴന്നോടിപോയതിന്റെ ഫലമാണ് ഈ രാജ്യത്തുള്ള 66 മതങ്ങളിലും ഈ പാവപ്പെട്ടവർ ചെന്നുചേർന്നതു്. മനുഷ്യരെ മൃഗങ്ങളെപ്പോലെ എണ്ണി കേവലം അടിമകളാക്കി കരുതി കാളയേയും പോത്തിനേയുംപോലെ കെട്ടിയും പൂട്ടിയും വിററും വിലവാങ്ങിയും ഇവരെ മററുള്ളവർ ഗണിച്ചതിന്റെ ഒരു പരിണതഫലംകൂടിയാണ് പല മതങ്ങളിലും ചെന്നുചേരുവാൻ ഇടയായതു്. ജനകീയംവന്നിട്ടും പ്രായപൂർത്തി വോട്ടവകാശം വന്നിട്ടും അവരുടെ ഈ നിലയ്ക്കു് യാതൊരുവ്യത്യാസവും വന്നിട്ടില്ല. ഇപ്പോഴും അവരെ ഉയർന്ന സമുദായത്തിലുള്ളവർ തല്ലുകയും ആട്ടിഓടിക്കുകയും ചെയ്തുകൊണ്ടിരിക്കയാണ്. അങ്ങനെ ചെയ്യുന്നവരോടു ചോദിക്കുവാൻ ഇന്നും ആളില്ല. സർ, നമ്മുടെ ഭരണഘടനക്കുപോലും എതിരായി, ധിക്കാരമായി ഇവരിൽ ചിലരെ കൂട്ടുപിടിച്ചു് ഇവരെക്കൊണ്ടു പല അക്രമപ്രവൃത്തികളും ഇവിടത്തെ ചില കമ്മ്യൂണിസ്ററു സ്നേഹിതന്മാർ പ്രവർത്തിപ്പിക്കുന്നുണ്ടെങ്കിലും അവരുടെ പേരിൽ ഈ സ്നേഹിതന്മാർ പലപ്പോഴും ഇവിടെ മുറവിളി കൂട്ടുന്നുണ്ടെങ്കിലും വാസ്തവത്തിൽ ഇവരോടു കരുണയുള്ള ഒററ സ്നേഹിതന്മാർപോലും അക്കൂട്ടത്തിലും ഇല്ല. രണ്ടുമൂന്നു ദിവസമായി ഈ സിക്രട്ടേറിയേററിന്റെ വാതുക്കൽ മഴയും വെയിലും കൊണ്ടു് സത്യാഗ്രഹം നടത്തുന്ന വിദ്യാർത്ഥികളെ ഓർത്തു ഞാൻ ചിലപ്പോൾ കരഞ്ഞിട്ടുണ്ട്. ഇവരെ കണ്ടപ്പോൾ ഞാൻ ഓർത്തതു് പല ആനുകൂല്യങ്ങളും ലഭിക്കാത്ത ബഹുശതം അവശക്രിസ്ത്യൻ വിദ്യാർത്ഥി

[ശ്രീ. പി. എം. മക്കോസ്]

കളെപ്പററിയാണ് അവശവിദ്യാർത്ഥികളുടെ അവശതയ്ക്കുവേണ്ടി ഞങ്ങൾ സത്യാഗ്രഹം നടത്തട്ടോ എന്ന് ഏതാനും മാസങ്ങൾക്കുമുൻപ് എന്നോട് അവർ ആവശ്യപ്പെട്ടു. ഞാൻ പറഞ്ഞു നിങ്ങൾ സത്യാഗ്രഹംനടത്തി വിഷമിക്കുന്നതുകണ്ടാൽ നിങ്ങളോട് അനുകമ്പതോന്നുന്ന ഒരാൾപോലും ഈ സ്ഥലത്ത് ഉണ്ടായിരിക്കയില്ല. അതിനാൽ നിങ്ങൾ ദൈവത്തോട് പ്രാർത്ഥിച്ചാൽ മതി. ഇതാണ് എന്റെ വിശ്വാസം എന്നും തിരുവല്ലായിൽവച്ച് മന്ത്രി കൊച്ചുകുട്ടൻ ഈശ്വരാ അവശക്രിസ്ത്യാനികൾ ത്രിശങ്കുസ്വർഗ്ഗത്തിൽ എന്നാണ് അദ്ദേഹവും പറഞ്ഞത്. മുഖ്യമന്ത്രിയുടെ മകനോ മരുമകനോ ആണ് സെക്രട്ടറിയേററിന്റെ പടിക്കൽ ഇതുപോലെ കിടന്നിരുന്നെങ്കിൽ എന്റെ രക്തം വെയിൽകൊള്ളുന്നു, എന്റെ രക്തം മഴനനയുന്നു, എന്റെ രക്തം അടികൊള്ളുന്നു, എന്നു കരുതിയെങ്കിലും അവർക്കുവേണ്ടി വല്ലതും ചെയ്യുമായിരുന്നു. അതുകൊണ്ട് ചേരമർ സാംബവർ വിദ്യാർത്ഥികൾ ദൈവത്തെ പ്രാർത്ഥിച്ചാൽ മതി. ദൈവം നമ്മുടെ അവശതകൾ പരിഹരിക്കുമെന്ന് ഞാൻ അവരോടു പറഞ്ഞു.

സർ, 112 തുലാം 27-ാംതീയതി ഇവിടെ ക്ഷേത്രപ്രവേശനവിളംബരമുണ്ടായി. അതോടുകൂടി ഇവരുടെ സാമൂഹ്യമായ അവശതകൾക്ക് ഒട്ടൊക്കെ പരിഹാരം വരുമെന്ന് ഇവർ ആശിച്ചിരുന്നു. സാമുദായികമായി തെല്ലൊരു മേന്മയും ഉയർച്ചയും അതുകൊണ്ടുണ്ടായി എന്നു ഞാൻ സമ്മതിക്കുന്നു. അതുകഴിഞ്ഞു കുറെനാൾ കഴിഞ്ഞതിനുശേഷം അവർക്ക് പ്രായപൂർത്തിവോട്ടവകാശം ലഭിച്ചു. അങ്ങനെ അവശ ഹിന്ദുക്കൾക്ക് (പട്ടികജാതിക്ക്) രാഷ്ട്രീയമായ അവശതകളും പരിഹരിക്കപ്പെട്ടു. ഇനിയും അവർക്ക് അവശതകളുണ്ടോ എന്നു ആരെങ്കിലും ചോദിക്കുന്നെങ്കിൽ ഉത്തരം വ്യക്തമാണ്. സർ, ഹിന്ദുവിന്റെ പട്ടിണിയും ക്രിസ്ത്യാനിയുടെ പട്ടിണിയും എല്ലാം ഒന്നാണ്. ഇന്നും പല കാര്യങ്ങളിലും, സാമ്പത്തികമായും സാമൂഹ്യമായുംതന്നെ പറയർ, പുലയർ, ക്രിസ്ത്യാനികൾക്ക്, അവർക്ക് അവശതകളുണ്ട്. 8 ലക്ഷത്തോളംവരുന്ന അവശക്രിസ്ത്യാനികളുടെ കാര്യം പ്രത്യേകിച്ച് എടുത്തുപറയേണ്ടതായുണ്ട്. അവർക്ക് ഇന്നും പല പൗരാവകാശങ്ങളും ക്രിസ്ത്യാനിയായിപ്പോയെന്നുള്ള ഏക കാരണത്താൽ നിഷേധിക്കപ്പെട്ടിട്ടുണ്ട്. ഇതു ഭരണഘടനാവിരുദ്ധംകൂടിയാണ്. പക്ഷെ അവർ കമ്മ്യൂണിസ്ററുകളുമായി കൂട്ടുചേന്നു വിപ്ലവത്തിനു ഒരുങ്ങുന്നില്ലെന്നേയുള്ളു. പാവങ്ങളെ കമ്മ്യൂണിസ്റ്റാക്കാൻ ഗവണ്മെൻറു വഴിതെളിക്കരുത് എന്നപേക്ഷ. അതിനു ഒരു കാരണമുണ്ട്. ഇപ്പോൾ പ്രായപൂർത്തിവോട്ടവകാശം കിട്ടിയിരിക്കുന്ന സ്ഥിതിക്ക് ഏതു പ്രധാനമന്ത്രിയായാലുംശരി അവരുടെ ചെററക്കുടിലിൽവന്ന് വല്യമ്മേ, എനിക്കു നിങ്ങളുടെ വോട്ടുതരിക എന്നുപറയും. അപ്പോൾ അവരുടെ കാര്യം അവർക്കു പറയുവാനും കഴിയും. അതുകൊണ്ട് അവർ ക്ഷമിച്ചിരിക്കുകയാണ്. തങ്ങളുടെ അവശതകൾ അടുത്ത ഭാവിയിലെങ്കിലും ദൂരീകരിക്കപ്പെടുമെന്നു അവർ വിശ്വസിച്ചിരിക്കുകയാണ്. ഇവിടത്തെ മന്ത്രിമാർ ഇംഗ്ലണ്ടുകാരുമല്ല, അമേരിക്കരുമല്ല; ഇവിടത്തെ പുലയരേയും പറയരേയും അറിയാൻ പാടില്ലാത്ത ആളുകൾ ഇവിടെയില്ല. ക്രിസ്ത്യാനികളേയും, ഹിന്ദുക്കളേയും അറിയാം. അതുകൊണ്ട് അചിരേണ അവരുടെ നില അഭിവൃദ്ധിപ്പെട്ടുകൊള്ളുമെന്നു അവർ കരുതിയിരിക്കുകയാണ്.

മി. സ്പീക്കർ: മെംബർ പ്രമേയവുമായിട്ടു ബന്ധപ്പെട്ടു സംസാരിക്കണം.

ശ്രീ. പി. എം. മർക്കോസ്: സർ, ഭൂമിയില്ലാത്ത ആളുകളെപ്പററിയാണ് പ്രമേയം. കുടികിടപ്പുകാർ പാവപ്പെട്ടവരാണ്. അതുകൊണ്ടു അവർക്ക് സ്ഥലമില്ലാത്ത പ്രശ്നം മാത്രമല്ലാ ഉള്ളതെന്നും സാമ്പത്തികമായും സാമൂഹ്യമായും ഉള്ള മററനവധി അവശതകൾകൂടി ഉണ്ടെന്നും അക്കാര്യംകൂടി ഈ പ്രമേയത്തോടു അനുബന്ധിച്ച് ഗവണ്മെൻറ ഓർക്കേണ്ടതായി ഉണ്ടെന്നും ആണ് ഞാൻ പറഞ്ഞതു്. സർ, ഈ പാവപ്പെട്ടവർ, അവർ ഏതു മതത്തിലുള്ളവരായിരുന്നാലും ശരി പാവപ്പെട്ടവർ തന്നെയാണ്. അവരെപ്പററി ശരിയായ അറിവ് ഈ പാവപ്പെട്ടവരുമായി സമ്പർക്കം പുലർത്തുന്നവർക്കുമാത്രമേ ലഭിക്കയുള്ളു. ഇവരോടു എല്ലാവരോടും ഒന്നുപോലെ ധർമ്മംചെയ്യണമെന്നുള്ള ഒരു മനോഭാവം പി. എസ് പി. ഗവണ്മെൻറിനു എങ്കിലും ഉണ്ടാകണമെന്നും ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഈ പ്രമേയത്തിൽ ഒരു കമ്മിററിയുടെ കാര്യം പറയുന്നുണ്ടു്. എത്രയും വേഗത്തിൽ അങ്ങനെയൊരു കമ്മിററിയെ നിയമിക്കണമെന്നും ആ കമ്മിററിയിൽ ഞാൻ മുൻപ്പറഞ്ഞതുപോലെ ഉള്ള അനുഭവസ്ഥന്മാരെക്കൂടി നിയമിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ശ്രീ. കേശവൻ ശാസ്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, ബഹുമാനപ്പെട്ട മെംബർ ശ്രീ. ടി. ടി. കേശവൻശാസ്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തിന്റെ സാരാംശത്തോടു ഞാൻ അനുകൂലിക്കുന്നു. ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ടു് സംസാരിച്ചകൂട്ടത്തിൽ ബഹുമാനപ്പെട്ട മെംബർ ഈ ബഞ്ചുകളിൽ ഇരിക്കുന്ന ചില മെംബറന്മാർ ചോദിച്ച ചോദ്യങ്ങളിലും മററും സംശയം പ്രകടിപ്പിക്കുകയുണ്ടായി. വളരെ കൂടുതൽ ഈ സഭയിൽ പരിചയമുണ്ടെന്നു പറയുന്ന മെംബർ അവതരിപ്പിച്ച ഒരു പ്രമേയം ശരിയായ വിധത്തിൽ ആയിരിക്കേണ്ടതായിരുന്നു. ഈ ബഞ്ചിൽനിന്നും ചില ചോദ്യങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ ഈ സഭ പാസാക്കുന്ന ഒരു പ്രമേയം ഈ സഭയുടേതായ ഗൗരവം ഉൾക്കൊള്ളുന്നതും അർത്ഥം തെററായ രീതിയിൽ വ്യാഖ്യാനിക്കാതിരിക്കാൻ ഇടയുള്ളതും ആയിരിക്കണമെന്നു് നിർബന്ധമുള്ളതുകൊണ്ടാണ്; അല്ലാതെ ആ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള കാര്യങ്ങളോടു ഞങ്ങൾക്ക് അഭിപ്രായവ്യത്യാസം ഉള്ളതുകൊണ്ടല്ല. ഇന്നു് ഈ രാജ്യത്തെ ജനങ്ങളിൽ ഏതുവിഭാഗത്തെയാണ് ഈ പ്രമേയത്തിന്റെ സാരാംശത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഏററവും കൂടുതലായി ബാധിക്കുന്നതു്? വ്യവസായശാലകളിൽ പണിയെടുക്കുന്ന തൊഴിലാളികളും ഈ രാജ്യത്തെ കർഷകത്തൊഴിലാളികളുമാണ് ഇന്നു് കൂടുതലായി കുടിയിറക്കിനു വിധേയമാക്കിക്കൊണ്ടിരിക്കുന്നതു്. ഇവിടെ കുടിയിറക്കുനിരോധന ആക്ട് നടപ്പിലാക്കിയിട്ടു നാലഞ്ചു വർഷക്കാലമായി എങ്കിലും ഈ നിയമം പ്രാബല്യത്തിലുണ്ടെന്നു പറയുന്നതല്ലാതെ അതിന്റെ പ്രായോഗികമായ ഗുണാനുഭവങ്ങൾ ഈ നാട്ടിലെ സാധുജനങ്ങൾക്ക് ഉണ്ടാകുന്നില്ല. ഈ നിയമംതന്നെ വാസ്തവത്തിൽ കുടിയിറക്കുന്നതിനുള്ള ഒരു ലൈസൻസായി പരിണമിച്ചിരിക്കയാണ്. ഈ

[ശ്രീ. പി. കെ. കുഞ്ഞച്ചൻ]

രാജ്യത്തിന്റെ ചരിത്രത്തിൽ കഴിഞ്ഞ കൊല്ലങ്ങളെ അപേക്ഷിച്ച് ഏററവും കൂടുതൽ കുടിയിറക്കുകൾ കാൺഗ്രസ്സുഭരിച്ച കാലത്താണ് ഉണ്ടായിട്ടുള്ളതെന്നു പറയേണ്ടിയിരിക്കുന്നു. കുടിയിറക്കുന്നതിനുവേണ്ടി കുടികിടപ്പുകാരുടെപേരിൽ കള്ളക്കേസ്സുകൾ ഉണ്ടാക്കുക, അതിനുവേണ്ടി പോലീസുകാരോടു കൂട്ടുനിന്നുകൊണ്ടു് ഇവരെ മർദ്ദിക്കുക, ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത പീഡാനുഭവങ്ങൾ കുടികിടപ്പുകാർക്കു് ഉണ്ടായിട്ടുണ്ടു്. പക്ഷെ പുതിയതായ ഒരു ഗവണ്മെൻറ് അധികാരത്തിൽവന്ന അവസരത്തിൽ ഈ സംപ്രദായത്തിനു തെല്ലാശ്വാസം ഉണ്ടാകുമെന്നു അവർ ന്യായമായി പ്രതീക്ഷിച്ചു. എന്നാൽ അവരുടെ പ്രതീക്ഷക്കു് തക്കവണ്ണം പുതിയ ഗവണ്മെൻറു വന്നിട്ടും യാതൊരു പരിഹാരവും കണ്ടില്ലെന്നുമാത്രമല്ല കഴിഞ്ഞകാലത്തെപ്പോലെതന്നെ കുടിയിറക്കുകൾ ഇപ്പോഴും തുടർന്നുകൊണ്ടുപോകുകയാണു്. ഇന്നു് സോഷ്യലിസ്ററുഗവണ്മെൻറ് ഒരു ഭൂനയബിൽ അസംബ്ലിയിൽ കൊണ്ടുവരാൻ പോകുന്നു എന്നു കേട്ടതോടുകൂടി ഈ രാജ്യത്തു അങ്ങോളം ഇങ്ങോളം ജന്മിമാരും മുതലാളിമാരും ധൃതഗതിയിൽ കുടിയിറക്കുകൾ നടത്തിക്കൊണ്ടിരിക്കുകയാണു്. കൊണ്ടുവരുന്ന ബില്ലിൽതന്നെ ജന്മിമാർക്കും മുതലാളിമാർക്കും കാലുറപ്പിച്ചു നിൽക്കുവാൻ വേണ്ട എല്ലാ പഴുതുകളും ഉണ്ടെങ്കിലും ബില്ല് വരാൻപോകുന്നു എന്നു കേട്ടുകൊണ്ടു് സർവ്വശക്തിയും ഉപയോഗിച്ചു കുടികിടപ്പുകാരെ ഓടിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. മറെറല്ലാ കാര്യങ്ങളിലും, സാധാരണക്കാരനും കൃഷിക്കാരനും തൊഴിലാളിക്കും അനുകൂലമായ നിയമങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ എല്ലാം അതു പൊളിക്കുന്നതിനെന്തെല്ലാം അടവുകളാണോ ഉള്ളതു് അതേ അടവുകൾ ഈ ബില്ലിന്റെ കാര്യത്തിലും ഉപയോഗിക്കുന്നുണ്ടു്. തൊഴിലാളി നിയമങ്ങളേയും അതുപോലുള്ള മററു നിയമങ്ങളേയും പൊളിക്കുന്നതുപോലെ ഈ കുടിയിറക്കു നിരോധനനിയമത്തേയും പൊളിക്കുന്നതിനുള്ള അനേക അടവുകൾ ഈ ജന്മിമാരും മുതലാളിമാരും എടുത്തുവരുന്നു. ഒന്നാമതായി താമസിക്കുന്നവരോടു വാടകച്ചീട്ടു എഴുതിവാങ്ങിക്കുന്ന സംപ്രദായം എടുത്തുവരുന്നു. കൂടാതെ മനുഷ്യർകേട്ടാൽ വൃത്തികേടു തോന്നുന്ന പല കാര്യങ്ങളും നടക്കുന്നുണ്ടു്. കുടികിടപ്പുകാരുടെ വീടു ഇരിക്കുന്ന സ്ഥലത്തിനു ചുററും കിടങ്ങു കുഴിക്കുന്ന ഒരു ഏർപ്പാടുണ്ടു്. ഒരാൾ ഭാര്യയും രണ്ടുമൂന്നു കുട്ടികളുമായി താമസിച്ചുകൊണ്ടിരിക്കുമ്പോൾ ആ വീട്ടിൽനിന്നും അവർക്കു പുറത്തേയ്ക്കു പോകുവാൻ നിവൃത്തിയില്ലാത്ത ഒരവസ്ഥ ഇതുകൊണ്ടുവന്നുചേരുന്നു. ഒടുവിൽ ആ വസ്തു ഒഴിഞ്ഞുപോകുവാനുള്ള ഒരു സാഹചര്യം ആണു് അതുകൊണ്ടുണ്ടാകുന്നതു്. കൂടാതെ താമസിക്കുന്ന വീട്ടിനുചുററും വേലികെട്ടി അടയ്ക്കുന്ന സംപ്രദായവും ഉണ്ടു്.

ശ്രീ. എ. താണുപിള്ള : വീട്ടിനുചുററും കിടങ്ങുകുഴിക്കുന്ന കാര്യം പറഞ്ഞല്ലോ. എവിടെയാണു് അതു നടന്നതു് ?

ശ്രീ. പി. കെ. കുഞ്ഞച്ചൻ : പമ്പാറിവർ ഫാക്ടറി കാമ്പൗണ്ടിനു സമീപത്താണു് കിടങ്ങുകുഴിപ്പിച്ചിരിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : കൊല്ലത്തും അങ്ങനെ നടന്നിട്ടുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, തലക്കോട്ട്, ഒരു ഡാക്ടർ തോട്ടപ്പുഴശ്ശേരിയിൽ ശ്രീ. ടി. എം. വർഗ്ഗീസിന്റെ നിയോജകമണ്ഡലത്തിൽ ഒരു പുരയിടത്തിൽ മൂന്നു വീടുകൾക്ക് ചുറ്റും കമ്പിവേലി ഇടുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നു. മററു പല പ്രകാരത്തിലും ഇവരെ കഷ്ടപ്പെടുത്തുന്നുണ്ട്. കഴിഞ്ഞ വർഷം കൊയ്ത്തിനുപോയ തൊഴിലാളികൾക്ക് കൂലികൊടുക്കാതിരുന്നിട്ടുണ്ട്. ചുററുപാടുകളിലെങ്ങും ജോലിയില്ല. ആകെ മൂന്നുമാസത്തെ ജോലിയെ ഉള്ളൂ. ഒടുവിൽ കൂലികിട്ടാതെ പലരും അവിടെനിന്നു സ്ഥലം വിട്ടുപോകേണ്ടതായി വന്നിട്ടുണ്ട്. പോലീസിനെക്കൊണ്ടും മററുള്ളവരെക്കൊണ്ടും മർദ്ദനം നടത്തുമെന്നു ഭയപ്പെട്ടിട്ട് സഹിക്കുവാൻ നിവൃത്തിയില്ലാത്ത വിഷമസ്ഥിതി ഇന്നു പല കുടികിടപ്പുകാർക്കും നേരിടുന്നുണ്ട്. കള്ളക്കേസുകൾ പലതും ഇവരുടെ പേരിൽ കൊടുക്കുന്നുണ്ട്. തേങ്ങാ മോഷ്ടിച്ചു, കൃഷിനാശമുണ്ടാക്കി എന്നു പറഞ്ഞ് കള്ളക്കേസുകൾ ഉണ്ടാക്കുകയാണ്. തൊഴിലാളികൾ താമസിക്കുന്ന പുരയിടങ്ങളിൽ അവർതന്നെ ചെയ്യുന്ന കൃഷി നശിപ്പിച്ചുവരുന്നു. ചെറിയനാട്ട് മത്തായിയുടെ മരച്ചീനിവിള കോശി എന്നൊരാൾ നശിപ്പിച്ചിട്ടുണ്ട്, അതിനെ സംബന്ധിച്ച് ഗവണ്മെന്റിലേക്ക് പരാതിയും അയച്ചിട്ടുണ്ട്. ഇങ്ങനെ ഈ നിയമത്തെത്തന്നെ ലംഘിക്കുന്നതിനു ഉപയോഗിക്കുന്ന മാർഗ്ഗങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ കണക്കില്ല. മനുഷ്യനു ലജ്ജതോന്നത്തക്കവണ്ണമുള്ള അനേകം അടവുകൾ ഇക്കാര്യത്തിൽ ജന്മിമാരും മുതലാളിമാരും സ്വീകരിക്കുന്നുണ്ട്. ഈ അടവുകൾക്ക് എതിരായിട്ട് യാതൊരു നടപടിയും നടത്തുന്നില്ല. ഇവിടെ ഒരു കാര്യംകൂടി എനിക്കു പറയുവാനുണ്ട്. പുര, രാത്രി കാലങ്ങളിൽ പൊളിച്ചുകളയുന്ന സംപ്രദായവും പുരയ്ക്ക് തീവയ്ക്കുന്ന സംപ്രദായവും ഇന്നു നടക്കുകയാണ്. മേപ്രായിൽ പായിക്കണ്ടത്തിൽ പാപ്പൻ എന്ന ഒരു കർഷകത്തൊഴിലാളിയുടെ വീട് പൊളിക്കുന്ന അവസരത്തിൽ ഈ സഭയിലെ ഒരു മെംബറായ ബഹുമാനപ്പെട്ട വി. പി. പി. നമ്പൂതിരി അതു കാണാൻ ഇടവരുകയുണ്ടായി. അദ്ദേഹം അതു കണ്ട ഉടനെ പോലീസിനു ഒരു കത്ത് കൊടുത്തയച്ചു. ആ കത്തു കിട്ടിയിട്ട് പോലീസ് യാതൊന്നും അനങ്ങിയിട്ടില്ല. വി. പി. പി. നമ്പൂതിരി ഒരു വിപ്ലവകാരി ആണെന്നു പറഞ്ഞാണ് അദ്ദേഹത്തിന്റെ എഴുത്തിനെക്കുറിച്ച് നടപടി എടുക്കുവാൻ പോലീസ് ശ്രമിക്കാതിരുന്നതു്. ആ നാട്ടിനെ സംബന്ധിച്ചിടത്തോളം വി. പി. പി. നമ്പൂതിരി തൊഴിലാളികളുടെ ഭാഗം ചേർന്ന് ഗവണ്മെന്റിനെ തകിടം മറിക്കാൻ ശ്രമിക്കുന്ന ഒരാളാണെന്നാണ് പോലീസുകാരുടെ ധാരണ. തൊഴിലാളികൾ എന്തെങ്കിലും പരാതിയും കൊണ്ട് അവിടത്തെ പോലീസ് സ്റ്റേഷനിൽ ചെന്നാൽ "നിന്നെ തല്ലിയാൽ നീയും തല്ലണം" നിന്നെ ചീത്തപറഞ്ഞാൽ നീയും ചീത്ത പറയണം അല്ലാതെ പോലീസുകാർക്ക് അവിടെ പോയി കാവൽ നിൽക്കുവാൻ സാധ്യമല്ലാ എന്നാണ് പറയുന്നതു്. ഇതു് അവിടത്തെ പോലീസ് ഇൻസ്പെക്ടർ പറഞ്ഞതാണ്. യാതൊരു നടപടിയും എടുക്കാത്ത ഒരു നയമാണ് ആകപ്പാടെ പോലീസുകാർ സ്വീകരിച്ചിരിക്കുന്നതു്.

അതുപോലെ കള്ളക്കേസ് എടുക്കുന്നതിനെ സംബന്ധിച്ച് ഞാൻ ചില കാര്യങ്ങൾ ഇവിടെ വ്യക്തമാക്കാം; തെളിവുതരാം. നാല്പതു കൊല്ലമായി ചെങ്ങന്നൂരിൽ താമസിക്കുന്ന നീങ്കല്ലിക്കാട്ട് ലാസ്സർ മത്തായി

[ശ്രീ. പി. കെ. കുഞ്ഞച്ചൻ]

എന്ന ഒരു കർഷകത്തൊഴിലാളിയെ കുടിയിറക്കുന്നതിനു്, ആലുനിൽക്കുന്നതിൽ പരമേശ്വരൻപിള്ള എന്ന ഹെഡ് കോൺസ്റ്റബിൾ അഴതപോലീസ് സ്റ്റേഷനിൽ ഒരു മോഷണക്കേസ്സു് കൊടുത്തിരിക്കുകയാണു്. ആ കർഷകത്തൊഴിലാളിയെ കുടിയിറക്കുന്നതിനു് അവിടത്തെ ഹെഡ്കോൺസ്റ്റബിൾതന്നെ ശ്രമിക്കുകയാണു്. ഇങ്ങനെയുള്ള കേസുകൾ അനവധി എനിക്കു ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനുണ്ടെങ്കിലും ഇനി അതിനെപ്പററി അധികം പറയണമെന്നു വിചാരിക്കുന്നില്ല.

ഇവിടത്തെ കർഷകതൊഴിലാളികൾക്കു് വേറെ ഒരു വിഷമപ്രശ്നമുണ്ടു്. ഇന്നവർ ജോലിക്കുപോയി ജോലി കഴിഞ്ഞതിനുശേഷം അവർ തിരിയെ വീട്ടിൽ ചെല്ലുമ്പോൾ അവരുടെ വീടു് അവിടെ ഉണ്ടാകുമോ എന്ന കാര്യം സംശയമാണു്. ഞങ്ങളുടെ നാട്ടിൽ ഒരു സമ്പ്രദായമുണ്ടു്. കുട്ടനാട്ടിൽ തൊഴിലാളികൾ ജോലിക്കുപോയി രണ്ടും മൂന്നും മാസം കഴിഞ്ഞു് തിരിയെ വീട്ടിൽ ചെല്ലുമ്പോൾ അവരുടെ വീടു് അവിടെ കാണുകയില്ല. അവരുടെ വീടുകളെ സംബന്ധിച്ചിടത്തോളം ഒരു സുസ്ഥിരത ഇല്ലാതെ ഇരിക്കുകയാണു്. അഥവാ വീടുണ്ടെങ്കിൽ വീടുള്ള സ്ഥലത്തുതന്നെ പല കുഴപ്പങ്ങളും നടക്കുന്നുണ്ടു്. സ്വന്തമായി താമസിക്കുവാൻ ഭൂമിയുള്ള ഒരു കർഷകത്തൊഴിലാളിക്കുപോലും ആ സ്ഥലത്തു താമസിക്കുന്നതിനു് വളരെ വിഷമം അനുഭവിക്കേണ്ടിവരുന്നു. ബഹുമാനപ്പെട്ട മെംബർ വയലാ ഇടിക്കുളയുടെ നിയോജകമണ്ഡലത്തിൽതന്നെ തോമ്പിക്കണ്ടം എന്ന സ്ഥലത്തു ഒരു തൊഴിലാളിയും മറെറാരു തയ്യൽക്കാരനും തമ്മിൽ തല്ലുകൂടിയതിന്റെ ഫലമായി അതിനു ഒരു വർഗ്ഗീയച്ഛായകൊടുത്തു് 28 കർഷകതൊഴിലാളികളുടെ കുടുംബക്കാരെ ആക്രമിക്കുകയുണ്ടായി. ആ ആക്രമണത്തെ പ്രതിഷേധിക്കുന്നതിനു് കൂടിയ യോഗത്തിൽ കല്ലേറുകൊണ്ടു ഒരാളേയുംകൊണ്ടു് ഞാൻ പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ യോഗത്തിൽ വളരെ ആളുകൾ കൂടിയെങ്കിലും യാതൊരു ഉപദ്രവവും ഉണ്ടായില്ല എന്നു് പോലീസ് റിപ്പോർട്ടു ചെയ്തതായിട്ടാണു് ഇൻസ്പെക്ടർ പറഞ്ഞതു്. ഇങ്ങനെയുള്ള ഒരു പരിതഃസ്ഥിതി ഭൂമിയുള്ള കർഷകത്തൊഴിലാളികൾക്കുപോലും നേരിടേണ്ടിവരുന്നുണ്ടു്.

ശ്രീ. ഇടിക്കുള ഇടിക്കുള: അവരെ ഉപദ്രവിക്കുന്നതു് എന്തിനാണു്?

ശ്രീ. പി. കെ. കുഞ്ഞച്ചൻ: അവരെ കുടിയിറക്കുന്നതിനും അവരുടെ വസ്തു കൈവശപ്പെടുത്തുന്നതിനും വേണ്ടിയാണു്.

ശ്രീ. ഇടിക്കുള ഇടിക്കുള: ആരുടേതാണു് ആ ഭൂമി?

ശ്രീ. പി. കെ. കുഞ്ഞച്ചൻ: വസ്തു ആരുടേതാണെന്നു് ഇപ്പോൾ ഞാൻ പറയുന്നില്ല. തിരുവല്ലായിൽ കിഴക്കൻപുത്തൂർ മാറത്തോടിനു സമീപം 80 സെൻറു് പുറമ്പോക്കു് സ്ഥലത്തു് തഹശീൽദാരുടെ മൗനാനുവാദത്തോടുകൂടി മൂന്നു തൊഴിലാളി കുടുംബങ്ങൾ പ്രവേശിച്ചു് താമസം ഉറപ്പിച്ചു. ജോലിക്കുപോയി തിരിയെ വന്നപ്പോൾ അവരുടെ വീടു് അവിടെ കണ്ടില്ല. രണ്ടാമതും അവർ വീടു് ഉണ്ടാക്കി. പിന്നെയും ആ വീടുകൾ പൊളിച്ചുകളഞ്ഞു. മൂന്നാമതും അവർ ഉണ്ടാക്കിയ വീടു് കാണു

ഗുണ്ടകളും റൌഡികളും ചേർന്നു് പൊളിച്ചുകളഞ്ഞു. ആ തൊഴിലാളിയുടെ വീടു് പൊളിച്ചു എന്നുമാത്രമല്ല, അവരെ കഠിനമായി മർദ്ദിക്കുകയും ചെയ്തു. അതേ അവസരത്തിൽ അതിനു് എതിരായ യാതൊരു നടപടികളും പോലീസ് എടുക്കുകയുണ്ടായില്ല. തിരുവല്ലാ താലൂക്കിൽ ഇതിനകം 40-ൽ അധികം കുടിയിറക്കുകേസുകൾ ഉണ്ടായിട്ടുണ്ടു് എന്നു പറഞ്ഞാൽ ഈ രാജ്യത്തെ കുടികിടപ്പുകാർ എത്ര മാത്രം ബുദ്ധിമുട്ടുകളാണു് അനുഭവിച്ചുകൊണ്ടിരിക്കുന്നതു് എന്നു് മനസ്സിലാക്കുവാൻ സാധിക്കും. ഇന്നലെ എനിക്കു് ഒരു കത്തു് കിട്ടിയിട്ടുണ്ടു്. ചെറിയനാടു് എന്ന സ്ഥലത്തു് പോലീസിന്റെ സഹായത്തോടുകൂടി കുടിയിറക്കുന്നതിനു വേണ്ട ശ്രമം നടത്തിക്കൊണ്ടിരിക്കുന്നുവെന്നും അതിൽ ഉടനടി ഇടപെടണമെന്നും പറഞ്ഞു് ഒരു കത്തു് എനിക്കു് കിട്ടിയിട്ടുണ്ടു്. ഇങ്ങനെ രാജ്യത്തു് ഒട്ടാകെ കുടിയിറക്കുന്ന സംപ്രദായം ഇന്നു് നിലവിലുണ്ടു് അതിനു് ഈ ഗവണ്മെന്റ ഒരു പരിഹാരം കാണണം. അതുപോലെ വേറൊരു സ്ഥലത്തു് ആറോളം കുടുംബക്കാരെ ഇറക്കിവിടുവാനുള്ള സംരംഭം ഉണ്ടായിട്ടുണ്ടു്. ഈ കാര്യങ്ങൾക്കു് എതിരായിട്ടു് വേണ്ട നടപടി എടുക്കുന്നതിനു് ഈ ഗവണ്മെന്റ തുനിയാതിരിക്കുന്നിടത്തോളംകാലം ഈ രാജ്യത്തെ കുടികിടപ്പുകാരുടെ പ്രശ്നം അങ്ങേഅറ്റം അവതാളത്തിലായിരിക്കുന്നതാണു്. കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളമുള്ള പ്രശ്നം കർഷകത്തൊഴിലാളികളുടെ മാത്രമല്ല, രാജ്യത്തെ മൂന്നിലൊരുഭാഗം ജനങ്ങളെ ബാധിക്കുന്ന ഏററവും ഗൗരവമേറിയ ഒരു പ്രശ്നമാണെന്നു് ഗവണ്മെന്റ് മനസ്സിലാക്കണം. ഗവണ്മെന്റിൽ നിന്നു് ഒരു കുടിയിറക്കനിരോധനനിയമം കൊണ്ടുവരുവാൻ പോകുന്നുണ്ടു്. ആ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന കാര്യങ്ങളെപ്പററി ആ ബിൽ ചർച്ചയ്ക്കു വരുന്ന അവസരത്തിൽ സംസാരിക്കാമെന്നു് വിചാരിച്ചു് ഞാൻ അതിലേയ്ക്കു് ഇപ്പോൾ കടക്കുന്നില്ല. കുടിയിറക്കിനെ ശാശ്വതമായി തടയുന്നതിനുവേണ്ട നടപടികൾ ഗവണ്മെന്റ കൈക്കൊള്ളേണ്ടതാണു്.

ശ്രീ. എ. താണുപിള്ള: ഈ കുടികിടപ്പുകാർ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളവരാണോ?

ശ്രീ. പി. കെ. കുഞ്ഞച്ചൻ: രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളുമുണ്ടു്. രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ആളുകളുമുണ്ടു്. ഇന്നു് രാജ്യത്തിന്റെ പല ഭാഗത്തും മുക്കാലേഅരയ്ക്കാൽഭാഗം ആളുകൾക്കും അവരുടെ കുടികിടപ്പവകാശം രജിസ്റ്റർ ചെയ്യുവാൻ സാധിച്ചിട്ടില്ല. അതിനുള്ള സന്ദർഭവും അവർക്കുണ്ടായിട്ടില്ല. പിന്നീടു് ഒരു കാര്യംകൂടിയുണ്ടു് വിദ്യാഭ്യാസത്തിന്റെയും മററും കുറവുകൊണ്ടു് ഈ നിയമങ്ങൾ ഒന്നും മനസ്സിലാക്കാതെ വളരെ ആളുകൾ രജിസ്റ്റർ ചെയ്യാതെ പോയിട്ടുണ്ടു്. അതുകൊണ്ടു് വീണ്ടും രജിസ്റ്റർ ചെയ്യുവാനുള്ള ഒരു സന്ദർഭം ഉണ്ടാക്കിക്കൊടുക്കുകയും അതുപോലെതന്നെ രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രേരണ ചെലുത്തുകയും ചെയ്താലെ എല്ലാ ആളുകൾക്കും രജിസ്റ്റർ ചെയ്യുവാൻ സാധിക്കുകയുള്ളു. അതുകൊണ്ടു് അടിയന്തിരമായി ഒരു ആർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ടു് ഇന്നുള്ള കുടിയിറക്കിനെ ശാശ്വതമായി അവസാനിപ്പിക്കണമെന്നും ഈ പ്രമേയത്തെ ഐകകണ്ഠ്യേന പാസാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി: സർ, ശ്രീ. ടി. ജി. കേശവൻ ശാസ്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തിന് വാചകസ്വഭാവംകൊണ്ട് എന്ത് അർത്ഥം തോന്നിയിരുന്നാലും

'കവിതാരസചാതുര്യം വ്യാഖ്യാതാ വേത്തി ന കവിഃ
സുതാസുരതസാമർത്ഥ്യം ജാമാതാ വേത്തി ന പിതാ'

എന്നു പറയുന്നതുപോലെ പ്രമേയത്തിലെ തത്വത്തോട് ഞാൻ അനുകൂലിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ പറഞ്ഞതിന്റെ അർത്ഥം എന്താണ്?

ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി: ഒരു പണ്ഡിതൻ എന്ന നിലയിൽ അദ്ദേഹത്തോട് ഈ സന്ദർഭത്തിൽ അർത്ഥം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ രാജ്യത്ത് കാർഷികരംഗങ്ങളിലും വ്യാവസായികരംഗങ്ങളിലും കൂടുതൽ അവശത അനുഭവിക്കുന്നവർ ഇവിടത്തെ കർഷകത്തൊഴിലാളികളാണ്. കഴിഞ്ഞ ഏതാനും നാളുകൾക്കു മുമ്പ് ഈ രാജ്യത്ത് പാസ്സാക്കപ്പെട്ട കുടിയൊഴിക്കൽനിരോധനനിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഇന്നും അവർ അനുദിനം മർദ്ദിതരായി തീർന്നുകൊണ്ടിരിക്കുന്ന ഒരവസ്ഥയാണ് രാജ്യത്തുള്ളത്. ഈ രാജ്യത്തിന്റെ പൊതുവായ താല്പര്യങ്ങളെ സംബന്ധിച്ച് ആലോചിക്കുന്നപക്ഷം ഈ രാജ്യത്തെ പിന്നാക്കസമുദായക്കാർ അനവധി കേസുകളിൽ വസ്തുഉടമയും താമസക്കാരും വിരുദ്ധകക്ഷികളായി നിന്നുകൊണ്ടും ചില തല്പരകക്ഷികളുടെ പ്രേരണകൊണ്ടും നിരപരാധികളായ ആളുകൾ വാദികളും പ്രതികളുമായി തീർന്നിട്ടുണ്ട്. ഇങ്ങനെയുള്ള അനാവശ്യമായ കേസുകൾ രാജ്യത്തുള്ള കോടതികളിൽ സർവ്വസാധാരണമായി തീർന്നിട്ടുണ്ട്. ഈ കാര്യത്തെ സംബന്ധിച്ച് സൂക്ഷ്മമായി നോക്കുന്നപക്ഷം കേവലം ഭൂമിയെ സംബന്ധിച്ചുള്ള ഒരു പ്രശ്നമാണ് ഇതെന്നു സൂക്ഷ്മദൃക്കുകളായ എല്ലാ ആളുകൾക്കും അറിയുവാൻ സാധിക്കുന്നതാണ്. സർ. സി. പി. രാമസ്വാമി അയ്യരുടെ കാലത്ത് ഈ രാജ്യത്തെ പട്ടികജാതിക്കാർക്ക് കുറെ ഭൂമികൾ നീക്കിവച്ചിരുന്നു. അതിന്റെ ഫലമായി വളരെക്കാലം ഭൂമി കൈവശം വച്ചുപോരുന്ന പട്ടികജാതിക്കാരെ നിർദ്ദയമായും നിർദ്ദാക്ഷിണ്യമായും ആ സ്ഥലത്തുനിന്നും ഇറക്കിവിടുന്നതിനു ഈ നാട്ടിലെ ജന്മികളും മററും പല പ്രവൃത്തികളും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഞാൻ ഇതു പറയുന്നത് നമുക്കെല്ലാവർക്കും അറിയാവുന്ന കുന്നത്തൂർതാലൂക്കിലുള്ള ശാസ്താംകോട്ട കായലിന്റെ പുറമ്പോക്കുകളിൽ താമസിക്കുന്നവരെപ്പററിയാണ്. ഈ ശാസ്താംകോട്ട കായലിന്റെ പുറമ്പോക്കുഭാഗത്ത് കുടിയേറിപ്പാർക്കുന്ന പട്ടികജാതിക്കാർ ഏതാനും ദിവസങ്ങളായി പോലീസിന്റെയും നാട്ടുകാരുടേയും മർദ്ദനത്തിനു വിധേയരായിരിക്കുകയാണ്. 20-ഉം 25-ഉം വർഷമായി പട്ടികജാതിക്കാർ അവിടെ താമസിച്ച് കൃഷി ചെയ്തുകൊണ്ടിരിക്കുകയാണ്. ആ ഭൂമി കുത്തകപ്പാട്ടവ്യവസ്ഥയിൽ പതിച്ചുകൊടുത്തിട്ടുള്ളതാണെന്ന് പാർശ്വവർത്തികൾമുഖേന ചില കൃത്രിമപ്രമാണങ്ങൾ ഉണ്ടാക്കി സ്വന്തം അവകാശം സ്ഥാപിക്കുന്നതിനുവേണ്ടി പോലീസിനെ സ്വാധീനപ്പെടുത്തി പല കേസുകളും അവിടെ ഉണ്ടാക്കിയിട്ടുണ്ട്. കരുനാഗപ്പള്ളി ഒന്നാംക്ലാസുമജിസ്ട്രേട്ടുകോടതിയിൽ മുതുപിലാക്കാട്ടുള്ള പിന്നോ

ക്കസമുദായത്തിൽപെട്ട ആറേഴ വീട്ടുകാരെ സംബന്ധിച്ചുള്ള കേസ് ഇന്നും നിലവിലുണ്ട്. ദിവസേന ജോലിചെയ്തു ജീവിക്കുവാൻപോലും നിവൃത്തിയില്ലാത്ത പിന്നോക്കസമുദായക്കാരുടെ പേരിൽ 107-ാം വകുപ്പിന് ചാർജ്ജ് ചെയ്തിട്ടുള്ള അനവധി കേസുകൾ ഉണ്ട്. ഈ രാജ്യത്ത് ഈവിധത്തിലുള്ള അക്രമങ്ങൾ ദൈനംദിനം വർദ്ധിച്ചുവരുന്നതു് ഈ രാജ്യം ഒരു ക്ഷേമതല്പരരാഷ്ട്രമാണെന്ന് പ്രഖ്യാപിച്ചുകൊണ്ടും ഒരു സാമ്പത്തികസമീകരണപദ്ധതി വിഭാവനംചെയ്തുകൊണ്ടും ഭരിക്കുന്ന ഒരു ജനകീയഗവണ്മെന്റിന് യോജിച്ചതാണോ എന്നു ഞാൻ ചോദിക്കുന്നു. കുടിയിറക്കുനിരോധനനിയമം കൊണ്ടുവരുമ്പോൾ ഇവിടെ ഇരിക്കുന്ന കുടികളെല്ലാം തിരോധാനം ചെയ്യുകയാണെന്നു പറയാതെ തരമില്ല. വളരെ കാലമായി ഒരു സ്ഥലത്തു താമസിക്കുന്ന പിന്നോക്കസമുദായക്കാരെ കുടിയിറക്കുന്നതും അവരെ ചില കേസുകളിൽ പ്രതികളാക്കുന്നതും ആയ സമ്പ്രദായം അവസാനിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിസഭയും ഇന്നത്തെ ഗവണ്മെന്റും സത്വരമായ ശ്രദ്ധ പതിപ്പിക്കണമെന്ന് ഞാൻ ഉൽബോധിപ്പിക്കുന്നു. കുടിയിറക്കുനിരോധനനിയമം ഇവിടെ പാസ്സാക്കിയിട്ടുണ്ടെന്നാണ് പറയുന്നതു്. ആ നിയമം പാസായതിനു ശേഷം ചില ആളുകൾ പേർ രജിസ്റ്റർ ചെയ്യുകയും ചില ആളുകൾ നിർദ്ദിഷ്ടഫാറത്തിൽ അപേക്ഷ അയക്കുകയും ചെയ്തിട്ടുണ്ട്. അതെല്ലാം രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നു സംശയത്തിലിരിക്കുകയാണ്. അതു് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതു് ഇന്നു് പ്രയോജനമില്ലാതിരിക്കുകയുമാണ്.

ഏതായാലും എനിക്കു് പറയുവാനുള്ളതു്, എന്റെ അറിവു ശരിയാണെങ്കിൽ കുടികിടപ്പുകാരുടെ പേരു് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ തന്നെയും അതു് പ്രയോജനമില്ലാതായി തീർന്നിരിക്കുകയാണെന്നാണ്. അടുത്ത ദിവസംതന്നെ ഭൂനയബിൽ ഇവിടെ അവതരിപ്പിക്കും, അതിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും പ്രസംഗങ്ങളും നമുക്കു കേൾക്കാം. പക്ഷെ, ഈ രാജ്യത്തു് സാർവ്വത്രികമായി നടന്നുകൊണ്ടിരിക്കുന്ന കുടിയിറക്കിനെ അവസാനിപ്പിക്കുവാൻ നിഷ്കർഷയോടുകൂടി നടപടികൾ എടുക്കുകയും അകാരണമായ കയ്യേറ്റങ്ങളെ സംബന്ധിച്ചുംമററും ഉള്ള കേസുകൾ പുനഃപരിശോധന ചെയ്യുകയും ചെയ്തു ഈ മാതിരി കാര്യങ്ങൾക്കു് ഒരു തീരുമാനം എടുക്കണമെന്ന് ഞാൻ മന്ത്രിസഭയോടു അഭ്യർത്ഥിക്കുന്നു. സ്വന്തം സ്ഥലമില്ലാതെ കൃഷിചെയ്തു ജീവിക്കുവാൻ ഭൂമിയില്ലാതെ, വ്യാവസായികരംഗങ്ങളിലും കാർഷികരംഗങ്ങളിലും അശ്രാന്തമായി പണിയെടുത്തുകൊണ്ടിരിക്കുന്ന സാധു ജനങ്ങൾക്കു് ജീവിക്കുവാൻ വേണ്ട ഒത്താശ നൽകണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു. നിയമസഭയിലും മററു രാഷ്ട്രീയ സംരംഭങ്ങളിലും അവർക്കു പ്രാതിനിധ്യം ഉണ്ടായ കാലംമുതൽ അവരുടെ സങ്കടം അറിയിക്കുവാൻ ഞങ്ങളും ഞങ്ങളുടെ മുൻഗാമികളും നൽകിയ അപേക്ഷകൾ വനരോദനപ്രായമായി തീർന്നിരിക്കുന്നുവെന്നു പറയാതെയിരിക്കാൻ നിവൃത്തിയില്ല. ഈ നില തുടരുന്നപക്ഷം നാം വിഭാവന ചെയ്യുന്നതരത്തിലുള്ള സാമ്പത്തികസമീകരണമോ ക്ഷേമതല്പരരാഷ്ട്രമോ ഈ രാജ്യത്തു് ഉണ്ടാകുന്നതിനിടയില്ല. അടകുടിയിൽ താമസിക്കുന്ന ആളുകൾ രാവിലെ ജോലിക്കു പോയിട്ടു് ജോലി കഴിഞ്ഞു് തിരികെ വീട്ടിൽ ചെല്ലുമ്പോൾ അവർ താമസിച്ചിരുന്ന കുടിലുകളുടെ മേൽക്കൂരകൾ അവിടെ ഇല്ലാതായി വരുന്ന സംഭവങ്ങൾ ധാരാളമുണ്ടായിട്ടുണ്ട്.

[ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി]

അതുപോലെതന്നെ അവർ താമസിക്കുന്ന വീടുകൾക്കു് യഥാവസരം കഴിഞ്ഞു് മൂന്നും നാലും മാസങ്ങൾ ഓല കെട്ടാതെ ഇരിക്കുന്നതായി കാണാൻ കഴിയുന്നുണ്ടു്. ഓല വാങ്ങാൻ നിവൃത്തിയില്ലാതെ അവർ പുല്ലുംമററുംകൊണ്ടാണു് അവരുടെ വീട്ടിന്റെ മുകൾഭാഗം മറച്ചുവരുന്നതു്. ഇതുതന്നെ അവർ മേയുമ്പോൾ അതിനെ അനുവദിക്കാതിരിക്കാൻ ആ ഭൂമിയുടെ ജന്മികൾ ശ്രമിക്കുന്നുവെന്നു കാണുമ്പോൾ ഈ പ്രശ്നത്തിന്റെ യഥാർത്ഥനില എന്താണെന്നു് മനസ്സിലാക്കുവാൻ സാധിക്കുന്നതാണു്. ഉദാഹരണമായി കൊല്ലം–പുന്നത്തലവാർഡിൽ ഒരു ഗവണ്മെൻറ് ഉദ്യോഗസ്ഥനായ രാഘവൻ എന്നു പറയുന്ന ആൾ അദ്ദേഹത്തിന്റെ പുരയിടത്തിൽ താമസിക്കുന്ന കുറവസമുദായത്തിൽപെട്ട ഒരു സാധുവിനെ അയാൾ താമസിക്കുന്ന ഷെഡ്ഡിന്റെ മേൽക്കൂര മേയുന്നതിനു് അനുവദിച്ചില്ലെന്നു പറയുമ്പോൾ ഈ ജനകീയസർക്കാർ ഈ മാതിരിയുള്ള കാര്യങ്ങളെ എങ്ങനെയാണു വീക്ഷിക്കുന്നതെന്നു് മനസ്സിലാക്കാൻ സാധിക്കും. എനിക്കു് വളരെ ഏറെ കാര്യങ്ങൾ ഈ സഭയുടെ മുമ്പാകെ സമർപ്പിക്കുവാൻ ഉണ്ടെങ്കിലും എന്റെ ചുരുങ്ങിയ സമയംകൊണ്ടു് അതെല്ലാം പറയുന്നതിനു സാധിക്കാത്തതിനാൽ ഒരു കാര്യം മാത്രം പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു. പത്തനാപുരം താലൂക്കിൽ എൺപതിൽപരം ഏക്കർ ഗ്രേസിംഗ് സ്ഥലം ഉണ്ടു്. അവിടെ ധാരാളം പാവപ്പെട്ട ആളുകൾ ദേഹണ്ഡവും മററും ചെയ്തു് അവിടെ കുടിയേറി പാർക്കുകയാണു്. ഈ അടുത്ത കാലത്തു് ഈ സ്ഥലങ്ങളെല്ലാം സാധുക്കളായ ആളുകൾക്കു് കുത്തകപ്പാട്ടവ്യവസ്ഥയിൽ കൊടുക്കണമെന്നു് ഗവണ്മെൻറിന്റെ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ഗവണ്മെൻറിൽ സ്വാധീനതയുള്ള അവിടത്തെ കൂടുതൽ ഭൂമിയുള്ള ആളുകൾ പോലീസിന്റെയും മററും സഹായത്തോടുകൂടി സാധുക്കളെ അവിടെനിന്നും ബഹിഷ്കരിക്കുകയുണ്ടായി. ഈ കാര്യങ്ങൾ ഗവണ്മെൻറ് കഴിയുന്നവേഗം പുനഃപരിശോധനചെയ്തു്, ദേഹണ്ഡംചെയ്തു അവിടെ നിത്യവൃത്തി കഴിക്കുന്ന ആ ആളുകൾക്കുതന്നെ ഈ സ്ഥലം പതിച്ചുകൊടുക്കുവാനായി വേണ്ട വ്യവസ്ഥ ചെയ്യേണ്ടതാണു്. അതിനാൽ കുടിയിറക്കു സംബന്ധിച്ചും കുടിയിറക്കുനിരോധനനിയമം സംബന്ധിച്ചും അടുത്തു വരാൻപോകുന്ന ബില്ലുകൾ നിയമങ്ങളായി കഴിയുന്നതും പ്രായോഗികമാകത്തക്കവണ്ണം ഈ സെക്ഷനിൽതന്നെ അതു് പാസ്സാക്കണമെന്നു് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. അങ്ങനെ ഭൂമിയില്ലാത്ത ജനങ്ങളുടേയും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടേയും താല്പര്യം സംരക്ഷിക്കുന്നതിനും അവശരായ അടകുടിക്കാരുടെ അവശതകൾ പരിഹരിക്കുന്നതിനും ഈ ജനകീയസർക്കാർ രാഷ്ട്രീയമായ യാതൊരു പക്ഷപാതവും കാണിക്കാതെ വേണ്ട നടപടികൾ എടുക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തിന്റെ താല്പര്യത്തെ അനുകൂലിച്ചുകൊള്ളുന്നു.

Shri M. P. Menon : Sir, I move that the question may now be put.

The closure motion was put and carried.

Mr. Speaker : The hon. Chief Minister may speak.

ശ്രീ. എ. താണുപിള്ള: സർ, ഈ പ്രമേയത്തിന്റെ ഉദ്ദേശങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിനു ഈ പ്രമേയകർത്താവുമായി അഭിപ്രായവ്യത്യാസമില്ല. അദ്ദേഹം പറയുന്നതു് ഇവിടെ അടകുടി ഒഴിപ്പിക്കുന്നതിനെ നിരോധിച്ചുകൊണ്ടുള്ള നിയമങ്ങൾ വന്നതിനുശേഷം, അതിനു മുമ്പിൽ വസ്തു ഉടമസ്ഥന്മാർക്കും ഈ അടകുടിക്കാർക്കും തമ്മിലുള്ള സൗഹാർദ്ദംകൂടി നഷ്ടപ്പെട്ടുപോയി എന്നും അടകുടിക്കാർ അതുനിമിത്തം പല വൈഷമ്യങ്ങളും അനുഭവിക്കുന്നുവെന്നുമാണു്. സർ, ഈ നിയമത്തിൽത്തന്നെ വ്യവസ്ഥകളുണ്ടു്, അടകുടിക്കാരായിട്ടുള്ള ആളുകൾ അവരുടെപേർ രജിസ്റ്റർചെയ്യണമെന്നു്. അങ്ങനെ രജിസ്റ്റർ ചെയ്തിട്ടുള്ള അടകുടിക്കാരെ ഒഴിപ്പിക്കുവാൻ വിഷമം ഉള്ളതുകൊണ്ടാണു് ഇങ്ങനെയൊരു വ്യവസ്ഥചെയ്തിരിക്കുന്നതു്. അങ്ങനെയാണെങ്കിൽ ബലംപ്രയോഗിച്ചു ഒഴിപ്പിച്ചതു തെളിയിക്കുവാൻ എളുപ്പമായിരിക്കും. എന്നാൽ ചില അടകുടിക്കാർ രജിസ്റ്റർ ചെയ്തിട്ടില്ല. രജിസ്റ്റർ ചെയ്തിട്ടുള്ള അടകുടിക്കാരെയും അങ്ങുമിങ്ങുമായി വസ്തു ഉടമസ്ഥന്മാർ ഒഴിപ്പിക്കുന്നതിനു് ശ്രമിക്കുന്നുവെന്നും അറിയാം. അതിനൊക്കെ ആവശ്യമുള്ള നടപടികൾ സ്വീകരിക്കയാണു വേണ്ടതു്. ഇപ്പോൾതന്നെ ഇവിടെ ഹാജരാക്കിയിരിക്കുന്ന ബില്ലിൽ, ആദ്യത്തെ ബില്ലിനു ആറുമാസം കൊടുത്തു. അതിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പു് പുതിയ ബില്ലു് നടപ്പാക്കുന്നതുവരെ ഇവർ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ട വ്യവസ്ഥകളുണ്ടു്. എന്നാൽ ഗവണ്മെന്റിനു് ഇതിനെപ്പറ്റി പറയുവാനുള്ളതു് ഈ വക കാര്യങ്ങളിൽ പോലീസുകാർ വസ്തു ഉടമസ്ഥന്മാരുമായി ചേരുന്നുവെന്ന പരാതി ധാരാളം ഇവിടെയുള്ളതുകൊണ്ടു് ഇപ്പോഴത്തേതിലും അധികം കർശനമായ നിർദ്ദേശങ്ങൾ പോലീസിനു നൽകാമെന്നുള്ളതാണു്. ഭൂമിയില്ലാത്ത അടകുടിക്കാർക്കും മറ്റു ആളുകൾക്കും അവശതയുണ്ടെന്നുള്ളതിനെപ്പറ്റി ഇവിടെ ആളുകൾ പറയുകയുണ്ടായി. ഇപ്പോൾ ഗവണ്മെന്റു ഭാഗത്തുനിന്നും അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ബില്ലുകളുടെ പ്രധാനമായ ഉദ്ദേശങ്ങളിൽ ഒന്നു് ഭൂമിയില്ലാത്തവർക്കു് ഭൂമി അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയെന്നുള്ളതാണു്. അതു് ഈ ബില്ലു വായിക്കുന്നവർക്കെല്ലാം മനസ്സിലാക്കാൻ കഴിയുന്നതാണു്. ഭൂമിയുടെ പരിധി നിർണ്ണയിക്കുകയെന്നുള്ളതിനു തന്നെ ബില്ലിൽ വ്യവസ്ഥയുണ്ടു്. പക്ഷെ, ജന്മിത്വം പാടെ അവസാനിപ്പിക്കുവാൻ ഈ ബില്ലിൽ ശ്രമം കാണുന്നില്ലെന്നുള്ളതു് പരമാർത്ഥമാണു്. ഇന്നത്തെ സ്ഥിതിയ്ക്കു് അനുയോജ്യമായ വിധത്തിൽ നടപ്പുള്ളതു് കഴിയുന്നതുംവേഗം ചെയ്യണമെന്നാണു ഗവണ്മെന്റിന്റെ ഉദ്ദേശം. അതുകൊണ്ടാണു് ഒരു പരിധി നിർണ്ണയിച്ചിട്ടു് അതിനപ്പുറമുള്ള ഭൂമി പാട്ടമെങ്കിലും കൊടുത്തു തീരണമെന്നു വ്യവസ്ഥചെയ്തിരിക്കുന്നതു്. അങ്ങനെയായാൽ കുറെ എങ്കിലും സൗകര്യമുണ്ടു്. എന്നാൽ ഈ പ്രമേയത്തിൽ അടകുടിയെപ്പറ്റി മാത്രമല്ലാ പറയുന്നതു്. ആളുകൾ പല പ്രകാരത്തിലും ഗവണ്മെന്റു ഭൂമി കൈവശംവച്ചിട്ടുണ്ടെന്നുള്ളതു് എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമാണു്. അങ്ങനെ അനർഹവും അക്രമവുമായ തരത്തിൽ ഭൂമി കൈവശംവച്ചിട്ടുള്ളവരെ ഒഴിപ്പിക്കുകയും ഇപ്പോൾ ഗവണ്മെന്റു അവതരിപ്പിക്കാൻ പോകുന്ന ബില്ലുകളിലെ വ്യവസ്ഥകൾ നടപ്പാക്കുകയും ചെയ്താൽ കർഷകത്തൊഴിലാളികൾക്കു്, വളരെ ആളുകൾക്കു് ഭൂമി കിട്ടുമെന്നാണു് ഗവണ്മെന്റു വിചാരിക്കുന്നതു്. പക്ഷെ, ഗവണ്മെന്റിന്റെ ഈ ഉദ്ദേശസിദ്ധിക്കു്

[ശ്രീ. എ. താണുപിള്ള]

വളരെ പരിമിതിയുണ്ടെന്നുകൂടി നാം ആലോചിക്കേണ്ടതാണ്. ഈ പ്രമേയത്തെ സംബന്ധിച്ചിടത്തോളമാണെങ്കിൽ എനിക്കു് ഒന്നു വ്യക്തമാക്കാനുള്ളതു് ഈ പ്രമേയംകൊണ്ടു് നാം ഉദ്ദേശിക്കുന്ന ഫലം കിട്ടുകയില്ലെന്നാണു്. പ്രമേയത്തിൽ പറയുന്നതു് "വിദ്യാർത്ഥികൾക്കായിത്തീർന്ന്, പലവിധ ബുദ്ധിമുട്ടുകൾക്കും, വിഷമതകൾക്കും ഇടവന്നിരിക്കുന്നതിനാൽ പ്രസ്തുത വിഷമപ്രശ്നത്തിനു സുദൃഢവും സുഗമവുമായ മാർഗ്ഗങ്ങൾ ആരായുന്നതിനും, നിശ്ചിതമായ പരിഹാരം നിർദ്ദേശിക്കുന്നതിനുമായി നിയമസഭാസാമാജികന്മാർ ഉൾപ്പെട്ട ഒരു കമ്മിററി രൂപീകരിച്ചു് രാജ്യവ്യാപകമായ അസ്വാസ്ഥ്യം വേണ്ട സത്വര നടപടികൾ എടുക്കണമെന്നു് ഈ അംസംബ്ലി ഗവണ്മെൻറിനോടു ശുപാർശചെയ്തുകൊള്ളുന്നു" വെന്നാണു്. പക്ഷെ, ശാസ്ത്രിയുടെ ഈ പ്രമേയം വന്നപ്പോൾ അദ്ദേഹത്തിൻെറ ശാസ്ത്രിത്വം എല്ലാം ഉപേക്ഷിച്ചതായിട്ടാണു തോന്നുന്നതു്. എന്തായിരുന്നാലും ഭാഷയല്ലല്ലോ കാര്യം. ഭാഷ പ്രയോഗിക്കുന്നതിൽത്തന്നെ അതു കേൾക്കുമ്പോഴുള്ള ഭംഗി അതു വായിക്കുമ്പോൾ തോന്നുന്നില്ല. ഇതിൽ പറയുന്നതു് ഒരു കമ്മിററി രൂപീകരിക്കണമെന്നാണു്. അതുകൊണ്ടു് കാര്യങ്ങൾക്കു് പരിഹാരം ഉണ്ടാകുകയില്ല. ഞാൻ പറയുന്നതു് അദ്ദേഹത്തിൻെറ പ്രമേയത്തിൻെറ ഉദ്ദേശത്തോടുകൂടി ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഗവണ്മെൻറു് ഇതിനെക്കുറിച്ചു് സത്വരനടപടിയെടുക്കുന്നതാണു്. ഈ കാര്യങ്ങൾ എല്ലാം ആലോചിച്ചു മി. ശാസ്ത്രി അദ്ദേഹത്തിൻെറ ഈ പ്രമേയം പിൻവലിക്കണമെന്നാണു് എനിക്കു അദ്ദേഹത്തോടു ചെയ്യുവാനുള്ള അപേക്ഷ.

മി. സ്പീക്കർ: മി. ശാസ്ത്രിക്കു് വല്ലതും പറയുവാനുണ്ടോ?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, പ്രമേയത്തിലെ പദപ്രയോഗം സംബന്ധിച്ചു ഒരു സ്ഥലജലഭ്രാന്തി ഉണ്ടായിട്ടുള്ളതായി ഞാനും സമ്മതിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ സാന്ത്വനഉപദേശങ്ങൾക്കും സമാധാനബുദ്ധിക്കും ഞാൻ കൃതജ്ഞതപറയുന്നു. ഞാൻ ഈ പ്രമേയം കൊണ്ടുദ്ദേശിക്കുന്ന വസ്തുതൾ മുഴുവൻ പറഞ്ഞുകഴിഞ്ഞു. പക്ഷെ, ഈ അടകടി എന്നും കുടിയിറക്കു നിരോധനമെന്നും വന്നപ്പോൾ ചില വൈകല്യങ്ങൾ ഭാഷയിലുണ്ടായിയെന്നല്ലാതെ അർത്ഥത്തിൽ യാതൊരു കുഴപ്പവും ഉണ്ടായില്ല. ഈ പ്രമേയത്തോടു അനുകൂലിച്ചു പ്രസ്താവിച്ച മെംബറന്മാരോടു ഞാൻ കൃതജ്ഞനായിരിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥനയെ ആദരിച്ചു് പ്രമേയം പിൻവലിക്കുകയും ചെയ്തുകൊള്ളുന്നു.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: പ്രമേയം വാദപ്രതിവാദത്തിനു എടുത്തശേഷം പിൻവലിക്കാമോ?

മി. സ്പീക്കർ: ഹൗസിൻെറ അനുവാദത്തോടുകൂടി മാത്രമെ പിൻവലിക്കുവാൻ കഴികയുള്ളു. അദ്ദേഹം പ്രമേയം പിൻവലിക്കുവാൻ തയ്യാറായിട്ടുള്ള സ്ഥിതിക്കു് ഹൗസ് അതിനു അനുവദിക്കുമെന്നു് ഞാൻ വിചാരിക്കുന്നു.

The resolution was, by leave, with drawn.

Mr. Speaker: Sri Kuttappan Koickal may now move his resolution.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: സർ, ഇതാണ് എന്റെ പ്രമേയം. "തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തിന്റെ പല ഭാഗങ്ങ

3 p. m. ളിലും പണിയെടുത്തുകൊണ്ടിരിക്കുന്ന മരംകയററത്തൊഴിലാളികൾക്ക് കൂലി സമ്പ്രദായത്തിൽ ഏകീകരണം വരുത്തുന്നതിനും, കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനും മററുമായി മിനിമം വേജസ്കമ്മററിയെ ഏററവും വേഗം നിയമിക്കണമെന്ന് ഈ സഭ അഭിപ്രായപ്പെടുന്നു." എന്റെ ഈ പ്രമേയത്തിന് ഒരു ഭേദഗതി ബഹുമാനപ്പെട്ട മെംബർ ശ്രീ. കെ. സി. എബ്രഹാം സഭയുടെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. എന്റെ പ്രമേയത്തിൽ ഉദ്ദേശിച്ചിരിക്കുന്ന ആശയങ്ങൾക്ക് എതിരില്ലാത്തതും കുറേക്കൂടി വ്യക്തമാക്കുന്നതുമായ ആ ഭേദഗതി അംഗീകരിച്ചുകൊണ്ടു തന്നെ ഞാൻ.............

മി. സ്പീക്കർ: ഭേദഗതി അവതരിപ്പിച്ചിട്ടില്ല. അതു് അവതരിപ്പിച്ചതിനുശേഷമേ അംഗീകരിക്കാനൊക്കുകയുള്ളു. ആ നിലയ്ക്കു് ഇപ്പോൾ മെംബറുടെ പ്രമേയം അവതരിപ്പിക്കാനേ അവകാശമുള്ളു.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഏതായാലും ആ ഭേദഗതി സ്വീകരിക്കുന്നതിൽ എനിക്ക് വിരോധമില്ല. ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുകയാണ്. നമ്മുടെ രാജ്യത്തിനു ഇൻഡ്യയിലെ മറെറല്ലാ സംസ്ഥാനങ്ങളെയും അപേക്ഷിച്ച് തെങ്ങുകൃഷിയിൽ ഒന്നാംസ്ഥാനമാണുള്ളതെന്നു് ഈ സഭയിലെ എല്ലാ മെംബറന്മാക്കും അറിയാം. കേരകൃഷികൊണ്ടു് കേരളം എന്നറിയപ്പെടുന്ന മഹത്തായ മലനാട്ടിന്റെ ഒരവിഭാജ്യഘടകമായ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൽ ഏതാണ്ടു് 6,61,000 ഏക്കറിൽ ചില്വാനം സ്ഥലത്തു് ഇന്നു് സമൃദ്ധമായി തെങ്ങുകൃഷി നടക്കുന്നുണ്ടെന്നു ഔദ്യോഗികരേഖകളിൽനിന്നും കാണാൻകഴിയും. ഈ തെങ്ങുകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്കു് യഥാസമയം തെങ്ങിൽനിന്നും അതിന്റെ ഫലം താഴെ ഇറക്കിക്കൊടുക്കുന്ന വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വിഭാഗം ജനങ്ങൾ ഈ രാജ്യത്തു് അധിവസിക്കുന്നുണ്ടു്. മററു തൊഴിലാളികളെ അപേക്ഷിച്ച് ഈ തൊഴിലാളികൾക്കു ചില പ്രത്യേകതകൾ ഉണ്ടെന്നു പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. നമ്മുടെ രാജ്യത്തു് അനേകകാലമായി് നിലനിന്നുവരുന്ന ചില തൊഴിലുകൾ സമൂഹ്യാടിസ്ഥാനത്തിൽ തന്നെയാണ്. ചില പ്രത്യേക തൊഴിലുകൾ ചിലരുടെ കുലവൃത്തിയായി സ്വീകരിച്ചിട്ടുമുണ്ടു്. അങ്ങിനെ തെങ്ങിൽനിന്നും നാളികേരവും മററും താഴെ ഇറക്കിക്കൊടുക്കുന്ന തെങ്ങുകയററത്തൊഴിലാളികൾ എന്നറിയപ്പെടുന്ന ജനങ്ങൾ പല പേരുകളിൽ ഈ തൊഴിൽ അവരുടെ കുലവൃത്തിയായി സ്വീകരിച്ച് കഴിഞ്ഞുകൂടുന്നതു് നമുക്കു് കാണാൻ കഴിയും. അങ്ങിനെ ഒരു പ്രത്യേക സമുദായക്കാരായി രാജ്യത്തിന്റെ പലഭാഗങ്ങളിലും പല പേരുകളാൽ അറിയപ്പെടുന്ന ഈ ആളുകൾ അനേകകൊല്ലങ്ങളായി ജീവസന്ധാരണത്തിനുവേണ്ടി ഈ തൊഴിൽ അംഗീകരിച്ചുവരുന്നുണ്ടു്. പല തൊഴിലാളിവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളവും പല മാററങ്ങളും സംഭവിച്ചിട്ടും ഈ തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളെ സംരക്ഷിക്കുന്നതിനു യാതൊരു നിയമനിർമ്മാണവും ഒരു ഗവർമ്മെൻറും ഇതുവരെ എടുത്തിട്ടില്ലെന്നാണ് എനിക്കു് മനസ്സിലാക്കാൻ കഴിയുന്നതു്. ഈ രാജ്യത്തുള്ള ജനവിഭാഗങ്ങൾക്കു് ആനുകൂല്യം നൽകുന്നതിനുവേണ്ടിയുള്ള വ്യവസ്ഥകൾ നിയമസഭ അംഗീകരിച്ചു് നടപ്പി

[ശ്രീ. കുട്ടപ്പൻ കോയിക്കൽ]

ലാക്കിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽപ്പോലും നമ്മുടെ രാജ്യത്തു പൗരാവകാശമുള്ളതും ഒരു നല്ലവിഭാഗം ഉൾക്കൊള്ളുന്നതുമായ ഈ വിഭാഗത്തിനെ അഗണ്യകോടിയിൽ തള്ളാതെ അവരുടെ ജീവിതം സുഗമമാക്കുന്നതിനു ചിലനിയമനിർമ്മാണങ്ങൾ നടത്താൻ വൈമനസ്യം കാണിക്കുന്നതു പരമാർത്ഥത്തിൽ ഈ വിഭാഗത്തോടുചെയ്യുന്ന കടുംകൈയായിരിക്കുമെന്നു് പറയാൻ ഞാൻ മടിക്കുന്നില്ല. ഫാക്ടറിയിൽ പണിയെടുക്കുന്ന തൊഴിലാളികളെപ്പോലെയോ, കർഷകത്തൊഴിലാളികളെപ്പോലെയോ ഉള്ള ഒരു ജോലിസമ്പ്രദായമല്ല ഇവർക്കുള്ളതു്. വളരെ ഉയരമുള്ള തെങ്ങുകളിൽ കയറുമ്പോൾ യാദൃച്ഛികമായി അപകടം സംഭവിച്ചു് മരണം സംഭവിക്കുന്നതിനോ, അംഗഭംഗം നേരിടുന്നതിനോ സാദ്ധ്യതകളുള്ള ഒരു തൊഴിലാണിതു്. അങ്ങിനെവരുന്ന സന്ദർഭങ്ങളിൽ യാതൊരു ആനുകൂല്യവും ഈ തൊഴിലാളികൾക്കു് ലഭിക്കുന്നില്ല. ഇന്നിതു് വളരെയധികം വൈഷമ്യം ഉളവാക്കുന്ന ഒരു കാര്യമായിത്തീർന്നിട്ടുണ്ടു്. നമ്മുടെ രാജ്യത്തെ ഭൂവുടമസമ്പ്രദായമാണു് അതിനു പ്രധാനകാരണം. അഞ്ചും പത്തും സെൻറു ഭൂമിയുള്ള ആളുകളുടെ തെങ്ങുകളിൽനിന്നും നാളികേരം ഇടുന്നതിനു ഒരു തൊഴിലാളി തെങ്ങിൽ കയറുന്ന അവസരത്തിൽ ഒരപകടമുണ്ടായാൽ അതിനു നഷ്ടപരിഹാരം നൽകുന്നതിനു ആ വസ്തുടമസ്ഥു് സാദ്ധ്യമല്ലാത്ത ഒരവസ്ഥയാണിന്നുള്ളതു്. അങ്ങിനെ അപകടം ഉണ്ടായി ജീവഹാനി സംഭവിച്ചാലും ആ തൊഴിലാളിയുടെ കുടുംബത്തെ അനാഥമാക്കാതെ പുലർത്തിക്കൊണ്ടുപോകുന്നതിനുള്ള യാതൊരു നിയമവും ഈ രാജ്യത്തില്ല. ഈ തെങ്ങുകയററം കുലവൃത്തിയായി സ്വീകരിച്ചു് കഴിഞ്ഞുകൂടുന്ന വിഭാഗം സാമാന്യമായി ജനസംഖ്യയിൽ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ തെങ്ങുകൃഷി അധഃപതനത്തിലേയ്ക്കു് പോകുകയാണു്. നമ്മുടെ തെങ്ങുകൃഷി വളരെ അധികം അധഃപതിച്ചുവരുന്നു എന്നുള്ളതിനു് ധാരാളം തെളിവുകളുണ്ടു്. നമ്മുടെ രാജ്യത്തെയും കേന്ദ്രഗവണ്മെൻറിലെയും പണംചെലവുചെയ്തുകൊണ്ടു് തെങ്ങുരോഗത്തെ നിവാരണം ചെയ്യുന്നതിനു് ഒന്നുരണ്ടു സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടു്. പക്ഷെ ഏഴെട്ടു കൊല്ലമായി ഇൻഡ്യൻ നാളികേരഗവേഷണശാല എന്ന പേരിൽ കൃഷ്ണപുരത്തു ഒരു ഗവേഷണശാല പ്രവർത്തിക്കുന്നുണ്ടെങ്കിലും നമ്മുടെ തെങ്ങുകളെ സാരമായി ബാധിച്ചിരിക്കുന്ന രോഗം എന്താണെന്നു കണ്ടുപിടിക്കുന്നതിനോ അതിനുള്ള നിവാരണമാർഗ്ഗം എന്താണെന്നു ആരായുന്നതിനോ അവിടെയുള്ള ഗവേഷണപടുക്കൾക്കു് കഴിഞ്ഞിട്ടില്ല. അങ്ങിനെ നമ്മുടെ വരുമാനത്തിൽതന്നെ ഒരു ഗണ്യഭാഗം അനുനിമിഷം കുറഞ്ഞുകൊണ്ടിരിക്കുകയാണു്. തെങ്ങുകൃഷി ഈ രാജ്യത്തു സമൃദ്ധിയായി നടന്നാൽ മാത്രമേ ഈ രാജ്യത്തുള്ള കൊപ്രാമില്ലുകളും കയർ വ്യവസായവുമെല്ലാം അഭിവൃദ്ധിപ്പെടുകയുള്ളു. അങ്ങിനെ അഭിവൃദ്ധിപ്പെടാൻ നിവൃത്തിയില്ലാത്തവിധത്തിൽ തെങ്ങുകൃഷി അധഃപതിച്ചുവരുന്നു എന്നു് തിരുവിതാംകൂറിലെ തെങ്ങുകൃഷിയെ സംബന്ധിച്ചു് കേരകർഷകസംഘം പ്രസിദ്ധപ്പെടുത്തിയ ഔദ്യോഗികരേഖകളിൽനിന്നും മനസ്സിലാക്കാൻ കഴിയും.

ശ്രീ. എ. താണുപിള്ള: ഈ തൊഴിലാളികൾക്കു് മിനിമംവേജസ് നിശ്ചയിച്ചു് കൂലി ഏകീകരിച്ചാൽ ഈനാട്ടിലെ ആകെക്കൂടിയുള്ള തൊഴിലാളികൾക്കു് ഗുണകരമാവുമെന്നാണോ പറയുന്നതു്. ഇപ്പോൾ പലയിടത്തും പലതരത്തിലുള്ള കൂലി കിട്ടിക്കൊണ്ടിരിക്കുന്നുണ്ടു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: തൊഴിലാളികൾക്ക് ഗുണകരമായ നിലയിൽ കൂലിവ്യവസ്ഥ ഏകീകരിക്കണമെന്നാണു ഞാൻ പറയുന്നത്. പലവിധത്തിലുള്ള കൂലിസമ്പ്രദായങ്ങൾ ഈ രാജ്യത്തു നിലനിൽക്കുന്നുണ്ട്. ആ സമ്പ്രദായങ്ങൾ ഏകീകരിച്ച് അവർക്കു ഗുണമുണ്ടാകത്തക്ക വ്യവസ്ഥ ഏർപ്പെടുത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അങ്ങിനെ ഈ രാജ്യത്തു തെങ്ങുകൃഷി അധഃപതിച്ചു വരികയും ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് മാന്യമായി ജീവിക്കുന്നതിനുള്ള സൗകര്യം ഇല്ലാതാകുകയുമാണ് ചെയ്യുന്നത്. മൊത്തത്തിൽ പറഞ്ഞാൽ നമ്മുടെ രാജ്യത്തെ തൊഴിലാളിവിഭാഗത്തിന് അവരുടെ ജീവിതം തുടർന്നുകൊണ്ടു പോകാൻ വയ്യാത്തനിലയിൽ അവരുടെ ജീവിതനിലവാരം അധഃപതിക്കയും സാമ്പത്തികവരുമാനം കുറഞ്ഞു വരുകയുംചെയ്യുന്നു. നാളികേരത്തിനു വിലക്കുറവുവന്നതോടുകൂടി തൊഴിലാളികൾക്ക് ഗണ്യമായ സാമ്പത്തികപരാധീനത അനുഭവിക്കേണ്ടതായി വന്നിട്ടുണ്ട്. ആ നിലയിൽ ഈ തെങ്ങുകയറ്റത്തൊഴിലാളികൾ വളരെയധികം ദാരിദ്ര്യം അനുഭവിച്ചുകൊണ്ടിരിക്കുന്നതിനാൽ അവർക്കു ജീവിക്കാൻ മതിയായ കൂലി നിശ്ചയിക്കണമെന്നുള്ളതാണ് ഞാൻ ഈ പ്രമേയംകൊണ്ടു് ഉദ്ദേശിച്ചിരിക്കുന്നത്. അങ്ങിനെ കേരളത്തിലെ കേരകർഷകരുടെ ആനുകൂല്യത്തെ ആശ്രയിച്ചു മാത്രം അനേകകാലമായി കഴിഞ്ഞുകൂടുന്ന ഈ തൊഴിലാളിവിഭാഗത്തിന് മാന്യമായി ജീവിക്കുന്നതിനുള്ള ഒരു കുറഞ്ഞകൂലി നിശ്ചയിക്കുന്നതിന് ആവശ്യമായ നടപടികൾ ഏറ്റവുംവേഗം എടുക്കുന്നകാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ് ഞാൻ ഈ പ്രമേയംമുഖേന ചെയ്യുന്നത്. ഈ സഭയിലെ എല്ലാ കക്ഷികളിലുംപെട്ട ആളുകൾ ഈ പ്രമേയത്തിന്റെ പ്രാധാന്യത്തെ പരിഗണിച്ച്, ഒരു തൊഴിലാളിവിഭാഗത്തിന്റെ താൽപ്പര്യമാണ് ഇതിൽ ഉൾക്കൊള്ളുന്നതെന്നുകരുതി, ഈ പ്രമേയം അംഗീകരിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ സഭയിൽ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: ബഹുമാനപ്പെട്ട ഭരണിക്കാവു മെംബർ അവതരിപ്പിച്ച പ്രമേയത്തിന്റെ തത്വത്തോടു യോജിച്ചുകൊണ്ടു് നമ്മുടെ മിനിമം വേജസ് ആക്ടിന്റെ പരിധിയിൽ കൂടുതൽ വ്യവസായങ്ങളെയും ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യത്തെപ്പററി പ്രസ്താവിക്കുന്നതിനു ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. ഈ സംസ്ഥാനത്തു പ്രയോഗത്തിലിരിക്കുന്ന ഇൻഡ്യൻ മിനിമം വേജസ് ആക്ട് വരുന്നതിനു മുമ്പ് നമ്മുടെ സംസ്ഥാനത്തിനു മാത്രമായി ഒരു മിനിമം വേജസ് ആക്ട് നിലവിലിരുന്നു. ഈ രാജ്യത്തെ പ്രത്യേക പരിതഃസ്ഥിതികളെ അടിസ്ഥാനമാക്കി കൂടുതൽ വ്യവസായശാലകളേയും തൊഴിലാളികളേയും ഉൾക്കൊള്ളിക്കത്തക്കവണ്ണമുള്ള ഒരു പട്ടികയായിരുന്നു ആ ആക്ടിൽ ഉണ്ടായിരുന്നത്. എന്നാൽ പൊതുവെ ഇൻഡ്യൻ നിയമം വന്നതോടുകൂടി ഈ നാട്ടിലെ പല വ്യവസായങ്ങളും അതിന്റെ പട്ടികയിൽ ഉൾപ്പെടാതെവരികയും ഇവിടെ നിലവിലിരുന്ന ആക്ടമൂലം കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനർഹമായ പല വ്യവസായങ്ങൾക്കും ഗുണം കിട്ടാതെപോകയും ചെയ്തു. രണ്ടാമതായി നമ്മുടെ ഗവണ്മെന്റിൽ നിന്നും കശുവണ്ടിവ്യവസായത്തേയും കയർവ്യവസായത്തേയും മാത്രമേ കൂടുതലായി ആ പട്ടികയിൽ ചേർത്തുള്ളു. അതേയവസരത്തിൽ ആദ്യം

[ശ്രീ. ടി. കെ. ദിവാകരൻ]

നിലവിലിരുന്ന ആക്ററിൽ ചേർത്തിരുന്ന സാമിൽ, ഓട്, ടിൻ തുടങ്ങിയ പല വ്യവസായങ്ങളിലേയും തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കാൻ സാദ്ധ്യമല്ലാതെ വന്നിട്ടുണ്ടു്. ഈ സമ്മേളനം തുടങ്ങിയശേഷം ബഹുമാനപ്പെട്ട ലേബർമന്ത്രി ചെത്തുതൊഴിലാളികളുടെ ഏററവും കുറഞ്ഞ കൂലി നിശ്ചയിക്കുന്ന കാര്യം ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുന്നു എന്നു് പ്രഖ്യാപിക്കയുണ്ടായി. ഇന്നു് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തിൽ ഉൾക്കൊള്ളുന്ന തൊഴിലാളികളും ചെത്തു തൊഴിലാളികളും തമ്മിൽ യഥാർത്ഥത്തിൽ തൊഴിലിൽ വളരെ സാമ്യമുണ്ടു്. ഒരുവിഭാഗം ചെത്തിൽ വൈദഗ്ദ്ധ്യം പ്രകടിപ്പിക്കുന്നു എന്നുള്ളതൊഴിച്ചാൽ ഈ തൊഴിലാളികൾ തമ്മിൽ കായികാദ്ധ്വാനത്തിൽ ഏകദേശം തുല്യത ഉണ്ടെന്നു കാണാം. ആ നിലയിൽ ഇന്നു നിലവിലിരിക്കുന്ന കുറഞ്ഞകൂലി നിശ്ചയിക്കേണ്ട തൊഴിലാളികളുടെ പട്ടികയിൽ ചെത്തുതൊഴിലാളികളേയും മരംകയററതൊഴിലാളികളേയും ഒരു ഷെഡ്യൂൾഡ് ഇൻഡസ്ട്രിയായി ഉൾപ്പെടുത്തി ഗവണ്മെൻറ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തോടു യോജിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതേയവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഉന്നയിച്ച സംശയത്തെ സംബന്ധിച്ചിടത്തോളം ഒന്നുരണ്ടുകാര്യങ്ങൾ പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. കൂലി ഏകീകരിക്കുന്നു എന്നു പറയുന്നതു് വളരെ കുഴപ്പങ്ങൾക്കു് കാരണമാകുന്ന ഒരവസ്ഥയാണു്. മിനിമംവേജസ് കൊണ്ടു് ഉദ്ദേശിക്കുന്നതു് അങ്ങനെ നിശ്ചയിക്കുന്ന കുറഞ്ഞ കൂലി കൊടുക്കുവാൻ ആ വ്യവസായത്തിനു് ബാദ്ധ്യതയുണ്ടെന്നും അതു കൊടുക്കാനർഹതയില്ലാത്ത വ്യവസായം നിലനിൽക്കാനർഹമല്ലെന്നും ആണു്. ഏററവും കൂടുതൽ ചൂഷണം നിലവിലിരിക്കുന്നതും കൂട്ടായ വിലപേശലിനു സാദ്ധ്യതയില്ലാതിരുന്നിട്ടുള്ളതുമായ വ്യവസായങ്ങളെയാണു് നിയമത്തിൻെറ പട്ടികയിൽ ചേർത്തിരിക്കുന്നതു്. ആ നിലയിൽ ഈ തൊഴിലിൻെറ പൊതുസ്വഭാവം നോക്കി ഒരു കുറഞ്ഞകൂലി നിശ്ചയിക്കയാണു് വേണ്ടതു്. ഏതെങ്കിലും സ്ഥലത്തു പ്രത്യേകമായ പരിതഃസ്ഥിതിയിൽ കിട്ടിയിരിക്കുന്ന കൂലിയും പിന്നോക്കം നിൽക്കുന്ന സ്ഥലങ്ങളിലെ കൂലിയും ഏകീകരിക്കുന്നതായ ഒരു നിലവാരം വന്നാൽ തീർച്ചയായും ഇന്നു് കൂട്ടായ വിലപേശലിൻെറ അടിസ്ഥാനത്തിൽ കൂലി എവിടെയെങ്കിലും സമ്പാദിച്ചിട്ടുണ്ടെങ്കിൽ അതിനെ ദോഷകരമായി ബാധിക്കുന്നതാണു്, അതു മാത്രമല്ല, ചില പ്രദേശങ്ങളിൽ ഇന്നു തെങ്ങുകയററതൊഴിലാളികൾക്കു് കൂലി കൊടുക്കുന്നതു് ഒരു തെങ്ങിനു് ഇത്ര ചക്രം കൂലി എന്നു നിശ്ചയിച്ചിട്ടാണു്. എന്നാൽ ചില പ്രദേശങ്ങളിൽ തേങ്ങയ്ക്കു് ഇത്രയെന്ന അടിസ്ഥാനത്തിൽ കൂലികൊടുക്കുന്നുണ്ടു്. തെങ്ങു വളരെ അധികമുള്ള സ്ഥലങ്ങളിൽ തേങ്ങാ സമൃദ്ധിയായി ലഭിക്കുന്നിടത്തു് അതുകൊണ്ടു് ഈ തെങ്ങുകയററതൊഴിലാളികൾക്കു് നല്ല കൂലി ലഭിക്കുന്നുണ്ടു്. ഇതിനാൽ കൂലി ഏകീകരിക്കുക എന്നുള്ളതുകൊണ്ടു് ഒരു നല്ല വിഭാഗം ആളുകൾക്കു് ദോഷകരമായിത്തീരാൻ ഇടയുണ്ടു്. ഇന്നു നിലവിലിരിക്കുന്ന കൂലി സമ്പ്രദായം എല്ലാം പരിഗണിക്കേണ്ടതായിരിക്കുന്നതുകൊണ്ടു് സ്റ്റാൻേറർഡൈസേഷൻ ആഫ് വേജസ് ഇതിൽ ഉൾപ്പെടുത്താൻ പാടില്ല. ഇന്നു് ഈ തൊഴിലിനെ സംബന്ധിച്ചിടത്തോളം കിട്ടിക്കൊണ്ടിരിക്കുന്ന

കൂലി കുറയാതെ ഏററവും കുറഞ്ഞ കൂലി മിനിമംവേജസ് ആക്ററനുസരിച്ചു നിശ്ചയിക്കണമെന്നാണെനിക്കു തോന്നുന്നതു്.

സർ, തെങ്ങുകയററത്തൊഴിലാളികൾക്കു് സംഘടിച്ചു നിന്നു ശബ്ദമുയർത്തുന്നതിനും സാധിച്ചിട്ടില്ല. നമ്മുടെ സമ്പത്തികജീവിതത്തിലും സാമൂഹ്യജീവിതത്തിലും പങ്കുള്ള ഒരു വിഭാഗം തൊഴിലാളികളാണു് ഈ തെങ്ങുകയററത്തൊഴിലാളികൾ. ഗ്രാമങ്ങളിലെ സാമൂഹ്യജീവിതത്തിൽ ഇവർ വളരെ ബന്ധപ്പെട്ടു നില്ക്കുന്ന ഒരു വിഭാഗമാണു്. എന്നാൽ ഇവരെ പല പ്രകാരത്തിൽ ചൂഷണം നടത്തിവരുന്നുണ്ടു്. കൂലി കൊടുക്കുന്നതിൽ പൊരുത്തക്കേടും ജോലിയെ സംബന്ധിച്ചിടത്തോളം സ്ഥിരതയില്ലായ്മയും അതായതു് സ്ഥിരമായി ജോലി ചെയ്തുകൊണ്ടിരിക്കുന്നവരെ മാററുന്ന ഒരു ഏർപ്പാടു് ഉള്ളതുകൊണ്ടു് തൊഴിൽരംഗത്തു് അവർ വളരെ ബുദ്ധിമുട്ടുകൾ സഹിച്ചുവരുന്നുണ്ടു്. ഈ അടുത്തകാലത്തു് ചവറ തെക്കുംഭാഗത്തു് സ്ഥിരമായി ജോലിചെയ്തുകൊണ്ടിരുന്ന തെങ്ങുകയററത്തൊഴിലാളികളെ അവർക്കു് ജോലി നിഷേധിച്ചതുമൂലം അതുസംബന്ധിച്ചു് ഒരു സമരംതന്നെ നടക്കുകയുണ്ടായി. ആ സമരത്തിൽ തൊഴിലാളികൾ പങ്കെടുത്തു എന്ന കാരണത്താൽ ഈ തൊഴിലാളികൾ സംഘടനയിൽ ചേർന്നു എന്ന കാരണത്താൽ അവിടത്തെ കോൺഗ്രസ്സുകാരായ ജന്മിമാരും ഉടമകളുമെല്ലാംകൂടി ജോലി നിഷേധിച്ചിരിക്കുകയാണു്. ഇങ്ങനെയുള്ള ജോലി നിഷേധിക്കലിനെ സംബന്ധിച്ചും മിനിമംവേജസ് നിശ്ചയിക്കുന്നതുമൂലം ആവശ്യമായ സംരക്ഷണം കൊടുക്കുകയാണെങ്കിൽ ഈ മാതിരിയുള്ള ജോലിനിഷേധം ഇല്ലാതാക്കുന്നതിനും നമുക്കു കഴിയുന്നതാണു്.

അതേ അടിസ്ഥാനത്തിൽതന്നെയാണു് ചെത്തുതൊഴിലാളികളെ സംബന്ധിച്ചിടത്തോളവും ഉള്ള സ്ഥിതി. ഇവർക്കും പല സ്ഥലത്തും പല രീതിയിലുള്ള കൂലിയാണു് ഇന്നു നിലവിലിരിക്കുന്നതു്. അതായതു് തെങ്ങു പാട്ടത്തിനു് എടുത്തു് അതിനുള്ള ഉപകരണങ്ങളും സ്വന്തചെലവിൽ വാങ്ങി ജോലിചെയ്തു് കള്ളുണ്ടാക്കി വില്ക്കു കൊടുത്തു കൂലിവാങ്ങുന്ന ഒരു രീതിയുണ്ടു്. അതുകൂടാതെ ഷാപ്പുടമകൾതന്നെ തെങ്ങു് എടുക്കുകയും മററുപകരണങ്ങൾ തൊഴിലാളികൾക്കു നൽകുകയും കള്ളിനു് അളവിനെ ആസ്പദമാക്കി കൂലികൊടുക്കുകയും ചെയ്യുന്ന സ്ഥലങ്ങളുമുണ്ടു്. ഈ തൊഴിലാളികളുടെ കൂലിയും അവരുടെ ജോലിവ്യവസ്ഥയും ഏകീകരിക്കുന്നതിനു് വേണ്ട സംരക്ഷണം മിനിമംവേജസ് ആക്ററിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണു്.

ഇതുകൂടാതെ ഇവിടത്തെ കള്ളുഷാപ്പ് വർഷം തോറും ലേലം ചെയ്യുന്നതുകൊണ്ടു് ഈ ജോലിക്കാരുടെ ജോലി സ്ഥിരത ഇല്ലാതെ വരുന്നുണ്ടു്. അടുത്തവർഷം ഷാപ്പ് ലേലം പിടിക്കുന്ന ആൾ പഴയ ഷാപ്പുടമസ്ഥന്റെ ജോലിക്കാരെ ചിലപ്പോൾ മാററി പുതിയ ജോലിക്കാരെ കയററുന്ന ഒരു സമ്പ്രദായമുണ്ടു്. അങ്ങനെ പുതിയ തൊഴിലാളികളെ കയററുന്നതുകൊണ്ടു് ഷാപ്പിൽ പുതിയ കിസ്തു് അടച്ചു ലേലം പിടിച്ചു കഴിയുമ്പോൾ തൊഴിൽ കുഴപ്പങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇന്നു് ഈ രാജ്യത്തെ ഖജനാവിലേക്കു് എക്സൈസ് ഇനത്തിൽ ഒരു നല്ല വരുമാനം അതായതു് കള്ളുഷാപ്പുകളിൽ നിന്നുള്ള വരുമാനമാണു് ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ഇങ്ങനെ പ്രധാനവരവിനമായ എക്സൈസിലേക്കു് വരവുണ്ടാക്കുന്ന പ്രധാനപ്പെട്ട തൊഴിലിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന തൊഴിലാളി

[ശ്രീ. ടി. കെ. ദിവാകരൻ]

കൾക്ക് യഥാർത്ഥത്തിൽ ഇന്നു ജോലിസ്ഥിരത ഇല്ലാതെയാണിരിക്കുന്നതു്. അടുത്ത വർഷത്തിലേക്ക് എങ്കിലും ഈ ലേലവ്യവസായിൽതന്നെ ഈ ജോലിക്കാരെ യാതൊരുവിധത്തിലും മാററരുതെന്നുള്ള ഒരു വ്യവസ്ഥകൂടി അതിൽ ഉൾപ്പെടുത്തണമെന്നും എനിക്ക് ഈ അവസരത്തിൽ മന്ത്രിസഭയെ അറിയിക്കുവാനുണ്ടു്. ഈ രണ്ടു വിഭാഗം തൊഴിലാളികളേയും അടിയന്തിരമായി ഈ മിനിമം വേജസ് ആക്ററിന്റെ പരിധിയിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടിയും ഗവണ്മെന്റ സ്വീകരിക്കേണ്ടതാണു്.

അതുപോലെതന്നെ ഓടു വ്യവസായവും. തിരുവിതാംകൂർ-കൊച്ചിയിലുള്ള ഓടുവ്യവസായകേന്ദ്രങ്ങളിൽ കൊല്ലം ഉയന്ന കൂലി കൊടുത്തുകൊണ്ടിരിക്കുന്ന സ്ഥലമാണു്. ഒല്ലൂർ മുതലായ സ്ഥലങ്ങളിൽ ഒരു രൂപയ്ക്കും ഒന്നേകാൽ രൂപയ്ക്കും തൊഴിലാളികളെക്കൊണ്ടു് അവിടെ പണി എടുപ്പിക്കുന്നു. ഇങ്ങനെ വ്യത്യസ്തമായ കൂലിസംപ്രദായം നിലവിലിരിക്കുന്നതുകൊണ്ടു് ഒല്ലൂർ ഓട്ടുകമ്പനികളും കൊല്ലത്തുള്ള കമ്പനികളും തമ്മിൽ ഓടുവിൽപ്പനയ്ക്കു് മത്സരത്തിനു് ഇടയാകുന്നുണ്ടു്. കൊല്ലത്തു് കമ്പനികളിൽ ഒരു രൂപ പത്തണയും, ഒരു രൂപ പന്ത്രണ്ടരയണയുമാണു് കൂലി നിശ്ചയിച്ചിട്ടുള്ളതു്. ഇതു് അവർ സംഘടിച്ചുനിന്നു ശബ്ദമുയർത്തിയതുകൊണ്ടു് സാധിച്ചുകിട്ടിയിട്ടുള്ളതാണു്. യഥാർത്ഥത്തിൽ വളരെ അധികം ചൂഷണം ഓട്ടുവ്യവസായതൊഴിലാളിരംഗത്തു് ഇന്നു് അവശേഷിക്കുന്നുണ്ടു്. ഏററവും കുറഞ്ഞ കൂലിയും വ്യവസായികൾ തമ്മിലുള്ള മാത്സര്യവും തൊഴിൽരംഗത്തും വ്യാവസായിക രംഗത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഓട്ടുവ്യവസായം ഇന്നു തിരുവിതാംകൂർ-കൊച്ചിയിലെ മർമ്മപ്രധാനമായ ഒരു വ്യവസായമാണു്. തിരുവിതാംകൂറിൽ ആദ്യം നിലവിലിരുന്ന മിനിമം വേജസ് ആക്ററിന്റെ പട്ടികയിൽ ഇതും ഉൾപ്പെടുത്തിയിരുന്നതാണു്.

അതുപോലെതന്നെ സാമിൽ വ്യവസായവും. സാമിൽ തൊഴിലാളികളെ മിനിമം വേജ്സ് ആക്ററിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനു് അവർ സംഘടിച്ചുനിന്നു അവകാശവാദം നടത്തി.

ശ്രീ. കെ. പി. ഹാർമിസ്: ഓട്ടുവ്യവസായത്തിന്റെ കാര്യം പറഞ്ഞതല്ലേ; എന്താണു് കൂലിമാത്രമാണോ മത്സരം വർദ്ധിക്കുന്നതിനുള്ള കാരണം?

ശ്രീ. ടി. കെ. ദിവാകരൻ: അതിൽ പ്രധാനമായിട്ടുള്ള കാരണമാണു് കൂലി കുറയ്ക്കുക എന്നുള്ളതു്. ഈ മാതിരിയുള്ള കൂടുതൽ വ്യവസായങ്ങളെ മിനിമം വേജസ് ആക്ററിന്റെ പരിധിയിൽ കൊണ്ടുവരാൻ ഗവണ്മെന്റ് ശ്രദ്ധിക്കേണ്ടതാണു്. ഈ മിനിമം വേജസ് ആക്ററിൽ നിശ്ചയിച്ചിട്ടുള്ള പട്ടികയിൽ ഉൾപ്പെടുത്തുകമാത്രം പോരാ എന്നുള്ള സംഗതിയും അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു.

സർ, ഇതിനു മുമ്പു പല പ്രാവശ്യവും ഇവിടെ പറഞ്ഞിട്ടുള്ള കാര്യമാണു്. മിനിമം വേജസ് നിശ്ചയിക്കുന്ന കാര്യത്തിൽ കുറച്ചുകൂടി ഊർജ്ജിതമായിട്ടുള്ള നടപടി ഗവണ്മെന്റ സ്വീകരിക്കേണ്ടതാണു് എന്നുള്ള കാര്യം ഓർമ്മിപ്പിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. കർഷക

തൊഴിലാളിവിഭാഗത്തിന്റെ മിനിമം വേജസ് നിശ്ചയിക്കുന്നതിനൊരു കമ്മിററിയെ നിയമിച്ച് ഏഴെട്ടുമാസമായിട്ടും ഒരു മീററിംഗുപോലും ഇതുവരെ കൂടിയിട്ടില്ല. 1954 ഡിസംബർ അവസാനത്തോടുകൂടിയാണ് ഏററവും കുറഞ്ഞകൂലി നിശ്ചയിക്കുന്നതിനുള്ള കാലാവധി ഇൻഡ്യാ ഗവണ്മെൻറ നീട്ടിക്കൊടുത്തിരിക്കുന്നതു്. അതിനിപ്പുറമെങ്കിലും ഇന്നിരിക്കുന്ന പട്ടികയിലുൾപ്പെട്ട തൊഴിലാളികൾക്ക് ഏററവും കുറഞ്ഞകൂലി നിശ്ചയിക്കുന്നതിനു സത്വരനടപടികൾ സ്വീകരിക്കുകയും കൂടുതലായി ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. മിനിമംവേജസ് നിശ്ചയിക്കപ്പെട്ട പ്ലാന്റേഷൻ തൊഴിലാളികളുടെയും കശുവണ്ടി വ്യവസായത്തൊഴിലാളികളുടെയും കാര്യത്തിൽ യഥാർത്ഥത്തിൽ, അവർക്കു കുറഞ്ഞകൂലി ലഭിക്കുന്നില്ല. ഈ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം മുതലാളിമാർ മിനിമം വേജസ് ആക്ററിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നതിന് അടിയന്തിരമായും കർശനമായും ഗവണ്മെൻറ് വേണ്ടനടപടികൾ സ്വീകരിച്ചുവെങ്കിൽ മാത്രമേ നിയമത്തിന്റെ ഗുണം യഥാർത്ഥത്തിൽ തൊഴിലാളികൾക്കു ലഭിക്കയുള്ളു. നിയമം ഒന്നു പറഞ്ഞാൽ അതിന്റെ പഴുതുകളിൽക്കൂടി രക്ഷപ്പെടുന്നതിനുള്ള സാമർത്ഥ്യം നമ്മുടെ എല്ലാ തൽപ്പരകക്ഷികളിലും ഇന്നു കണ്ടുവരുന്നുണ്ട്. ഇന്നു നടപ്പിലാക്കിയിട്ടുള്ള കൂലിയിൽനിന്നു രക്ഷപ്പെടുന്നതിന് അതു കൊടുക്കാതിരിക്കുന്നതിനുള്ള വാസന വ്യവസായികളുടെ ഇടയിൽ വളർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇതിനെല്ലാം ഒരു പരിഹാരം ഉണ്ടാക്കുന്നതിന് മിനിമം വേജസ് ഇൻസ്പെക്ടർമാർക്ക് കർശനമായ നിർദ്ദേശങ്ങൾ ഈ ഗവണ്മെൻറിൽനിന്നും നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ടും ഈ പ്രമേയത്തിന്റെ തത്വത്തോടു പൂർണ്ണമായും യോജിച്ചുകൊണ്ടും ഞാൻ ഉപസംഹരിച്ചുകൊള്ളുന്നു.

ശ്രീ. കെ. സി. എബ്രഹാം: സർ, "മരംകയററത്തൊഴിലാളികൾക്കു കൂലിസമ്പ്രദായത്തിൽ ഏകീകരണം വരുത്തുന്നതിനും കുറഞ്ഞകൂലി നിശ്ചയിക്കുന്നതിനും മററുമായി." എന്ന ഭാഗം നീക്കം ചെയ്തു്, അതിനുപകരം "തെങ്ങുകയററത്തൊഴിലാളികൾക്കു കുറഞ്ഞകൂലി നിശ്ചയിക്കുന്നതിന്" എന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. തെങ്ങുകയററത്തൊഴിലാളികൾ ഏററവും പിന്നോക്കം നില്ക്കുന്നു. ഇവർ സാമ്പത്തികമായി വളരെ താണ നിലയിലാണ്. അവർക്ക് സാമൂഹ്യസംഘടനയില്ല. ന്യായമായിട്ടുള്ള അവരുടെ ആവശ്യങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിന് ഇപ്പോഴും അവർക്കു സാദ്ധ്യമല്ലാതെയാണിരിക്കുന്നതു്. അവരുടെ ജോലിയാണെങ്കിൽ വളരെ അപകടകരവുമാണ്. അലസതയ്ക്കും മററും അവരുടെ തൊഴിലിൽ സ്ഥാനമില്ല. "ഗോസ്ലോ" പാളിസിയും പരീക്ഷിക്കുന്നതിനു സാദ്ധ്യമല്ല. അവർക്കു ജോലിയില്ലാത്ത ദിവസങ്ങൾ ധാരാളമുണ്ട്. വേനൽക്കാലത്താണെങ്കിൽ മാസത്തിൽ ഇരുപതു ദിവസത്തിൽക്കൂടുതൽ തൊഴിൽ കിട്ടുന്നില്ല. വർഷകാലത്തു് പത്തോ പതിനഞ്ചോ ദിവസത്തിൽക്കൂടുതൽ ജോലി കിട്ടുന്നില്ല. അതുകൊണ്ട് അവർക്ക് ന്യായമായി ലഭിക്കേണ്ട കൂലി കിട്ടുന്നതിനു ആവശ്യമായ നടപടികൾ എടുക്കാൻ ഗവണ്മെൻറ തയ്യാറാകണമെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടാണ് ഞാൻ ഈ പ്രമേയത്തിന് ഒരു ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളതു്. എന്റെ നിർദ്ദേശം പ്രമേയാവതാരകൻ സ്വീകരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു.

ശ്രീ. എൻ. നാരായണക്കുറുപ്പ്: തെങ്ങുകയററത്തൊഴിലാളികളെ മാത്രമല്ലാതെ പനയും മാവും മററും കയറുന്ന തൊഴിലാളികളെ ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നാണോ സ്നേഹിതന്റെ അഭിപ്രായം?

ശ്രീ. കെ. സി. എബ്രഹാം: തെങ്ങുകയററത്തൊഴിലാളികൾ ഒരു വലിയ വിഭാഗമുണ്ട്. മാവിലും പനയിലും മററു മരങ്ങളിലും കയറുന്നവരെക്കാൾ പ്രധാന വിഭാഗം ഇവരാണ്.

ശ്രീ. എൻ. നാരായണക്കുറുപ്പ്: പനയിലും മാവിലും കയറുന്നവർ വളരെ ചെറിയ വിഭാഗമാണെന്നാണോ പറയുന്നത്. അവരും മരം കയററത്തൊഴിലാളികളുടെ കൂട്ടത്തിൽ പെടുകയില്ലേ?

ശ്രീ. കെ. സി. എബ്രഹാം: ഏകദേശം അതു രണ്ടും രണ്ടു വിഭാഗമാണെന്നാണ് എനിക്കു തോന്നുന്നത്.

ശ്രീ. ടി. ഒ. ബാവാ: സർ, ശ്രീ. കുട്ടപ്പൻ കോയിക്കൽ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ സംബന്ധിച്ചിടത്തോളം യാതൊരു ഭേദഗതിയും കൂടാതെ അനുകൂലിക്കുന്നതിനാണ് ഞാൻ എഴുന്നേററു നിൽക്കുന്നത്. അതേ അവസരത്തിൽ, ആ പ്രമേയത്തിൽ ശ്രീ. കെ. സി. എബ്രഹാം അവതരിപ്പിച്ച ഭേദഗതിയെ ഞാൻ എതിർക്കുകയാണ്. എന്തുകൊണ്ടെന്നാൽ, തെങ്ങുകയറുന്ന തൊഴിലാളികൾ വളരെയധികം നമ്മുടെ സംസ്ഥാനത്തുണ്ട്, അവരുടെ ജോലിയും അപകടകരമാണ്. അതു ഞാൻ സമ്മതിക്കുന്നു. എങ്കിലും മരംകയററത്തൊഴിലാളികൾ എന്നതിനു പകരം, തെങ്ങുകയററത്തൊഴിലാളികൾ എന്നു ഭേദഗതി വരുത്തുന്നതു ശരിയല്ല. സർ, ഞങ്ങളുടെ നാട്ടിൽ ധാരാളം കമുകുകളുണ്ട്. വളരെ ഉയരമുള്ളതും, വളരെ ലോലവുമായ ഈ വൃക്ഷങ്ങളിൽ കയറുന്ന തൊഴിലാളികൾക്ക് തെങ്ങുകയററത്തൊഴിലാളികളെക്കാൾ കൂടുതൽ അപകടമുണ്ടാകുന്നതു സ്വാഭാവികമാണ്. മാത്രമല്ല, കമുകുകളിൽ കയറുന്ന തൊഴിലാളികൾക്ക് കൂടക്കൂടെയുള്ള കാററുമൂലമോ, അല്ലെങ്കിൽ കമുകിന്റെ ഉയരക്കൂടുതൽകൊണ്ടുള്ള ദൗർബ്ബല്യംകൊണ്ടോ അവ ഒടിഞ്ഞുപോകുന്നതിന്റെ ഫലമായിട്ട് പല സന്ദർഭങ്ങളിലും അപകടമരണങ്ങൾ ഉണ്ടാകാറുണ്ട്. അതുപോലെതന്നെ വിറകുവെട്ടു തൊഴിലാളികളുടെ കാര്യവും. വളരെ ഉയരമുള്ള വൃക്ഷങ്ങളുടെ ഉച്ചസ്ഥാനത്തു കയറി കോടാലിയും, വാക്കത്തിയും ഉപയോഗിച്ച് വിറകുവെട്ടുന്നതു കണ്ടാൽ നമുക്കുതന്നെ ഭയം തോന്നിപ്പോകും. തെങ്ങുകയററത്തൊഴിലാളികളെക്കാൾ കൂടുതൽ ജോലിയും അദ്ധ്വാനവും ഇവർക്കുണ്ട്. ഈവക തൊഴിലാളികളെ സംബന്ധിച്ചിടത്തോളവും നന്മയുണ്ടാകണമെങ്കിൽ, പൊതുവെ മരംകയററത്തൊഴിലാളികൾ എന്ന പരിഗണനയിൽ അവർക്കുവേണ്ട രക്ഷാവ്യവസ്ഥകൾ ചെയ്യുന്നതായിരിക്കും കൂടുതൽ പ്രയോജനം.

ശ്രീ. കെ. സി. എബ്രഹാം: വിറകുവെട്ടുന്ന തൊഴിലാളികളെക്കൂടി ഇതിൽ ഉൾപ്പെടുത്തണമെന്നാണോ മെംബർ പറയുന്നത്?

ശ്രീ. ടി. ഒ. ബാവാ: നിശ്ചയമായിട്ടും.

ശ്രീ. എൻ. നാരായണക്കുറുപ്പ്: തൊഴിലാളികൾ പ്ലാവുകളിലും മാവുകളിലും കയറുമ്പോൾ അവരെ ഭയങ്കരമായ വിധത്തിൽ നീററം കടിക്കുന്നുണ്ട്. അവരെക്കൂടി ഈ മിനിമം വേജസ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണോ?

<u>ശ്രീ. ടി. ഒ. ബാവാ</u>: തീർച്ചയായും വേണ്ടതാണ്. മരംകയറുന്ന തൊഴിലാളികളെപ്പററിയാണ് ഞാൻ പൊതുവെ പറയുന്നതു്. സർ, കായലോരപ്രദേശങ്ങളിലുള്ള തെങ്ങുകയററത്തൊഴിലാളികൾക്ക് നേരിടുന്ന പ്രയാസങ്ങൾ, പുഴകളുടെ തീരപ്രദേശങ്ങളിലുള്ള കമുകുവൃക്ഷങ്ങളിൽ കയറുന്നവർക്കും ഉണ്ടാകുന്നുണ്ടു്. പൊതുവെ പറയുന്നപക്ഷം, മരംകയററത്തൊഴിലാളികളിൽ കൂടുതൽ അപകടം പററുന്നതു് കമുകുകയററത്തൊഴിലാളികൾക്കാണ്. അതുകൊണ്ടു് ശ്രീ. കുട്ടപ്പൻ കോയിക്കൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയം യാതൊരു ഭേദഗതിയും കൂടാതെ പാസ്സാക്കണമെന്നു് ഞാൻ അപേക്ഷിക്കുകയും, അതേ അവസരത്തിൽ ശ്രീ. കെ. സി. എബ്രഹാമിന്റെ ഭേദഗതി തള്ളിക്കളയണമെന്നു ശുപാർശ ചെയ്യുകയും ചെയ്തുകൊള്ളുന്നു.

<u>ശ്രീ. കെ. കരുണാകരൻ</u>: സർ, തെങ്ങുകയററത്തൊഴിലാളികൾ എന്നു പറഞ്ഞാൽ, നാളികേരം ഇടുന്ന തൊഴിലാളികളെ മാത്രമല്ല, ഞാൻ വിവക്ഷിക്കുന്നതു്. ചെത്തുതൊഴിലാളികളുടെ കാര്യമാണ് എനിക്കു പ്രധാനമായി പറയാനുള്ളതു്. സർ, ഇന്നു ചെത്തുതൊഴിലാളികളുടെ നില ഒരു അനിശ്ചിതാവസ്ഥയിലാണ്. അവർക്ക് എല്ലാ ദിവസവും ജോലിയുണ്ടെങ്കിലും അവരുടെ തൊഴിലിനെ സംബന്ധിച്ച് സ്ഥിരമായ ഒരു വ്യവസ്ഥയില്ല. ഈ കൂട്ടരുടെ കൂലിനിരക്കാണെങ്കിൽ പല സ്ഥലത്തും വ്യത്യസ്തമായ നിലയിലാണ് കണ്ടുവരുന്നതു്. തന്മൂലം തൊഴിൽക്കുഴപ്പങ്ങൾക്ക് കാരണമുണ്ടാകുന്നുമുണ്ടു്. കൂലിയെ സംബന്ധിച്ചിടത്തോളം ഇങ്ങനെയുണ്ടാകുന്ന തൊഴിൽക്കുഴപ്പം ഒഴിവാക്കാൻവേണ്ടിയുള്ള ഒരു നിയമം നടപ്പിലാക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. സർ, ഓരോ വർഷവും കള്ളുഷാപ്പുകൾ ലേലംചെയ്താൽ ലേലംപിടിക്കുന്ന കൺട്രാക്ടർമാർ അവർക്ക് ഇഷ്ടമുള്ള കുറെ ചെത്തുതൊഴിലാളികളെ സ്വീകരിക്കുന്നു. തന്നിമിത്തം അവിടെ മുൻപുണ്ടായിരുന്ന തൊഴിലാളികൾക്ക് ജോലികിട്ടാതെ വരികയും ചെയ്തിരുന്നു. ഷാപ്പുടമകൾ വർഷംതോറും ചെത്തുതൊഴിലാളികളെ മാറിമാറി എടുക്കുന്നതുകൊണ്ടു് ഉണ്ടായിട്ടുള്ള തൊഴിലില്ലായ്മയെ പരിഗണിച്ചു് ചെത്തുതൊഴിലാളികൾ സംഘടിതരായി നടത്തിയിട്ടുള്ള പ്രക്ഷോഭണത്തിന്റെ ഫലമായി കുറെയൊക്കെ പരിഹാരം ഇന്നു ഉണ്ടായിട്ടുണ്ടെന്നുവേണം കരുതുവാൻ. സർ, തൃശ്ശൂർ താലൂക്കിൽ, ഒരു വിധത്തിലുള്ള കൂലിനിരക്കും മുകുന്ദപുരത്തു് മറെറാരു വിധത്തിലും, പറവൂർ, ചേർത്തല താലൂക്കുകളിൽ വേറൊരുതരത്തിലുമാണ് കൂലിനിരക്കു വച്ചിരിക്കുന്നതു്. തൃശ്ശൂ വടപ്പുരിൽ കള്ളുഷാപ്പുടമസ്ഥന്മാർ അവിടെ മുകുന്ദപുരത്തേക്കാൾ കൂലി കൂടുതലായതുകൊണ്ടു് മുകുന്ദപുരം താലൂക്കിൽനിന്നും കള്ളുചെത്തിച്ചുകൊണ്ടുവരികയാണു പതിവ്. കാരണം മുകുന്ദപുരത്തു കൂലി കുറവാണെന്നുള്ളതുതന്നെ. ഇപ്പോൾതന്നെ, അന്തിക്കാട്ട് ഇരുനൂറിൽപരം ചെത്തുതൊഴിലാളികളെ പിരിച്ചുവിട്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം ഒരു തൊഴിലാളിക്ക് ഒരുപറ കള്ളു് ചെത്തിയെടുക്കുന്നതിന് 3 രൂപ 2 അണ കൊടുത്തുകൊണ്ടിരുന്നതു് 3 രൂപയായി കുറച്ചു. അതിന്റെ ഫലമായി തൊഴിലാളികൾ പ്രക്ഷോഭണം ഉണ്ടാക്കുകയും, ഷാപ്പുടമകൾ പഴയ റേറതന്നെ കൊടുക്കാമെന്നു സമ്മതിക്കുകയും ചെയ്തെങ്കിലും ഇതുവരെ അതു് പ്രായോഗികമായിട്ടില്ല. ഷാപ്പുടമകൾ പറയുന്നതു്, അവിടെ ഒരുപറക്കള്ളിന് 3 രൂപ 2 അണ കൂലി കൊടുക്കു

[ശ്രീ. കെ. കരുണാകരൻ]

മ്പോഠം, മുകുന്ദപുരത്തു് 2 രൂപ 12 അണ മാത്രമേ കൊടുക്കുന്നുള്ളു എന്നാണു്. ഇങ്ങനെ വ്യത്യസ്തമായ കൂലിനിരക്കു് ഏകീകരിക്കുന്ന കാര്യത്തിൽ ഗവണ്മെൻറു് നടപടികഠം എടുക്കേണ്ടതാണു്. സർ, എൻെറ അഭിപ്രായത്തിൽ ഷാപ്പുടമകഠം ലേലംകൊള്ളുന്ന അവസരത്തിൽത്തന്നെ ചെത്തുതൊഴിലാളികളുടെ കൂലികൂടി കണക്കാക്കപ്പെടുത്തണമെന്നു് ഗവണ്മെൻറിൽനിന്നും ഒരു വ്യവസ്ഥയുണ്ടാക്കുന്നതു് നന്നായിരിക്കും. അതുകൊണ്ടു് എനിക്കു പറയാനുള്ളതു്, ഇത്തരം തൊഴിലാളികളെ സംബന്ധിച്ചു് മുൻകൂട്ടി ഷാപ്പുടമകളെക്കൊണ്ടു് കൂലി കണക്കാക്കപ്പെടുത്തണമെന്നും, അങ്ങനെ ചെയ്താൽ, ഇവരുടെ ഇടയിലുള്ള തൊഴിൽക്കുഴപ്പം ഒഴിവാക്കാമെന്നുമാണു്. പ്രോഹിബിഷൻ രാജ്യവ്യാപകമാക്കണമെന്നുതന്നെയാണു് എൻെറ ആഗ്രഹമെങ്കിലും, എല്ലാ സ്ഥലത്തും പ്രോഹിബിഷൻ നടപ്പാക്കുന്നതുവരെ ചെത്തുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം യാതൊരു വിധമായ തൊഴിൽക്കുഴപ്പവും ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ഗവണ്മെൻറു് ഇടപെട്ടു് അടിയന്തിരമായ നടപടികഠം നടത്തണമെന്നു് ഉൽബോധിപ്പിച്ചുകൊണ്ടു് പ്രമേയത്തിൻെറ തത്വത്തോടു യോജിക്കുന്നു.

<u>ശ്രീ. കെ. കൊച്ചുകുട്ടൻ</u> : സർ, ഞാൻ ശ്രീ. ഏബ്രഹാമിൻെറ ഭേദഗതിയെ അനുകൂലിച്ചുകൊണ്ടു് സഭയുടെ മുമ്പിലുള്ള പ്രമേയത്തെ അനുകൂലിക്കുന്നു. ഒരു തെങ്ങുകയററത്തൊഴിലാളിയുടെ പുത്രൻ എന്നുള്ള നിലയിൽ, ആ കൂട്ടർ അനുഭവിച്ചുകൊണ്ടിരിക്കുന്ന വിഷമതകളെപ്പററി ചില അനുഭവങ്ങഠം എനിക്കു പറയാനുണ്ടു്. സർ, വളരെ അധികം അദ്ധ്വാനമുള്ളതും, അതേ അവസരത്തിൽ വളരെ അപകടമുള്ളതുമായ ഒരു തൊഴിലാണു് തെങ്ങുകയററത്തൊഴിലാളികളുടേതു്. കേരളക്കരയിലാണു് ഈ തൊഴിൽ അധികമുള്ളതു്. പല ജാതിപ്പേരിൽ അറിയുന്നവരാണു് ഈ തൊഴിലാളികഠം. എന്നാൽ വർഗ്ഗബോധത്തോടുകൂടി സംഘടിച്ചുനിന്നുകൊണ്ടു ന്യായമായ കൂലി വാങ്ങാനുള്ള സന്ദർഭം അവർക്കിതുവരെ ഉണ്ടായിട്ടില്ലെന്നുവേണം പറയാൻ. പ്രമേയത്തിൻെറ പ്രയോക്താവു് കൂലിനിരക്കിൽ ഏകീകരണം വരുത്തണമെന്നാണു് പറഞ്ഞിരിക്കുന്നതു്, ഞാൻ അതിനോടു യോജിക്കുന്നില്ല. കുറഞ്ഞ കൂലി നിജപ്പെടുത്തണമെന്നല്ലാതെ, കൂടുതൽ കൂലി കൊടുക്കുന്നതിനെ നിയമംകൊണ്ടു തടയണമെന്നില്ല. വടക്കൻ താലൂക്കുകളിൽ നൂറു തെങ്ങുകയറിയാൽ കിട്ടുന്ന കൂലി മൂന്നുരൂപയാണു്. എന്നാൽ കൊടുങ്ങല്ലൂർ പറവൂർ മുതലായ ഇടങ്ങളിൽ നൂറു തെങ്ങുകയറുമ്പോഠം കൊടുക്കുന്നതു രണ്ടരരൂപയും അതിൽ കുറവുമാണു്. നല്ല കായശേഷിയുള്ള ഒരു തൊഴിലാളി ഒരു ദിവസം അറുപതു തെങ്ങിൽ കൂടുതൽ കയറുകയില്ല. അങ്ങനെ അയാഠംക്കു ഒരു ദിവസം കിട്ടാവുന്ന കൂലി എത്ര തുച്ഛമാണെന്നു കണക്കാക്കാവുന്നതാണു്. വളരെ അപകടകരവും, അതേസമയത്തു ദേഹാദ്ധ്വാനമുള്ളതുമായ ഒരു തൊഴിലാണിതെന്നു ഇവിടെ പലരും പറഞ്ഞു. അതു വളരെ ശരിയാണു്. തെങ്ങുകയററത്തിൽ ചിലപ്പോഠം വീഴാറുണ്ടു്, വീണാൽ വീണ പറമ്പിൽ തല കാണുകയില്ല. ഇതാണു ജോലിയുടെ സ്വഭാവം. ഇങ്ങനെയുള്ള ജീവാപായമുണ്ടാകുന്ന തൊഴിലിനു് അർഹിക്കുന്ന കൂലി കൊടുക്കുന്നതിനുവേണ്ടിയാണു് മിനിമം വേജസ്സുകമ്മിററിയെ നിയമിച്ചിട്ടുള്ളതു്. അതേ അവസരത്തിൽ ഞാൻ കമുകു കയററത്തൊഴിലാളികളെക്കൂടി മിനിമം വേജസിൽ

ഉൾപ്പെടുത്തണമെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. എന്നാൽ എന്റെ മാന്യസ്നേഹിതൻ മി. നാരായണക്കുറുപ്പ് പറഞ്ഞതുപോലെ, പ്ലാവ്, മാവിലൊ, മുരിങ്ങയിലൊ കയറുന്ന തൊഴിലാളികളെ തെങ്ങുകയററത്തൊഴിലാളികളോടൊപ്പം പരിഗണിക്കേണ്ട ആവശ്യമില്ലെന്നാണ് എന്റെ വിശ്വാസം. ഇത്തരം മരം കയററം ചില പ്രത്യേക കാലങ്ങളിൽമാത്രമാണ നടക്കുന്നതു്. അതിന് അവർ ശരിയായ കൂലി വാങ്ങിക്കുന്നുമുണ്ടായിരിക്കും. കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം കുറഞ്ഞ കൂലി ക്ലിപ്തപ്പെടുത്താൻ നിയോഗിക്കപ്പെട്ട കമ്മററി തെങ്ങുകയററത്തൊഴിലാളികളുടെ മിനിമംവേജസുകൂടി ക്ലിപ്തപ്പെടുത്തിയാൽ മതിയാകുമെന്നാണ് എനിക്കു തോന്നുന്നതു്. തെങ്ങുകയററത്തൊഴിലാളികളുടെ കാര്യവും ഈ കമ്മററിക്ക് Refer ചെയ്യുന്നാൽ മതിയാകും. ആ കാര്യത്തിൽ ഗവണ്മെന്റ ശ്രദ്ധചെലുത്തി കാണുവാൻ ഞാനാവശ്യപ്പെടുന്നു.

ശ്രീ. കെ. എ. ശിവരാമഭാരതി : സർ, തെങ്ങുകയററത്തൊഴിലാളികളുടെ മിനിമം വേജസിനെപ്പററി ചർച്ചചെയ്യുന്ന ഈയവസരത്തിൽ, എന്റെ നിയോജകമണ്ഡലത്തിലുള്ള ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളെ സംബന്ധിച്ചുള്ള വിവരങ്ങൾകൂടി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാനാഗ്രഹിക്കുന്നു. അവിടെ ചെത്തുതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ഇവിടുത്തെ തിരുവനന്തപുരത്തുമുള്ള തൊഴിലാളികളെ അപേക്ഷിച്ച് വ്യത്യസ്തമായ നിലയാണുള്ളതു്. അവിടെ ചെത്തുതൊഴിലാളികൾ കള്ളു ചെത്തുന്നതു് തെങ്ങിൽനിന്നല്ല, പനകളിൽനിന്നാണ്. അതുപോലെതന്നെയാണ് വടക്കാഞ്ചേരി, പഴയന്നൂർ മുതലായസ്ഥലങ്ങളിലും ചെത്തുതൊഴിലാളികളെ സംബന്ധിച്ച്, മിനിമംവേജസ് നടപ്പാക്കാൻ തുടങ്ങുമ്പോൾ പനചെത്തുന്ന തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തണമെന്നാണ എന്റെ അഭിപ്രായം.

ശ്രീ. കെ. കൊച്ചുകുട്ടൻ : ചെത്തുതൊഴിലാളികളെ സംബന്ധിച്ച് മിനിമംവേജസു നടപ്പാക്കുമ്പോൾ, അതിന്റെ പരിധിയിൽ പനചെത്തുതൊഴിലാളികളും ഉൾപ്പെടുകയില്ലേ?

ശ്രീ. കെ. എ. ശിവരാമഭാരതി : അവരെ അവഗണിക്കാൻ പാടില്ലെന്നു ഞാൻ ഒന്നുകൂടി പറയുന്നു എന്നേയുള്ളു.

ശ്രീ. എം. വി. ചെറിയാൻ : തെങ്ങിൻതോപ്പുപോലെ പനയും കൂട്ടംകൂട്ടമായി നിൽക്കുകയാണോ, ആ സ്ഥലങ്ങളിൽ?

ശ്രീ. കെ. എ. ശിവരാമഭാരതി : തെങ്ങുംതോപ്പുപോലെതന്നെയാണ് അവിടെയുള്ള പനംതോപ്പുകളും. ഏകദേശം മൂവായിരം കുടുംബങ്ങളാണ് ഇന്നു ഈ പ്രദേശങ്ങളിൽ പനചെത്തുതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നതു്.

ഇപ്പോൾ പ്രൊഹിബിഷൻ ഏർപ്പെടുത്തിയ കാരണത്താൽ അവിടെയുള്ള തൊഴിലാളികൾക്ക് വാസ്തവത്തിൽ ആവശ്യത്തിനു തീരെ പോരാത്ത ഒരു കൂലിയാണ് കിട്ടിക്കൊണ്ടിരിക്കുന്നതു്. ഇന്നു് ചക്കരക്കള്ളിനുവേണ്ടി ചെത്തുന്ന ഒരു തൊഴിലാളി മൂന്നുനേരം, കാലത്തും, ഉച്ചയ്ക്കും, വൈകിട്ടും പനയിൽ കയറണം. ഇതിനു ഒരു രൂപയിൽ കുറവായ കൂലിയാണ് അവർക്കു കിട്ടുന്നതു്. അയാളും അയാളുടെ കുടുംബവും കുട്ടികളുംകൂടി ജോലിചെയ്യുന്നാൽ മാത്രമേ ഇത്രയും കിട്ടുകയുള്ളു. കള്ള് എല്ലായ്പ്പോഴും

[ശ്രീ. കെ. എ. ശിവരാമഭാരതി]

ഒരുപോലെ കിട്ടുകയില്ല. ചില സമയത്തുമാത്രമേ കൂടുതൽ കള്ള് കിട്ടുകയുള്ളു. ഏതാണ്ട് ജനുവരി ഫെബ്രുവരി മാസമാകുമ്പോൾ കള്ള് കുറഞ്ഞുതുടങ്ങും. അങ്ങനെ കള്ള് കുറവാകുന്ന അവസരങ്ങളിൽ പനചെത്തുന്ന തൊഴിലാളിക്ക് എട്ടണപോലും കൂലി കിട്ടുന്നില്ല. പ്രോഹിബിഷൻ വന്നതിനുശേഷം ഈ രാജ്യത്തെ ഒരു നല്ല ജനവിഭാഗത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണ് ഇത്. അവർക്കു ജീവിതത്തിനു മതിയായ കൂലികിട്ടുന്നില്ല. നിവൃത്തിയുള്ളിടത്തോളം അവർക്കു ജീവിക്കുവാൻ ആവശ്യമായ കൂലികിട്ടത്തക്ക അന്തരീക്ഷം ആ വ്യവസായത്തിനു ഉണ്ടാകത്തക്കവണ്ണം വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചക്കരക്കള്ളിൽനിന്നും കരുപ്പട്ടിയാണുണ്ടാക്കുന്നത്. ആ വ്യവസായം പുഷ്ടിപ്പെടുന്നതിനുള്ള സൗകര്യം ഇപ്പോൾ കുറവാണ്. ശരിയായ മാർക്കററ് ഇല്ലാത്തതുകൊണ്ട് ആ വ്യവസായം അധഃപതിച്ചുവരുന്നു. നല്ല മാർക്കററ് കണ്ടുപിടിച്ചാൽ, അതിനുവേണ്ട സൗകര്യങ്ങളും സഹായസഹകരണങ്ങളും ചെയ്യാൻ ഗവണ്മെന്റിനു തയ്യാറുണ്ടെങ്കിൽ ഈ തൊഴിലാളികൾക്ക് ഒരു വിധത്തിലുള്ള കൂലിയെങ്കിലും കിട്ടിയേക്കും. ഇതു സംബന്ധിച്ച് പ്രവർത്തിക്കുവാൻ പാംഗ്രർ ഇൻസ്പെക്ടറന്മാരും മററു ഉദ്യോഗസ്ഥന്മാരുമുണ്ട്. അവർക്ക് ഈ വിഷയത്തിൽ ഒന്നും ചെയ്തുകൊടുക്കുവാൻ സാധിച്ചിട്ടില്ല. അവരെയും കുററം പറഞ്ഞിട്ടു കാര്യമില്ല. അവർക്ക് ഇക്കാര്യത്തിൽ ശരിയായി പ്രവർത്തിക്കുവാനുള്ള സൗകര്യം ഗവണ്മെന്റിൽനിന്നു കിട്ടുന്നില്ലെന്നാണു പറയുന്നത്. വേണ്ട സഹായം യഥാസമയം ഇവർക്കു ഗവണ്മെന്റ് ചെയ്തുകൊടുക്കുമെങ്കിൽ, ഈ ഉദ്യോഗസ്ഥന്മാർ പുറത്തുനിന്നും പരിശീലനം ചെയ്തുവന്നിട്ടുള്ളവരാണ്, അതുകൊണ്ട് ഇതിനെപ്പററി കൂടുതൽ ഫലപ്രദമായി അവർക്കു ഇക്കാര്യത്തിൽ പ്രവർത്തിക്കാൻ സാധിക്കും. ഇക്കാര്യത്തെപ്പററി പറയുമ്പോൾ എനിക്ക് പ്രത്യേകിച്ച് എടുത്ത് പറയാനുള്ളത് ചിററൂർതാലൂക്കിലെ ചെത്തുതൊഴിലാളികളെപ്പററിയാണ്. എന്തെന്നാൽ അവർക്കാണു കൂടുതൽ അവശതയുള്ളത്. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഞാൻ ഈ വാദപ്രതിവാദത്തിൽ പങ്കുകൊള്ളുന്നത് ചെത്തുതൊഴിലാളികൾക്ക് വർക്ക്മെൻസ് കാമ്പൻസേഷൻ ആക്റ്റ് അടിയന്തിരമായി ബാധകമാക്കേണ്ട കാര്യത്തെപ്പററി പറയുവാനാണ്. സെൻട്രൽ വർക്ക്മെൻസ് കാമ്പൻസേഷൻ ആക്റ്റ് 1923-ൽ പാസാക്കിയ ഒരു ആക്റ്റാണ്. അത്രയും മുൻപ് പാസാക്കിയ ആ ആക്റ്റിൽ മൂന്നാമത്തെ വകുപ്പിൽ ഇങ്ങനെ പറയുന്നുണ്ട്:—

"If personal injury is caused to a workman by accident arising out of and in the course of his employment, his employer shall be liable to pay compensation in accordance with the provisions of this Chapter."

ഒരു തൊഴിലാളി ഏതെങ്കിലും ഒരു മുതലാളിയുടെ കീഴിൽ വേല ചെയ്യുമ്പോൾ അയാൾക്കു ഏതെങ്കിലും വിധത്തിൽ അപായം നേരിടുകയാണെങ്കിൽ അയാൾ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ അയാൾക്കോ, മരിക്കുകയാണെങ്കിൽ അയാളെ ആശ്രയിച്ചു ജീവിക്കുന്നവർക്കോ കാമ്പൻസേ

ഷൻ കൊടുക്കണമെന്നുള്ള തത്വം 1923-ൽത്തന്നെ ഇൻഡ്യാഗവണ്മെന്റ സ്വീകരിച്ചിട്ടുണ്ട്. ആ നിയമം ഇന്ന് നമ്മുടെ രാജ്യത്തും നിലവിലുണ്ട്. പക്ഷെ ആ നിയമത്തിൽ തൊഴിലാളികളെപ്പററി കൊടുത്തിട്ടുള്ള ഡെഫനിഷൻ മൂലം തെങ്ങുകയററത്തൊഴിലാളികൾക്കും ചെത്തുതൊഴിലാളികൾക്കും അതു ബാധകമാകുന്നില്ല. തൊഴിലാളികളെപ്പററിയുള്ള ഡെഫനിഷൻ ഇതാണ്.

" 'Workman' means any person other than a person whose employment is of a casual nature and who is employed otherwise than for the purposes of the employer's trade or business."

അപ്പോൾ തെങ്ങുകയററത്തൊഴിലാളികൾ പലരും ഈ ആക്ററിൽ പറയുന്ന കാഷ്വൽ എംപ്ലായിസിൽപ്പെട്ടതാവുന്നതാണ്. എന്നാൽ ചെത്തുതൊഴിലാളികൾ കാഷ്വൽ ആണോ അതോ സ്ഥിരമായ തൊഴിലാളികളാണോ എന്നുള്ള കാര്യം ഗവണ്മെന്റ ആലോചിക്കേണ്ടതാണ്. ഇവിടെ തെങ്ങുചെത്തുതൊഴിലാളികൾക്ക് ഏററവും കുറഞ്ഞ കൂലി എന്താണ്' എന്നാലോചിക്കുന്ന അവസരത്തിൽ അവക്ക് അപായം നേരിട്ടാൽ എന്താണ് പരിഹാരം എന്നു ചോദിക്കുകയുണ്ടായി. പരിഹാരത്തിനു എളുപ്പമായമാർഗ്ഗം ഈ വർക്കമെൻസ് കാമ്പൻസേഷൻ ആക്ററ അവരെക്കൂടി ബാധമാക്കുക എന്നുള്ളതാണ്. അങ്ങനെ ബാധകമാക്കുന്നതിനു നിയമസംബന്ധമായി എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ നിയമനിർമ്മാണംകൊണ്ട് അതു മാററുകയാണ വേണ്ടതു്. ഇൻഡ്യയിൽ മററുള്ളിടത്തേക്കാൾ കൂടുതൽ തെങ്ങുകയററത്തൊഴിലാളികൾ ഇവിടെ ഉള്ളതുകൊണ്ട്, നമ്മുടെ രാജ്യത്തെ ജനങ്ങളിൽ ഒരു നല്ല ശതമാനം ആളുകൾ ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരോ, അല്ലെങ്കിൽ, ഏർപ്പെട്ടിട്ടുള്ളവരുമായി ബന്ധപ്പെട്ടവരോ ആയതുകൊണ്ട്, ഈ നിയമം അവരെക്കൂടി ബാധിക്കത്തക്കവിധത്തിലാക്കുന്നതു് നന്നായിരിക്കും. അങ്ങനെ കാമ്പൻസേഷൻ കൊടുക്കുന്നതിനു ഇവിടത്തെ ഭൂഉടമകളുടെ സമ്പ്രദായംമൂലം വളരെ വിഷമമുണ്ടാകുമെന്നു ശ്രീ. കുഞ്ഞച്ചൻ പറഞ്ഞകാര്യം എനിക്കു വളരെ ഗണനീയമായി തോന്നി. ഒരു തൊഴിലാളി മരിച്ചാൽ, അല്ലെങ്കിൽ വേലചെയ്യാൻ പാടില്ലാത്തവിധത്തിൽ ദേഹാപായമുണ്ടായാൽ ആയിരംരൂപ അവക്കു കാമ്പൻസേഷൻ കൊടുക്കേണ്ടി വരും. നാലോ അഞ്ചോ, പത്തോ പന്ത്രണ്ടോ സെൻറമാത്രം വിസ്താരമുള്ള ഭൂമി അത്രം പാട്ടമായോ മററോ മാത്രം കൈവശം വച്ചുകൊണ്ടിരിക്കുന്ന, ആളുകളായിരിക്കും തെങ്ങുകയററം നടത്തുന്ന ഭൂമിയുടെ ഉടമസ്ഥൻ. ആ ഉടമസ്ഥനെക്കൊണ്ട് ഇത്രയും രൂപ കാമ്പൻസേഷൻ കൊടുക്കാൻ സാധിക്കുമോ ? ഈ ആക്ററിൽ പറയുന്ന കാമ്പൻസേഷൻ മുതലാളിമാരെ സംബന്ധിച്ചുള്ളതാണ്. അതുകൊണ്ട് നമ്മുടെ ഗവണ്മെൻറും ഈ നിയമസഭയും ഇങ്ങനെയുള്ള തൊഴിലാളികൾക്ക്, രാജ്യത്തിന്റെ ഒരററം മുതൽ മറേറ അററംവരെ തെങ്ങായാലും പനയായാലും അടയ്ക്കാമരമായാലും നമ്മുടെ എല്ലാ കരകളിലും ദേശങ്ങളിലും ഉള്ളതുകൊണ്ട് തിരുവിതാംകൂർ-കൊച്ചി പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക കാര്യമായി കണക്കാക്കി ഇക്കാര്യത്തിൽ ഒരു പരിഹാരം ഉണ്ടാക്കാൻ നിവൃത്തിയില്ല. ഒരു മാർഗ്ഗം ഞാൻ കാണുന്നതു്, ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവക്ക് ആപത്തുണ്ടാകുമ്പോൾ കൊടുക്കുന്നതിനു ഒരു ഫണ്ടുണ്ടാക്കുക എന്നുള്ളതാണ്. ഒസ്സററനിയമത്താൽ മാത്രമേ അങ്ങനെ ഒരു ഫണ്ടുണ്ടാ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

കുവാൻ നിവൃത്തിയുള്ളു. തെങ്ങ്, അടക്കാമരം മുതലായ വൃക്ഷങ്ങളുള്ള ഉടമസ്ഥന്മാരുടെ പക്കൽനിന്നും ഇതിലേയ്ക്ക് ഒരു സർച്ചാർജ്ജ് ഈടാക്കുന്നതിലും വിരോധമില്ല. എംപ്ലോയീസ് സ്റ്റേററ ഇൻഷ്വറൻസ് ആക്റ്റ് എന്നു പറഞ്ഞ് ഒരു നിയമം ഇപ്പോൾ പാസ്സാക്കിയിട്ടുണ്ട്. അതിന്റെ തത്വം ഇതാണ്. എല്ലാം എംപ്ലോയീസിനോടും എംപ്ലോയിസീന് പ്രതിഫലം കൊടുക്കുവാൻ വേണ്ട സംഖ്യ പിരിക്കുക എന്നുള്ളതാണ് ആ ആക്റ്റുകൊണ്ട് ഉദ്ദേശിക്കുന്നത്. അതുപോലെ ഒരു ഫണ്ട് ചെത്തുതൊഴിലാളികൾക്കും തെങ്ങുകയററത്തൊഴിലാളികൾക്കും അപായം നേരിടുമ്പോൾ പ്രതിഫലം കൊടുക്കുവാൻവേണ്ടി ഉണ്ടാക്കണം. അതു ഗവണ്മെന്റിനു മാത്രം സ്വാധീനമുള്ള ഒരു ഫണ്ടായിരിക്കണം. ഈ തത്വം സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട ലേബർമന്ത്രി ഒരുങ്ങുകയാണെങ്കിൽ അതിനേക്കാൾ ഗൗരവമുള്ള മറെറാരു തത്വം സ്വീകരിക്കുവാൻകൂടി ഇടയാകുന്നതാണ്. സോഷ്യൽ ഇൻഷ്വറൻസ് എന്ന നിലയിൽ ഈ ഫണ്ടിനെ രൂപാന്തരപ്പെടുത്തി മററു തരത്തിൽ ഉപയോഗപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. അതുകൊണ്ട് ആ വഴിയിൽക്കൂടി ബഹുമാനപ്പെട്ട ഗവണ്മെന്റ് ചിന്തിച്ചാൽ കൊള്ളാമെന്നു ഉൽബോധിപ്പിക്കുവാൻവേണ്ടി ഞാൻ ഈ വാദപ്രതിവാദത്തിൽ പങ്കുകൊണ്ടതാണ്.

ശ്രീ. പി. കെ. കുഞ്ഞ്: സർ, ഈ സഭയുടെ പര്യാലോചനയ്ക്ക് അവതരിപ്പിക്കപ്പെട്ടിരിക്കുന്ന നിശ്ചയത്തിൽ അടങ്ങിയിരിക്കുന്ന തത്വത്തോട് അല്ലെങ്കിൽ ഉന്നയിക്കുന്ന ആവശ്യത്തോട് അനുകൂലിക്കുവാൻ എനിക്കും സന്തോഷമുണ്ട്. ഇവിടെ വിവിധവിഭാഗം തൊഴിലാളികളുടെ കൂലി ക്ലിപ്തം ചെയ്തുകഴിഞ്ഞിട്ടുണ്ട്. മരംകയററ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അത് തെങ്ങുകയററത്തൊഴിലാളികളാണോ അതോ മരം കയററത്തൊഴിലാളികളെ മൊത്തമായി ഉൾക്കൊള്ളുന്നവിധത്തിൽ ആണോ എന്നു നിശ്ചയിക്കുന്നതിനുമുമ്പ് ഇന്നു വാസ്തവത്തിൽ ഈ നാട്ടിൽ എവിടെ നോക്കിയാലും തുറിച്ചുനോക്കുന്ന ഒരു പ്രശ്നം ചെത്തുതൊഴിലാളികളുടെ പ്രക്ഷോഭണമാണെന്നുള്ളത് മനസ്സിലാക്കേണ്ടതാണ്. അതിന്റെ പരിഹാരത്തിനായുള്ള നടപടികൾ ഗവണ്മെന്റ് യഥാകാലം എടുത്തുകൊണ്ടിരിക്കുകയാണ്. ചെത്തുതൊഴിലാളികളെ ന്യായമായ കാരണങ്ങൾ കൂടാതെ പിരിച്ചുവിടുന്നു എന്ന നിവേദനം കിട്ടിക്കൊണ്ടിരിക്കുകയാണ്. ഷാപ്പുടമസ്ഥന്മാർ ഇങ്ങനെയുള്ള തൊഴിലാളികളെ പിരിച്ചുവിടുവാൻ പാടില്ലാത്ത ഒരു നിയമം ഇപ്പോൾ ഇവിടെയില്ല. കോൺട്രാക്റ്റ സിസ്റ്റപ്രകാരം ഷാപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഷാപ്പുകൾ ലേലംചെയ്തു കൊടുക്കുമ്പോൾ അതുവരെ പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ അടുത്തകൊല്ലംപിരിച്ചുവിടാതിരിക്കാനും മുൻകൊല്ലത്തിൽ വേലചെയ്തുകൊണ്ടിരുന്ന ആളുകളെത്തന്നെ തുടർന്നുകൊണ്ടുപോകാൻ അനുവദിക്കുന്നതിനും ഷാപ്പു കോൺട്രാക്റ്റർമാരെ നിർബന്ധിക്കുന്നതിനുള്ള വ്യവസ്ഥകൂടി എന്തെങ്കിലും ചെയ്യണമെന്ന് ഗവണ്മെന്റ നിർദ്ദേശിച്ചിരിക്കുകയാണ്. അടുത്ത കൊല്ലം ആ നിർദ്ദേശം അനുസരിച്ച് പ്രവർത്തിക്കുന്നപക്ഷം അനാവശ്യമായി തൊഴിലാളികളെ പിരിച്ചുവിടുന്ന സമ്പ്രദായം താനേ തന്നെ നിന്നുപോകുമെന്നുള്ളതിൽ തർക്കമില്ല. അങ്ങനെ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

കൂലിയെപ്പററിയാണെങ്കിൽ, കൂലി ഏകീകരിക്കണമോ അതല്ലാ ക്ലാസ്സിഫൈ ചെയ്യണമോ എന്ന് രണ്ടുതരത്തിൽ അഭിപ്രായമുണ്ട്. വളരെ കൂടുതൽ കൂലി കിട്ടുന്ന ചില ഭാഗങ്ങളും ഉണ്ട്. കൂലി ഏകീകരിക്കുകയാണെങ്കിൽ ആ കൂലി കുറഞ്ഞുപോകും. ഏററവും കുറഞ്ഞ കൂലി ക്ലിപ്തപ്പെടുത്തുക മാത്രമാണ് ചെയ്യുന്നതെങ്കിൽ കുഴപ്പമൊന്നുമില്ല. ശ്രീ. കൊച്ചുകുട്ടൻ പറഞ്ഞമാതിരി കർഷകത്തൊഴിലാളികളുടെ കൂട്ടത്തിൽ ഇവരെ ഉൾപ്പെടുത്തണമോ അതോ വ്യവസായത്തൊഴിലാളികളുടെ കൂട്ടത്തിൽ പ്പെടുത്തണമോ എന്ന കാര്യവും പ്രത്യേകം ചിന്തിക്കേണ്ടതുണ്ട്. തെങ്ങുകയററത്തൊഴിലാളികളുടെ കാര്യം മാസാമാസത്തിൽ മാത്രം വരുന്നതും ചെത്ത് തൊഴിലാളികളുടേത് ദിവസംതോറും ഉള്ളതുമാണ്. ആ നിലയിൽ ചെത്തുതൊഴിലാളികളെ വ്യവസായത്തൊഴിലാളികളുടെ പരിഗണനയിൽ എടുക്കുകയാണോ വേണ്ടത്, അതോ ഇവരെ എല്ലാപേരെയും മൊത്തമായി കർഷകത്തൊഴിലാളികളുടെ പരിധിയിൽപ്പെടുത്തി മിനിമം വേജസ് നിശ്ചയിക്കണമോ എന്ന കാര്യത്തെപ്പററി പര്യാലോചിക്കേണ്ടതുണ്ട്. ഏതായാലും ഇതേപ്പററി ആലോചിക്കേണ്ടതുണ്ട്; ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുമുണ്ട്.

ഇന്നു നിലവിലിരിക്കുന്ന വർക്ക്മെൻസ് കാമ്പൻസേഷൻ ആക്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസായത്തൊഴിലാളികളുടെ കൂട്ടത്തിൽ 4 P. M. മരംകയററത്തൊഴിലാളികൾ പെടുന്നില്ല എന്ന് ഇവിടെ ഉന്നയിച്ചുതായി കേട്ടു. മിനിമം വേജസ് ക്ലിപ്തപ്പെടുത്തണമെന്നും ചർച്ചാവിഷയമായിക്കണ്ടു. ഇതിലേയ്ക്ക് മിനിമംവേജസ്കമ്മിററി രൂപീകരിക്കണം. അങ്ങിനെ നിയമിക്കുന്ന മിനിമം വേജസ് കമ്മിററിയാണ് കൂലിനിശ്ചയിക്കേണ്ടത്. ചെത്തുതൊഴിലാളികളുടെ നിലവിലിരിക്കുന്ന കൂലി വ്യവസ്ഥ കൺട്രാക്ടറന്മാർക്ക് ഹാനികരമാണെന്ന് ആക്ഷേപമുണ്ട്. അത് എത്രത്തോളം സ്വീകാര്യമാണ്; അതാണോ നാം സ്വീകരിക്കേണ്ടത്, അതോ നാട്ടിലുള്ള തൊഴിലാളികളുടെ ജീവിതാവശ്യങ്ങൾക്കു വേണ്ടി അടിയന്തിരമായി വല്ലതും ചെയ്യുകയോ വേണ്ടത് എന്നുള്ള കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ ഇരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ചാലക്കുടി മെംബർ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.........

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോൾ നിലവിലിരിക്കുന്ന വർക്ക്മെൻസ് കാമ്പൻസേഷൻ ആക്ററിൻെറ ഷെഡ്യൂൾ രണ്ടിൽ ഇതു വരുന്നുണ്ട്.

> "The following persons are workmen within the meaning of Section 2(1) (n) and subject to the provisions of that section, that is to say, any person who is—
>
> (xxiii) employed in the tapping of palm trees or the felling or logging of trees, or the transport of timber by inland waters, or the control or extinguishing of forest fires ;"

ഇതിൽ പാംട്രീസ് എന്നു മാത്രമേ പറഞ്ഞിട്ടുള്ളു. കോക്കനട്ട് ട്രീസ് എന്നു പറഞ്ഞിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞ്: ഞാനും അതുതന്നെ പറയുന്നതിനാണ് ഉദ്ദേശിച്ചതു്. അതിന്റെ പരിധിയിൽപ്പെടുത്തുവാൻ വിരോധമില്ലെങ്കിൽ പെടുത്താം. ഈ കാര്യത്തിൽ കഴിയുന്നതും വേഗം ഒരു പരിഹാരം ഉണ്ടാക്കുവാൻ കഴിയുമെന്നു് ഗവണ്മെന്റ വിശ്വസിക്കയും ചെയ്യുന്നു.

ശ്രീ. എം. പി. മേനോൻ: പാംട്രീസ് തൊഴിലാളികളിൽ കാഷ്വൽ വർക്കേഴ്സ് പെടുമോ?

ശ്രീ. പി. കെ. കുഞ്ഞ്: ഇല്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എക്സൈസ് ലാം പ്രകാരം ചെത്തു തൊഴിലാളികളുടെ മുതലാളികളാണൊ കൺട്രാക്ററന്മാർ എന്നു സംശയം വരും.

ശ്രീ. പി. കെ. കുഞ്ഞ്. കൺട്രാക്ററന്മാർ അല്ല മുതലാളികൾ എന്നാണു വിചാരം.

ഈ നിലയിൽ വേണ്ട നടപടി ഗവണ്മെന്റ സ്വീകരിക്കും. ഇതിന്റെ കാര്യത്തിൽ വേണ്ടതെല്ലാം ചെയ്യാമെന്നു് ഉറപ്പു പറയുവാൻ ഗവണ്മെന്റ തയ്യാറുണ്ടു്. അതനുസരിച്ചു് ഈ പ്രമേയം പിൻവലിക്കണമെന്നു് അവതാരകനോടു് അപേക്ഷിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെംബർ പ്രമേയം പ്രസ്സു് ചെയ്യുന്നുണ്ടോ?

ശ്രീ. കുട്ടപ്പൻ കോയിക്കൽ: പ്രസ്സു ചെയ്യുന്നില്ല.

The resolution was by leave withdrawn.

Mr. Speaker: Shri T. K. Krishnan may now move his resolution.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: "ഗവണ്മെന്റിന്റെ മദ്യനിരോധനനയം തുടർന്നുപോകുന്നതു് യുക്തിപൂർവകമല്ലെന്നു ഈ നിയമസഭാസമ്മേളനം അഭിപ്രായപ്പെടുന്നു"

സർ, കഴിഞ്ഞ സെഷനിൽതന്നെ ഞാൻ ഈ പ്രമേയം അവതരിപ്പിക്കുവാൻ ഉദ്ദേശിച്ചതായിരുന്നു. പക്ഷെ എനിക്കു് അതിനു് സന്ദർഭമുണ്ടായില്ല. എങ്കിലും ഇവിടത്തെ മെംബറന്മാരെ ഈ പ്രശ്നത്തെപ്പററി ചിന്തിപ്പിക്കുന്നതിനു് ആ പ്രമേയം ഉപകരിച്ചിട്ടുണ്ടെന്നു് ഞാൻ കരുതുന്നു. ഇവിടെത്തന്നെ പല മെംബറന്മാരും ഇതിനെപ്പററി അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ടു്. ബഹുമാനപ്പെട്ട മെംബറന്മാരായ കെ. ബാലകൃഷ്ണൻ, സി. സി. അയ്യപ്പൻ, പി. കെ. കുഞ്ഞച്ചൻ, സി. യു. നീലകണ്ഠൻ, സി. കെ. രാമചന്ദ്രൻനായർ എന്നിവർ ഈ പ്രശ്നത്തിന്റെ ഗൗരവത്തെപ്പററി പറഞ്ഞിട്ടുള്ളതാണു്. പി. എസ്സ്. പി. യുടെ നയം പ്രോഹിബിഷൻ തുടർന്നുകൊണ്ടുപോകണമെന്നതാണു് എന്നിരുന്നിട്ടും ഭരണകക്ഷിയിൽപ്പെട്ട ശ്രീ. രാമചന്ദ്രൻനായർപോലും പ്രോഹിബിഷൻ വെറും പ്രഹസനമാണെന്നും അതിനു വേണ്ടിയുള്ള ശ്രമം പരാജയപ്പെട്ടിരിക്കുന്നുവെന്നും തുറന്നു സമ്മതിക്കുകയുണ്ടായി. ഈ നയം തുടർന്നുകൊണ്ടുപോകണമെന്നും പ്രോഹിബിഷൻ ഇവിടെ വിജയിക്കുമെന്നു് തന്റെ വിശ്വാസപ്രമാണമാണെന്നും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയുകയുണ്ടായി. അദ്ദേഹത്തിന്റെ വിശ്വാസം അദ്ദേഹത്തെ രക്ഷിക്കട്ടെ.

എന്നാൽ അതു് ഇവിടെ നടപ്പാക്കുന്നതിന് ഈ രാജ്യത്തെ ജനങ്ങളുടെ സമ്മതം ആരാഞ്ഞിട്ടുണ്ടോ എന്നു് ഞാൻ ചോദിക്കുന്നു. അദ്ദേഹത്തിനു പല വിശ്വാസങ്ങളും അഭിപ്രായങ്ങളും ഉണ്ടായിരിക്കും. പക്ഷെ ഇന്നാട്ടിലെ ആയിരക്കണക്കിനു് ആളുകളെ ബാധിക്കുന്ന ഈ പ്രശ്നം ചിലരുടെ വിശ്വാസപ്രമാണങ്ങളെ അടിസ്ഥാനമാക്കിമാത്രം നടപ്പാക്കുകയാൽ അതിന്റെ പ്രത്യാഘാതങ്ങൾ ഭയങ്കരമായിരിക്കും. മിസ്റ്റർ നടരാജപിള്ളയ്ക്കും മിസ്റ്റർ പട്ടം താണുപിള്ളയ്ക്കും അവരുടെ അഭിപ്രായം പറയുന്നതിനു് സ്വാതന്ത്ര്യമുണ്ടു്. എന്നാൽ സർ, ഈ നിയമം നടപ്പിലാക്കിയതിന്റെ ഫലമായി ആയിരക്കണക്കിനു തൊഴിലാളികൾക്കു് തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്നു എന്ന വസ്തുത അവർ മനസ്സിലാക്കിയിട്ടുണ്ടോ, അതിനെപ്പററി ആലോചിക്കുവാനുള്ള സന്മനസ്സു് അവർക്കുണ്ടോ? അവർ മഹാത്മാഗാന്ധിയുടേയും ആചാര്യകൃപലാനിയുടേയും വാക്കുകൾ ഉദ്ധരിക്കുകയാണു്. പ്രോഹിബിഷൻമൂലം നിരവധി തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്നുവെന്നു പറയുമ്പോൾ പ്രോസ്റ്റിറ്റ്യൂഷൻ നിറുത്തുകയാണെങ്കിൽ കുറെ ആളുകൾക്കു് ജോലിയില്ലാതാകുകയില്ലേ എന്നു ഒരു ബഹുമാനപ്പെട്ട മെംബർ ചോദിക്കുകയുണ്ടായി. വാസ്തവത്തിൽ ചെത്തുതൊഴിലിനേയും പ്രോസ്റ്റിറ്റ്യൂഷനേയും ഒരുപോലെ താരതമ്യപ്പെടുത്തുന്ന അദ്ദേഹത്തിന്റെ മനഃസ്ഥിതിയെപ്പററി ഞാൻ ഖേദിക്കുന്നു. പ്രോഹിബിഷൻ നടപ്പാക്കുന്ന അവസരത്തിൽ അതിനെപ്പററി ശാസ്ത്രീയമായ യാതൊരു സർവ്വേയും നടത്തിട്ടില്ല. മദ്യം എന്തു ദോഷമുണ്ടാക്കിട്ടുണ്ടെന്നു ഒരു സർവ്വേ നടത്തിയിട്ടുണ്ടായിരുന്നെങ്കിൽ എനിക്കു് വലിയ ആക്ഷേപം ഉണ്ടാകുമായിരുന്നില്ല. ഇക്കാലമത്രയും അതു് നടപ്പിലാക്കിയിട്ടു് അതു് പരാജയപ്പെട്ടിരിക്കുകയാണെന്നു പൊതുവേ എല്ലാ ആളുകളും സമ്മതിക്കുന്ന സ്ഥിതിയ്ക്കു് ഒരു ദുശ്ശാഠ്യത്തോടുകൂടി അതു് തുടർന്നുകൊണ്ടുപോകുകയാണു്. ഈ നിയമസഭയുടെ ആദ്യത്തെ സമ്മേളനത്തിൽ രാജപ്രമുഖൻ പ്രസംഗിച്ച അവസരത്തിൽ പറയുകയുണ്ടായി, പ്രോഹിബിഷൻ വിപുലപ്പെടുത്തണമെന്നാഗ്രഹമുണ്ടെങ്കിലും കള്ളുഷാപ്പുകൾ ലേലം ചെയ്തുകഴിഞ്ഞതുകൊണ്ടു് തൽക്കാലം അതു് വിപുലപ്പെടുത്താൻ സാദ്ധ്യമല്ലെന്നു്. എന്നാൽ ധനകാര്യമന്ത്രിയുടെ ബഡ്ജററ് പ്രസംഗത്തിൽ ആ കാര്യത്തെപ്പററി ഒന്നും പറഞ്ഞിട്ടില്ല. എന്റെ ഒരു ചോദ്യത്തിനു ഉത്തരമായി ധനകാര്യമന്ത്രി പറഞ്ഞതു് പ്രോഹിബിഷൻ എക്സ്റ്റൻറു ചെയ്യുവാൻ വിചാരിക്കുന്നില്ലാ എന്നാണു്. സർ, ഏകദേശം ഒന്നരക്കോടി രൂപയുടെ ഒരു കമ്മിബഡ്ജററാണു് നമുക്കുള്ളതു്. എന്നാൽ എത്ര രൂപയാണു് പ്രോഹിബിഷൻകൊണ്ടു നാം നഷ്ടപ്പെടുന്നതെന്നു് ആലോചിക്കേണ്ടതാണു്. ഒരു കൊല്ലത്തിൽ ഒരു കോടിയിലധികം രൂപ നാം നഷ്ടപ്പെടുന്നുണ്ടു്. ബഹുമാനപ്പെട്ട മന്ത്രിയുടെ കണക്കുകൊണ്ടു തന്നെ 78 ലക്ഷം രൂപ നഷ്ടപ്പെടുന്നുണ്ടു്. വാസ്തവത്തിൽ ഇന്നു് മദ്യനിരോധനമുള്ള സ്ഥലങ്ങളിൽ ലേലം വിളിക്കുകയാണെങ്കിൽ ഒരു കോടിയിലധികം രൂപാ കിട്ടുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്തു പറഞ്ഞാലും പണമില്ല, പണമില്ല എന്നു് വിലപിക്കുന്ന ഗവമെന്റ് ഓരോ കൊല്ലവും ഒരുകോടിയിലധികം രൂപ നിരുപയോഗമായ പ്രോഹിബിഷന്റെ പേരിൽ നഷ്ടപ്പെടുക എന്നു വച്ചാൽ അതു് യാതൊരു അർത്ഥവുമില്ലാത്ത രാജ്യതന്ത്രജ്ഞതയാണെന്നേ എനിക്കു പറയുവാനുള്ളു. പ്രോഹിബിഷൻ എടുത്തുകളയുകയാണെങ്കിൽ ആയിരക്കണക്കിനു് ആളുകൾക്കു് തൊഴിലുണ്ടാകയും അങ്ങിനെ ചെത്തുതൊഴിലാളികളുടെ തൊഴി

[ശ്രീ. തലേക്കര കെ. കൃഷ്ണൻ]

ലില്ലായ്മപ്രശ്നം പരിഹരിക്കാവുന്നതാണ്. ഷാപ്പുകളെ ആശ്രയിച്ചു ജീവിക്കുന്നവരും, ചെത്തുന്ന തെങ്ങിന്റെ പറമ്പുടമസ്ഥന്മാരും, നിരവധി കാവുതൊഴിലാളികളും, ഇവരെയെല്ലാം ആശ്രയിച്ചുജീവിക്കുന്ന ആയിരക്കണക്കിനുള്ള മററുള്ളവരും ചെത്തുതൊഴിലാളികൾക്കു പുറമെ പ്രൊഹിബിഷൻമൂലം നിരാശ്രയരായിട്ടുണ്ട് എന്നാൽ ഇവരെ സമാധാനിപ്പിക്കുവാൻ വാർദ്ധാ പദ്ധതിയനുസരിച്ചുള്ള ഒരു ചക്കരനിർമ്മാണപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നു പറയുന്നു. അതെല്ലാം വെറും കടലാസുപദ്ധതിയാണ്. മുമ്പ് ഒരു പൗണ്ടു ചക്കരയ്ക്കു 8 അണ കിട്ടിയിരുന്നു. ഇന്നു മൂന്ന്—മൂന്നേകാൽ അണമാത്രമാണ് അതിനു കിട്ടുന്നതു്. കത്തിക്കുന്ന വിറകിന്റെ പൈസപോലും ചക്കരവ്യവസായികൾക്കു ഇന്നു കിട്ടുന്നില്ല. ഇങ്ങനെയുള്ള തൊഴിലാളികളോടു വാർദ്ധാ പദ്ധതിയെപ്പററി പറഞ്ഞിട്ടു കാര്യമില്ല. മദ്യത്തെപ്പററിയുള്ള ഗുണദോഷങ്ങളൊന്നും ഞാൻ ഇപ്പോൾ ചർച്ച ചെയ്യുന്നില്ല. മദ്യത്തിനു ദോഷമുണ്ടെന്നും ഇല്ലെന്നും പറയുന്ന ആളുകൾ ഉണ്ടു്. പല ഡാക്ടർമാരും അതിനെപ്പററി ഭിന്നാഭിപ്രായം പറഞ്ഞിട്ടുണ്ടു്. ഡാക്ടർ സോമർവെൽ കള്ളിന്റെ ഗുണത്തെപ്പററി പറഞ്ഞിട്ടുണ്ടു്. അതുപോലെ പല നാട്ടുവൈദ്യന്മാരും കള്ളിന്റെ ഗുണത്തെപ്പററി പറഞ്ഞിട്ടുണ്ടു്. പല ആളുകളും അതിനു എതിരായ അഭിപ്രായവും പറഞ്ഞിട്ടുണ്ടു്. പക്ഷെ ഒരു കാര്യം അനേകലക്ഷം ജനങ്ങളുടെ ജീവിതത്തെ ബാധിക്കുന്ന ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതു് വളരെ സൂക്ഷിച്ചു വേണ്ടിയിരുന്നു. മദ്യനിരോധനം നല്ലതായിരിക്കാം. ശ്രീനാരായണ ഗുരുസ്വാമിയും, മഹാത്മാഗാന്ധിയും, ശ്രീ. ടി. കെ. മാധവനും മദ്യം വിഷമാണെന്നു പറഞ്ഞിട്ടുണ്ടു്. ഞാൻ അതു വിസ്മരിക്കുന്നില്ല. അതിലുള്ള പ്രായോഗിക വിഷമം നാം നോക്കേണ്ടതുണ്ടു്. മുഷിഞ്ഞമുണ്ടു് ആരും ഉടുക്കാൻ പാടില്ല എന്നു ഒരു നിയമം പാസ്സാക്കുകയാണെന്നു് വിചാരിക്കുക. നല്ല നിയമമാണ് അതു്. പക്ഷെ അങ്ങനെ ഒരു നിയമം പാസ്സാക്കുവാൻ തുടങ്ങുമ്പോൾ അതിന്റെ ഭവിഷ്യത്തുകളെപ്പററി നാം ആലോചിക്കണം. മുണ്ടു അലക്കി ഉടുക്കുവാൻ സാദ്ധ്യതയുള്ള സാഹചര്യം സൃഷ്ടിച്ചതിനുശേഷം മാത്രമേ അങ്ങനെയുള്ള നിയമം ഉണ്ടാക്കുവാൻ പാടുള്ളു. അങ്ങിനെയുള്ള പരിതഃസ്ഥിതിയിലാണ് ഈ നിയമം ഉണ്ടാക്കിയിരുന്നെങ്കിൽ മന്ത്രിസഭയുടെ നയത്തെ ഞാൻ അനുകൂലിക്കുമായിരുന്നു. പ്രൊഹിബിഷൻ ഇന്നു അനേകായിരം ജനങ്ങളെ പട്ടിണിയിൽ ഇടുന്നുണ്ടെന്നുള്ള കാര്യം മനസ്സിലാക്കണം. ഇനിയും അതിനെപ്പററി ആലോചിക്കുന്നതിനു സമയമുണ്ടു്. ആന്ധ്രാ സംസ്ഥാനത്തു് ഇതിനെ സംബന്ധിച്ചു് പുനഃപരിശോധന നടത്തി വരികയാണ്. രാമമൂർത്തി റിപ്പോർട്ടിനെത്തുടർന്നു് ആന്ധ്രാ നിയമസഭയിൽ പ്രൊഹിബിഷൻ അവസാനിപ്പിക്കണമെന്നു ഒരു പ്രമേയം പാസാക്കിയിരിക്കയാണ്. അതിനെ സംബന്ധിച്ചു് അവിടെ ഒരു മന്ത്രിസഭാകുഴപ്പംതന്നെ ഉണ്ടായിരിക്കുകയാണ്. പ്രൊഹിബിഷൻ അവസാനിപ്പിക്കാത്തപക്ഷം അവിടെയുള്ള ചെത്തുതൊഴിലാളികൾ ഒരു പ്രത്യക്ഷസമരത്തിലേക്കു് നീങ്ങുവാൻ പോകുന്നു എന്നു് നമുക്കു് റിപ്പോർട്ടുകളിൽ നിന്നു കാണാം. അങ്ങിനെയുള്ള ഒരു പരിതഃസ്ഥിതി ഇവിടെയും ഉണ്ടാകണമോ എന്നു് ഗവണ്മെന്റു ചിന്തിക്കേണ്ടതാണ്. തൊഴിലാളികൾ പട്ടിണിയിലേക്കു നീങ്ങുമ്പോൾ അവരോടു വേദവാക്യം ഉദ്ധരിച്ചിട്ടു

കാര്യമില്ല. ഇതു തുടരുകയാണെങ്കിൽ ഭയങ്കരമായ ഒരു ഭവിഷ്യത്ത് ഈ മന്ത്രിസഭയ്ക്ക് നേരിടേണ്ടിവരുമെന്നു ഞാൻ താക്കീതു ചെയ്യുന്നു.

[The Deputy Speaker in the Chair]

അതുകൊണ്ട് എനിക്കു പറയുവാനുള്ളത് ഈ മദ്യനിരോധനം എത്രതന്നെ ഗുണകരമായിരുന്നാലും പ്രായോഗികമായ പരിഷ്കാരം അല്ലെന്നു കരുതി അതു് നിറുത്തിവയ്ക്കേണ്ടതാണ്. മദ്യനിരോധനത്തോടുള്ള എതിർപ്പുകൊണ്ടല്ല ഞാൻ ഇതു പറയുന്നത്. പക്ഷേ, ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ ഇതു് പ്രായോഗികമല്ല. നമുക്ക് അതിനു തക്കവണ്ണമുള്ള ചുററുപാടുകളായിട്ടില്ല. നമുക്ക് അതിനു തക്കവണ്ണമുള്ള സാമ്പത്തികസ്ഥിതിയും കൈവന്നിട്ടില്ല. മറെറാന്നു പറയുവാനുള്ളത് മദ്യനിരോധനത്തിന്റെ പേരിൽ എത്ര ആളുകളെയാണ് പോലീസുകാരും എക്സൈസുകാരും മർദ്ദിച്ചുവിടുന്നത്. മാനംമര്യാദയായി ജീവിക്കുന്ന ആളുകളെപ്പോലും പ്രോഹിബിഷൻ നിയമം ലംഘിക്കുന്നുവെന്ന് പറഞ്ഞു പോലീസ്‌സ്റ്റേഷനിൽ കൊണ്ടുപോയി അടിക്കുന്നുണ്ട്.

മറെറാന്ന് ഇവിടെ ഞാൻ കൊണ്ടുവരുമ്പോൾ, ഞാൻ സമുദായവാദിയാണെന്ന് പറഞ്ഞേക്കാം. മദ്യനിരോധനംകൊണ്ട് തൊഴിലില്ലാതെ വന്നിട്ടുള്ളത് അധികവും ഈഴവർക്കാണ്. മാത്രമല്ല, ഈഴവരോടുള്ള പക വീട്ടുവാൻവേണ്ടി മദ്യനിരോധനപ്രദേശങ്ങളിൽ ചില ഉദ്യോഗസ്ഥന്മാർ ഈഴവരെ കൊണ്ടുപോയി മർദ്ദിച്ചുവിടുന്നുണ്ട്. നമ്മുടെ മുഖ്യമന്ത്രി മദ്യനിരോധനത്തിൽ വലിയ വിശ്വാസിയായതുകൊണ്ട് അദ്ദേഹം ഇക്കാര്യങ്ങളൊന്നും അത്രതന്നെ സാരമായി ശ്രദ്ധിക്കുകയില്ലായിരിക്കാം. എനിക്ക് ഗവണ്മെന്റിനോട് പറയുവാനുള്ളത് ഈ മദ്യനിരോധനം ഒന്ന് തല്ക്കാലത്തേക്ക് അവസാനിപ്പിക്കണമെന്നാണ്. ഈ കാര്യത്തിൽ ആന്ധ്രാ നിയമസഭ എടുത്തതുപോലെയുള്ള നില ഈ നിയമസഭയും എടുക്കണം. ആന്ധ്രയിലും പി. എസ്. പി.-ക്കാരും കാൺഗ്രസ്സുകാരും മററുമെല്ലാം ഉണ്ടായിരുന്നു. അവിടത്തെ മുഖ്യ മന്ത്രിയെപ്പോലെയുള്ള ഒരു മഹാനാണ് ഇവിടത്തെ മുഖ്യമന്ത്രിയും. ആന്ധ്രാ നിയമസഭ എടുത്ത തീരുമാനം ഇവിടെയും എടുക്കേണ്ടതാണ്.

ശ്രീ. വി. പി. പരമേശ്വരൻ നമ്പൂതിരി: ആന്ധ്രയിൽ ഈഴവരുണ്ടോ?

ശ്രീ. തലേക്കര കെ. കൃഷ്ണൻ: അതു് അവിടെ ചെന്നു അന്വേഷിക്കണം. അതുകൊണ്ട് ഇതു് ഇത്ര നിസ്സാരമായി തള്ളാനുള്ള ഒരു കാര്യമല്ല. പല രാജ്യങ്ങളിലും മദ്യനിരോധനം നടപ്പാക്കിയിട്ടുള്ളതായി അറിയാം. പക്ഷെ, അതിന്റെ ഫലമെന്തായിരുന്നുവെന്നുകൂടി നാം ആലോചിക്കേണ്ടതാണ്. അവിടെയെല്ലാം മദ്യനിരോധനം പരാജയത്തിലാണു കലാശിച്ചതെന്ന് അവർ സമ്മതിച്ചു. അമേരിക്കയിൽ ഇതു നടപ്പാക്കിയിരുന്നു. 1116-ൽ റഷ്യയിലും മദ്യനിരോധനം നടപ്പാക്കി. പക്ഷെ, എട്ടൊൻപതു മാസങ്ങൾ കഴിഞ്ഞയുടനെ അതു് പരാജയത്തിൽ കലാശിച്ചു. നിർബന്ധബുദ്ധി ചെലുത്തിക്കൊണ്ട് നടപ്പാക്കാവുന്ന ഒന്നല്ല മദ്യനിരോധനം. സ്വന്തം മനസ്സോടുകൂടി ആളുകൾ സ്വീകരിക്കേണ്ട ഒന്നാണെന്നുള്ള തത്വത്തിൽ അതു് ഉപേക്ഷിക്കുകയാണുണ്ടായതു്

[ശ്രീ. തലേക്കര കെ. കൃഷ്ണൻ]

ഇതിൽനിന്നും നമുക്കു് ചില പാഠങ്ങൾ പഠിക്കുവാനുണ്ടു്. ഈ മദ്യനിരോധനം നടപ്പാക്കിയിട്ടുള്ള പ്രദേശങ്ങളിലെല്ലാം നിയമലംഘനം ഉണ്ടാകുകയാണു ചെയ്യുന്നതു്. കാരണം അതു് സാർവ്വത്രികമായി നടപ്പാക്കാൻ സാദ്ധ്യമല്ലെന്നുള്ളതാണു്. ഓരോരുത്തരുടേയും വീട്ടിൽതന്നെ മദ്യം ഉണ്ടാക്കാൻ കഴിയും. ഒരു മനുഷ്യനു് ആവശ്യമുള്ള സാധനം ഉപേക്ഷിക്കുവാൻ നിർബന്ധിച്ചാൽ ആരും അതനുസരിക്കുകയില്ല. മനുഷ്യർ വിദ്യാഭ്യാസപരമായും സാംസ്കാരികമായും വളരുമ്പോൾ ദുശ്ശീലങ്ങൾ താനെ ഉപേക്ഷിച്ചുകൊള്ളും. ഞാൻ മുമ്പു പറഞ്ഞതുപോലെ മുഷിഞ്ഞ മുണ്ടു് ഉടുക്കാൻ പാടില്ലെന്നു നിയമം പാസാക്കണമെങ്കിൽ നല്ല മുണ്ടു് ഉടുക്കുവാനും മുഷിഞ്ഞ മുണ്ടു് അലക്കി ഉടുക്കുവാനും തക്ക പരിതഃസ്ഥിതി രാജ്യത്തിനുണ്ടാകണം. റഷ്യയിലെ അനുഭവം നമുക്കൊരു പാഠമായിരിക്കേണ്ടതാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റഷ്യയിലെ നിലയെന്താണു്?

ശ്രീ. തലേക്കര കെ. കൃഷ്ണൻ: ബഹുമാനപ്പെട്ട ചാലക്കുടിമെംബർ റഷ്യയിൽ പോകണമെന്നാഗ്രഹിച്ചു് ചെക്കോസ്ലാവക്കിയാവരെ മാത്രമേ എത്തിയുള്ളു. ഞാൻ ഇവിടംവരയേ എത്തിയിട്ടുള്ളു. എങ്കിലും വായിച്ചു മനസ്സിലാക്കിയിട്ടുണ്ടു്.

അവിടെ കുടി സംബന്ധിച്ചുള്ള പ്രശ്നം അവസാനിപ്പിച്ചതു് മനുഷ്യർക്കു് ഉപദേശം കൊടുത്തിട്ടാണു് അവരെ സാംസ്കാരികമായി ഉയർത്തിയിട്ടാണു്. ലേഖനങ്ങളിൽക്കൂടിയും പ്രസംഗങ്ങളിൽക്കൂടിയും, സിനിമയിൽക്കൂടിയും പ്രചരണം നടത്തിയിട്ടാണു്. വളരെ കാലം കൊണ്ടു് ശീലിച്ചിട്ടുള്ള ശീലം നമുക്കു് പെട്ടെന്നു് മാററുവാൻ സാദ്ധ്യമല്ല. അതു് ഉപദേശങ്ങൾകൊണ്ടും വിദ്യാഭ്യാസത്തിൽക്കൂടിയും, പ്രചരണത്തിൽക്കൂടിയും, സിനിമാമുഖേനയും പ്രചരണം നടത്തിയാണു് മാറേറണ്ടതു്. നിയമംമുഖേന ഇതു് നടപ്പാക്കുന്നതു് തീരെ അപ്രായോഗികമാണു്. ഇൻഡ്യാഗവണ്മെൻറുതന്നെ ഈ പ്രശ്നത്തെ സംബന്ധിച്ചു എന്തു നിലയാണു് സ്വീകരിച്ചിട്ടുള്ളതെന്നു് ആലോചിക്കാം. ഡെൽഹിയിൽ ഇന്നു് മദ്യനിരോധനമുണ്ടോ എന്നു ഞാൻ ചോദിക്കുന്നു.

ശ്രീ. ഇടിക്കുള ഇടിക്കുള: മദ്യനിരോധനം പ്രചരണംമൂലം നടപ്പാക്കിയാൽ തൊഴിലില്ലായ്മ ഉണ്ടാകുകയില്ലേ?

ശ്രീ. തലേക്കര കെ. കൃഷ്ണൻ: അപ്പോൾ അതിനു വേറെ പരിഹാരം നോക്കാം.

ശ്രീ. എം. എം. മത്തായി: സിനിമായിൽക്കൂടി മദ്യനിരോധനം നടപ്പാക്കാൻ സാധിക്കുമോ?

ശ്രീ. തലേക്കര കെ. കൃഷ്ണൻ: സാധിക്കും.

ശ്രീ. ടി. ഓ. ബാവാ: നാരായണഗുരുതന്നെ മദ്യനിരോധനം നടപ്പാക്കണമെന്നു പറഞ്ഞിട്ടില്ലേ?

ശ്രീ. തലേക്കര കെ. കൃഷ്ണൻ: ഉണ്ടെന്നു് ഞാൻ ആദ്യംതന്നെ പറഞ്ഞുകഴിഞ്ഞു. പക്ഷെ, ഇതിൻെറ പ്രായോഗികതയെപ്പററി അദ്ദേ

ഷത്തിനു സംശയമുണ്ടായിരുന്നതുകൊണ്ട് അതിൽ നിർബന്ധം പിടിച്ചില്ല. ഏതായാലും ഞാൻ പറയുന്നതു ഉപദേശംകൊണ്ട് ഇതു മാററണമെന്നല്ലാതെ നിയമംകൊണ്ട് ഇതു തടയാൻ സാദ്ധ്യമല്ല. പ്രൊഹിബിഷനെപ്പററി തന്നെ പ്രസംഗിക്കുന്ന ചിലർക്ക് രണ്ടു കുപ്പി കുടിച്ചാൽ മാത്രമേ പ്രസംഗിക്കുവാൻ ഉഷാർ കിട്ടാറുള്ളു. കാൺഗ്രസ്സുകാർ പൊതുവെ മദ്യനിരോധനത്തിനു എതിരാണെന്നു നമുക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരത്തു വന്നാൽ ചിലർക്ക് ഉറക്കമില്ലെന്ന് അവർ പറയുന്നുണ്ട്. പി. എസ്. പി.-ക്കാരാണെങ്കിൽ പലരും കുടിക്കുന്നതിന് അവർ കൊല്ലത്തും കോട്ടയത്തും പോകുന്നുണ്ട്.

ശ്രീ. എ. താണുപിള്ള : കാൺഗ്രസ്സുകാരും പി. എസ്. പി.-ക്കാരും കുടിക്കുന്നതു രഹസ്യമായിട്ടാണോ അതോ പരസ്യമായിട്ടു കുടിക്കാൻ തയ്യാറാണോ?

ശ്രീ. തലേക്കര കെ. കൃഷ്ണൻ : ഞാൻ പറയുന്നതിന്റെ ചുരുക്കം മദ്യനിരോധനം പരാജയമാണെന്നാണ്.

ശ്രീ. കെ. പി. ഗോപാലമേനോൻ : കാൺഗ്രസ്സുകാർക്കും പി. എസ്. പി.-ക്കാർക്കും തിരുവനന്തപുരത്തു മദ്യം കിട്ടുന്നില്ലെന്നു പറഞ്ഞു. ബഹുമാനപ്പെട്ട മെംബർ കയ്യിൽ കൊണ്ടുവന്നിട്ടുണ്ടോ?

ശ്രീ. തലേക്കര കെ. കൃഷ്ണൻ : ഇത്തരം ചോദ്യങ്ങൾ വരുന്നതു തന്നെ അതിവിടെ കിട്ടാത്തതുകൊണ്ടാണ്. സർ, ഞാൻ പറയുന്നതു ഈ മദ്യനിരോധനം ഒരു തികഞ്ഞ പരാജയമാണെന്നാണ്. അതിനാൽ എനിക്കു പറയുവാനുള്ളതു ഈ പ്രമേയത്തെ ഈ സഭ പാസ്സാക്കണമെന്നാണ്.

ശ്രീ. സി. കെ. വിശ്വനാഥൻ: സർ, ബഹുമാനപ്പെട്ട കുന്നംകുളം മെംബർ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. മദ്യനിരോധനം വളരെ അഭിപ്രായവ്യത്യാസങ്ങളുള്ള ഒരു സംഗതിയാണ്. മദ്യനിരോധനമെന്നു പറയുമ്പോൾ നാം വളരെ പ്രധാനമായി ആലോചിക്കേണ്ടതു ഏതു തരത്തിലുള്ള മദ്യമാണു നിരോധിച്ചിരിക്കുന്നതെന്നാണ്. മദ്യനിരോധനം ഇവിടെ ഏർപ്പെടുത്തിയതു കാൺഗ്രസ്സ് പാർട്ടിയാണെന്നുള്ളതു എവർക്കും അറിവുള്ള പരമാർത്ഥമാണ്. തിരുവിതാംകൂർ സ്റ്റേറ്റ കാൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷം ഒരു നൂറുകൂട്ടം നല്ല കാര്യങ്ങൾ ചെയ്യുമെന്നു പറഞ്ഞ കൂട്ടത്തിൽ ഒന്ന് മദ്യനിരോധനമാണ്. എന്നാൽ ഇതിന്റെ കൂട്ടത്തിൽ ആയിരം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. തൊഴിലില്ലാത്തവർക്കു തൊഴിലുണ്ടാക്കിക്കൊടുക്കും. ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കും, വിദ്യാഭ്യാസം സൗജന്യമാക്കും, ഭൂമിയില്ലാത്തവർക്കു ഭൂമി കൊടുക്കും, മദ്യനിരോധനം ഏർപ്പെടുത്തും എന്നെല്ലാം. പക്ഷെ, അതൊന്നും ഏർപ്പെടുത്താതെ മദ്യനിരോധനം മാത്രമാണ് അവർ ആരംഭിച്ചതു. പ്രസ്തുത കാര്യങ്ങൾ കൂടി ചെയ്തിട്ട് മദ്യനിരോധനം ഏർപ്പെടുത്തിയിരുന്നെങ്കിൽ ഞങ്ങൾ ഇതിനെ എതിർക്കുകയില്ലായിരുന്നു. പക്ഷെ, അതൊന്നും ചെയ്യാതെ, ആ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാതെ ജനാധിപത്യവിരുദ്ധമായി ജനപ്രതിനിധികളോടോ, രാഷ്ട്രീയകക്ഷികളുമായോ ആലോചിക്കാതെ ജനങ്ങളുടെ അഭിപ്രായം ആരായാതെ ഒരു പാർട്ടിപ്രശ്നമാക്കി

[ശ്രീ. സി. കെ. വിശ്വനാഥൻ]

ഇതു നടത്തുവാൻ ശ്രമിച്ചതുകൊണ്ടും ഫലം പരാജയമായതുകൊണ്ടുമാണ് ഞങ്ങളും ഇതിനെ എതിർക്കുന്നത്. തൊഴിലില്ലായ്മ ഒരു ദേശീയപ്രശ്നമായി വളർന്നിരിക്കുന്നുവെന്നു സമ്മതിക്കുന്ന സന്ദർഭത്തിൽ മദ്യനിരോധനം നടപ്പാക്കിയതുമൂലവും ധാരാളം ആളുകൾക്ക് തൊഴിലില്ലാതെ വന്നിട്ടുണ്ടെന്നുള്ള പരമാർത്ഥത്തെ മുൻനിർത്തി മദ്യനിരോധനം തുടരണമോ വേണ്ടയോ എന്നു ഗൗരവമായി ആലോചിക്കേണ്ടതാണ്. ഇന്ന് നെല്ലിക്കാ, നെല്ല്, വാഴമാണം, കശുമാങ്ങ, മാങ്ങ തുടങ്ങിയ നിരവധി സാധനങ്ങളിൽനിന്നു മദ്യമുണ്ടാക്കുകയും കടത്തുകയും ചെയ്തു വരുന്നു. ഇതുകൊണ്ടു കൂടുതൽ ചിലവുള്ള—രഹസ്യമായി ഉപയോഗിക്കേണ്ടിവരുന്നതുമായ ചെലവുൾപ്പെടെ—മദ്യസേവ കൂടെക്കൂടെയുള്ള നിർബാധം മദ്യനിരോധനമേഖലകളിൽ ഇന്നു തുടരുകയാണ്.

The Assembly adjourned at 4-30 p. m. to meet again at 11 a. m. on Thursday the 5th August 1954.

APPENDIX I.

[Please see answer to Question No. *624 (6)].

Name and address of private operators.

TRICHUR DISTRICT.

Messrs. A. T. Union, Ltd., Alwaye, and Sri Mathai Varghese, Alwaye.

KOTTAYAM DISTRICT.

I. 1. C. Mathai Kavalakal, Pallom, Kottayam.

2. Abraham Mathew, Thottavayil, Kottayam.

II. Chacko Dominic, Mukada House, Vakathanam.

III. K. S. Cyriac, Karikal House, Perumpanachy, Changanacherry.

IV. 1. P. T. Abraham, Andoor House, Nattasserry, Kottayam.

2. G. Michael, Lilly Motors Ltd., Kottayam.

V. 1. Messrs. Swaraj Motors Ltd., Kottayam.

2. Messrs. Standard Motor Union Ltd., Ettumanoor.

3. Messrs. K. E. M. S. Ltd., Kottayam.

4. Sri P. M. Kurien, Pulivelil, Pallom, Kottayam.

5. Messrs. Palai Motors Ltd., Palai.

6. Sri M. K. Sukumaran, Kulangara, Kodimatha, Kottayam.

7. Sri P. T. John, Pullanappallil, Nattasserry, Kottayam.

VI. Messrs. S. M. Union Ltd., Ettumanoor.

VII. Managing Director, United Motor Union Ltd., Palai.

VIII. 1. Sri K. Mathen, Thuruthikara, Thalayolaparambu, Vaikom.

2. Sri C. J. Luka, Chirayil, Ettumanoor.

IX. 1. H. Venkiteswara Iyer, Ambika Motors, Muvattupuzha.

2. Managing Director, Service Corporation Ltd., Palai.

3. Sri Kuruvila Chacko, Kaipadavadakethil, Kummannoor, Kidangoor.

QUILON DISTRICT.

1. V. Parameswaran Pillai, Madathil House, Karunagappally.

2. P. Narayanan Nair, Klothura, Chavara.

3. Miss Mariamma Varughese, St. George Motors, Thiruvalla.
4. P. K. Vasudevan Nair, Pattarumadam, Thalavady.
5. P. Gopala Iyer, Krishna Motors, Alleppey.
6. Messrs. M. S. S. Ltd., Alleppey.
7. P. Sundaram, Rajaram Motors, Oachira.
8. P. K. Velayudhan, Kizhakai Veedu, Asramom, Quilon.
9. E. Ramachandran Pillai, Meloor House, West Quilon.
10. M. Yusuf Jan Sahib, Government Contractor, Punalur.
11. K. Kesavan, Kadayil Veedu, Chathannur.
12. N. R. Narayana Pillai, General Merchant, Kadackal.
13. P. Velayudhan, Chandravilasom, Navaikulam.
14. P. G. Vamadevan, Alummoottil Veedu, Kilimanoor.
15. M. A. Jafferkhan, Asramom, Quilon.
16. P. Gopala Pillai, Parambil Veedu, Karunagappally.
17. K. Madhavan Muthalali, Kanjiravila Puthen Veedu, Adoor.
18. P. Parameswaran Pillai, Madathil Veedu, Karunagappally.
19. K. Ramakrishna Pillai, Athikkattu Veedu, Sasthamcottah.
20. T. R. Gopidasan, Vijaya Bhavan, A. S. Road, Alleppey.
21. Messrs. K. C. M. S. Ltd., Thiruvella.
22. K. Sekharan, Gopalakrishna Motor Service.

TRIVANDRUM DISTRICT.

1. Sri V. Damodaran, Proprietor, R. K. V. Motor Service, Trivandrum.
2. Sri M. Velayudhan, M. V. Motor Service, Neyyattinkara.
3. Sri K. M. Kunjuraman, K. M. K. Motor Service, Attingal.
4. Sri S. Nagamony, Pioneer Motor Service, Ltd., Nagercoil.
*5. Sri N. Ponnen, Proprietor, K. M. S., Trivandrum.
6. Sri R. Narayanan, Kamala Motor Service, Attingal.
7. Sri T. Neelakantan Nair, Kamalabhavan, Trivadrum.
8. The Secretary, Commercial Transports, Trivandrum.

9. Sri P. C. Oommen, Oriental Motor Service, Trivandrum.
10. Sri Ahmed Ali Vydian, Kaduvakuzhy Bungalow, Pirappencode.
11. Sri M. Mohammed Kunju, Merchant, Nedumangad.
12. Sri P. Velayudhan, Chandravilasom Bungalow, Thottakad.
13. Sri R. Gopalan, Thaimangalathu Veedu, Navaikulam.
14. Sri A. Mohammed Ali, Kinattazhikathu Veedu, Kilimanoor.
15. Sri A. N. Satyanesan, K. C. C., Trivandrum.
16. Sri P. Ramakrishnan, Palakoottil Veedu, Chirayinkil.
17. Sri V. Gopalan, Mulluvilakom Veedu, Thottakad.
18. Sri N. Surendranathan, Thottakad, Attingal.
19. Sri S. David, Proprietor, Rohini Motor Service, Pattom, Trivandrum.
20. Sri P. Damodaran, Chandravilasom, Chirayinkil.
21. Sri P. G. Vamadevan, Alumoodu Veedu, Kilimanoor.
22. Sri S. Raghavan, Sankara Vilas, Kadakavoor.
23. Sri M. Abdul Salam, Vilayil Veedu, Mangalapuram.
24. Sri R. Ramakrishna Pillai, Kunnathu Veedu, Kattakada.
25. Sri R. Mrithinjaya Panicker, R. M. P. Service, Karakonam.
26. Sry. Rafica Beevi, Konthalloor, Chirayinkil.
27. Sri A. Velayudhan Nadar, A. V. M. Motor Service, Neyyattinkara.
28. Sri K. Damodaran, Sreevardhanapuram, Murukumpuzha.
29. Sri P. P. Muthuswamy Nadar & Bros., Bus Service, Marthandam.
30. Sri V. Kesava Panicker, Vazhuthacad, Trivandrum.
31. Sri P. Madhavan, Kottenvila House, Arumanoor, Poovar.

APPENDIX II.

[Please see answer to Question No. * 625 (7) b]

Names of Companies.

1. Messrs. Stanes Motors (S. I.), Ltd.
2. Enfit Tyre and Rubber Factory, Kottayam.
3. Kerala Tyre Works, Quilon.
4. Blackstone Tyre Retreaders, Trivandrum.
5. Supersole Tyre Retreading Works, Perumbavoor.
6. Supersole Tyre Company, Quilon.
7. Standard Tyre Works, Ottapalam.
8. Pioneer Tyre Retreading Works, Punalur.
9. Jothi Tyre Works, Nagercoil.
10. Kottayam Tyre Works, Kottayam.
11. Bedfort Tyre Retreading Co., Trivandrum.
12. Manohara Tyre Retreading Factory, Nagercoil.
13. Super Resole Tyre Works, Neyyattinkara.
14. Star Tyres, Kottayam.
15. Jupiter Tyres, Kottayam.
16. Deluxe Tyre and Rubber Factory, Trichur.

APPENDIX III.

[Please see answer to Question No.* 625 (7) c].

RATE.

Rate per Tyre.	Stanes Motors. 1951-52.			Enfit.			For Firms having Segment Mould.			For Full Circle Mould. 1952-53.			For Full Circle Mould. 1953-54.		
	Rs.	A.	P.	Rs.	A.	P.	Rs.	A.	P.	Rs.	A.	P.	Rs.	A.	P.
Size. 650 x 20	72	0	0	63	0	0	45	0	0	..	..	..	..	..	..
700 x 20	85	8	0	73	8	0	53	7	0	75	0	0	66	8	0
750 x 20	108	0	0	..	..	..	..	..	..	90	0	0	80	12	0
825 x 20	137	8	0	..	...	..	..	..	..	120	0	0	104	8	0
900 x 20	..	..	..	..	..	..	..	..	..	162	0	0	137	12	0

5/8 of the above rates fixed during 1952-53 and 1953-54 are sanctioned for Firms having Segment mould.

APPENDIX IV.

[*Please see answer to Question No.* * *631* (*13*)]

TRIVANDRUM DISTRICT.

1. Suchindram Panchayat
2. Eraniel
3. Aramboli
4. Parassala
5. Mekkode
6. Vettoor
7. Chirayinkil
8. Nedumangad
9. Thovala
10. Arumana
11. Kulathummel
12. Thazhakudy.

QUILON DISTRICT.

1. Sakthikulangara
2. Peringara
3. Bharanikavu
4. Kadapra
5. Chengannoor
6. Adoor
7. Mayyanad
8. Paravoor
9. Nedumudy
10. Punalur
11. Kozhencherry
12. Anchal
13. Chadayamangalam
14. Samboorvadakara
15. Mannar
16. Kuttur
17. Mararikulam North
18. Pathanapuram
19. Chathanoor
20. Puramattom
21. Thottapuzhasserry
22. Omallur
23. Vallicode
24. Vilakudy
25. Kalloopara
26. Mararikulam South
27. Karunagapally
28. Kuttapuzha
29. Elanthoor

KOTTAYAM DISTRICT.

1. Moovattupuzha
2. Thodupuzha
3. Kothamangalam
4. Piravam
5. Panachikad
6. Ramapuram
7. Kanjirapally
8. Chirakadavu
9. Neendoor
10. Kumarakom
11. Ettumanoor
12. Aymanam
13. Mutholy
14. Thalayolaparambu
15. Thiruvarppu
16. Vechoor
17. Thalayazham
18. Kidangoor
19. Madappally
20. Athirampuzha
21. Kumaranalloor
22. Nellikuzhi

TRICHUR DISTRICT.

1. Thrippunithura
2. Elankunnapuzha
3. Cheranellur
4. Kanjur
5. Chennamangalam
6. Pallippuram
7. Palluruthy
8. Cranganore
9. Mala
10. Chalakudy
11. Kattur
12. Annamanada
13. Kodakara
14. Kallur-Vadakkummuri
15. Pariyaram
16. Alur

17. Ollur
18. Manalur
19. Cherppu
20. Anthikad
21. Erava
22. Vallachira
23. Kolazhi
24. Vilvattom
25. Wadakkancherry
26. Kandinisserry
27. Chelakara
28. Desamangalam
29. Thiruvilwamala
30. Nelleppilly
31. Nemmara
32. Eruthempathy
33. Ayalore
34. Kozhinjampara
35. Vyttila
36. Thiruvankulam
37. Trikkur
38. Koratty
39. Edapally
40. Kunnukara
41. Kaladi
42. Adat
43. Ayyanthole
44. Kurkancherry
45. Rayamangalam
46. Kothakulangara
47. Keezhmad
48. Puthur
49. Chundal
50. Parappukara
51. Malayattur
52. Amballur
53. Narakkal
54. Kumbalanji
55. Arattupuzha
56. Kondazhy
57. Mundathicode
58. Eriyad
59. Cheruthuruthi
60. Chazhur
61. Parlom

APPENDIX V.

[*Please see Answer to Question No.* ❋ *633* (16)].

Name of work.	Budget allotment 53-54.	Expenditure to end of 53-54.	Constituency.
Improvements to the road from Kayapuram to Thamarakudy.	5,000	..	Pattazhi
Improvements to Kalanjoor padam road. ..	3,000	..	do.
Improvements to Pathanapuram Yenadi road up to Kundayam ferry. ..	8,000	4,324	do.
Reconstructing the wooden platform bridge in Sabarimala village road near Cherukolepuzha crossing. ..	10,000	..	Ranni
Constructing a bridge in 3rd mile Melukara Ranni road. ..	5,000	6,182	do.
Reconstructing the Appanchira bridge. ..	4,840	..	Vaikom (Kaduthuruthy)
Constructing a Veterinary Hospital at Thalayolaparambu.	2,400	..	do.
Taking under departmental maintenance the road from Teakoy to Vellikulam. ..	5,000	500	Poonjar
Urgent repairs to M. S. Chalakudy. ..	1,390	259	Chalakudy
Road from 6/6 Chalakudy Vellikulangara to Kuttichira. ..	8,000	332	do.
Improvements to Mala Kuzhur road. ..	14,500	2,627	do.
Constructing a well and waiting shed to Sub Registry Office, Alwaye. ..	1,000	..	Kunnathunad
Do. quarters for Police Staff at Alwaye ...	50,000	..	do.
Providing isolation ward in Government Hospital, Alwaye.	7,000	..	do.
Improvements to Kalady Manjapra road from Mookannoor junction. ..	5,000	..	do.
Constructing a bridge at Cheranalloor crossing on road from Ankamali to Manjapra ..	5,000	..	do.